TAB

# Trichur Archdiocesan Bulletin

2021 ഏപ്രിൽ വാല്യം: 88 ലക്കം: 04



**GOLGOTHA**
(Aramaic: "Skull")
also called Calvary -
the site of Jesus' Crucifixion.

ഈശോയുടെ കുരിശുമരണം (മത്തായി 27: 32–56)

# ആദരാഞ്ജലികൾ



## റവ. ഫാ. ഫ്രാൻസീസ് കരിപ്പേരി

ജനനം : 01.05.1938
തിരുപ്പട്ടം : 11.03.1964
മരണം : 25.02.2021




Trichur Archdiocesan Bulletin TAB

**ഏപ്രിൽ 2021**

ലക്കം:4 വാല്യം: 88


Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*


*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org


ESTD:1934


| | |
|---|---|
| ഇടയലേഖനം | 4 |
| സർക്കുലർ | 16 |
| കച്ചേരിക്കാര്യം | 22 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 25 |
| സഹായമെത്രാന്റെ പരിപാടികൾ | 27 |
| നാളാഗമം | 29 |
| നാമകരണ നടപടികൾ | 36 |
| ആദരാഞ്ജലികൾ | 40 |
| വൈദികർ | 44 |
| സന്യസ്തർ | 47 |
| പാസ്റ്ററൽ കൗൺസിൽ | 53 |
| സാമ്പത്തിക കാര്യാലയം | 54 |
| മതബോധനം | 55 |
| സ്ഥാപനങ്ങൾ | 60 |
| സംഘടനകൾ | 86 |

# ഇടയലേഖനം

## മാർ ആൻഡ്രൂസ് താഴത്ത്

743/ 2021 / 11.03.2021 P-1

ഈശോയിൽ സ്നേഹമുള്ള പ്രിയ വൈദികരേ, ബഹു. സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

കോവിഡ് മഹാമാരി ലോകത്തെ ഗ്രസിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. ഈ മഹാമാരി ഏറ്റവുമധികം പ്രതികൂലമായി ബാധിച്ചിട്ടുള്ള മേഖലകളിൽ പ്രധാനമായത് കുടുംബവും വിശ്വാസ ജീവിതവുമാണ്. അതിനാൽ സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമായ കുടുംബത്തെ കേന്ദ്രീകരിച്ചുള്ള അജപാലനത്തിന് സഭാപിതാക്കന്മാർ ആഹ്വാനം ചെയ്തിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തെക്കുറിച്ചും കുടുംബ വർഷത്തെക്കുറിച്ചും കൂടുതൽ പഠിക്കാനും തൃശ്ശൂർ അതിരൂപതയിലെ 2020–21 ലെ *കുടുംബവും പ്രാർത്ഥനാ ജീവിതവും* എന്ന അജപാലന പദ്ധതിയെക്കുറിച്ചും കർമ്മപദ്ധതികൾ ആവിഷ്കരിക്കാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നത്.

## 1. കുടുംബങ്ങളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം

പരിശുദ്ധ കന്യകാമറിയം കഴിഞ്ഞാൽ യേശുക്രിസ്തുവിന്റെ രക്ഷാകരദൗത്യവുമായി ബന്ധപ്പെട്ട് സഭ ഏറ്റവും കൂടുതൽ പ്രതിപാദിച്ചിട്ടുള്ളത് വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ചാണ്. വാഴ്ത്തപ്പെട്ട ഒമ്പതാം പീയൂസ് മാർപാപ്പ വിശുദ്ധ യൗസേപ്പിനെ കത്തോലിക്കാ സഭയുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചതിന്റെ ശതാബ്ദി ദിനത്തിൽ (8–12–2020) ഫ്രാൻസിസ് പാപ്പ പുറത്തിറക്കിയ മനോഹരമായ പ്രബോധനമാണ് *Patris Corde* അഥവാ *പിതൃഹൃദയത്തോടെ* എന്ന അപ്പസ്തോലിക ലേഖനം. അതോടുകൂടി വിശുദ്ധ യൗസേപ്പിതാവിന്റെ വർഷവും പ്രഖ്യാപിച്ചു. [*കുടുംബങ്ങളുട പാപ്പ* എന്ന് വിശേഷിപ്പിക്കപ്പെടുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1989 ഓഗസ്റ്റ് 15 ന് പുറപ്പെടുവിച്ച *Redemptoris Custos അഥവാ രക്ഷകന്റെ പാലകൻ* എന്ന അപ്പസ്തോലിക ഉദ്ബോധനം വിശുദ്ധ യൗസേപ്പിന്റെ വർഷം പ്രഖ്യാപിക്കുന്നതിന് പശ്ചാത്തലമൊരുക്കി. മേൽപ്പറഞ്ഞ മൂന്ന് മാർപാപ്പമാരും വിശുദ്ധ യൗസേപ്പിനെക്കുറിച്ച് പ്രഖ്യാപനവും പ്രബോധനവും നൽകിയത് പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ ദിനങ്ങളിലാണ്.] ക്രിസ്തു കേന്ദ്രമായുള്ള തിരുക്കുടുംബത്തിന്റെ പശ്ചാത്തലത്തിലാണ് പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും പ്രസക്തിയെക്കുറിച്ച് മാർപാപ്പമാർ പ്രതിപാദിക്കുന്നത്.

## 2. കുടുംബ വർഷം

സഭയുടെ അടിസ്ഥാന ഘടകം 'ഗാർഹികസഭ'യായ കുടുംബമാണ്. ഇന്ന് ഏറ്റവും കൂടുതൽ വെല്ലുവിളികൾ നേരിടുന്നത് കുടുംബമാണ്. കുടുംബത്തിന്റെ പ്രതിസന്ധി സഭയുടെ പ്രതിസന്ധിതന്നെയാണ്. ഇവയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും 2014ലും 2015ലും റോമിൽ വച്ച് മെത്രാൻമാരുടെ സിനഡ് കൂടുകയുണ്ടായി. സിനഡാനന്തര പ്രബോധനമായി ഫ്രാൻസിസ് മാർപാപ്പ പുറത്തിറക്കിയ *Amoris Laetitia* അഥവാ *സ്നേഹത്തിന്റെ സന്തോഷം* കൂടുതൽ പഠിക്കുന്നതിനും 'കുടുംബങ്ങളുടെ നവീകരണവും വീണ്ടെടുപ്പും' എന്ന ലക്ഷ്യത്തോടെ കുടുംബകേന്ദ്രീകൃത അജപാലനം ശക്തിപ്പെടുത്തുന്നതിനും വിശുദ്ധ യൗസേപ്പിന്റെ വർഷത്തിൽ തന്നെ കുടുംബ വർഷം കൂടി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ ദിനമായ 2021 മാർച്ച് 19 മുതൽ ആഗോള കുടുംബ സംഗമം നടക്കുന്ന 2022 ജൂൺ 26 വരെയാണ് ഈ കുടുംബവർഷം.

**3. കുടുംബത്തെക്കുറിച്ചുള്ള സഭാദർശനം** (CCC. 2201-2233)

കുടുംബത്തെക്കുറിച്ച് യേശു തിരുവചനങ്ങളിലൂടെ വ്യക്തമായ ദർശനം വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. എന്നാൽ സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനമായ കുടുംബത്തെക്കുറിച്ച് ദൈവികപദ്ധതിക്കു വിരുദ്ധമായ രീതിയിൽ പല പ്രചാരണങ്ങളും ഇന്ന് നടക്കുന്നു. അതിനാൽ കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പഠനങ്ങൾക്ക് ഊന്നൽ കൊടുക്കാനാണ് കുടുംബവർഷത്തിൽ നാം ശ്രമിക്കേണ്ടത്.

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കുകയും സന്താനപുഷ്ടിയുള്ളവരായി പെരുകാൻ സംവിധാനം ഒരുക്കുകയും (ഉത്.1: 26–28) അതിനായി അവരെ കുടുംബമായി യോജിപ്പിക്കുകയും ചെയ്തു (ഉത്. 2: 24; മർക്കോ. 9: 7 –9; മത്താ.19: 4–6).

ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയത് കുടുംബമായിട്ടാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക കുടുംബം; മൂന്ന് വ്യക്തികൾ ഒരു സ്വഭാവമായി ഐക്യപ്പെട്ട കുടുംബം; സ്നേഹമായ ദൈവം (1 യോഹ. 4:16) പരസ്പരം നല്കുകയും സ്വീകരിക്കുകയും ചെയ്യുന്ന സമർപ്പണത്തിൽ പൂർണ്ണമായും ഐക്യപ്പെട്ട ത്രിത്വം. ഈ മാതൃകയിലാണ് പുരുഷനും സ്ത്രീയും ദൈവവും കൂടി കുടുംബത്തിന് രൂപം കൊടുക്കുന്നത്. ദൈവമാണ് അവരെ യോജിപ്പിക്കുന്നത്. സ്നേഹം പങ്കുവെച്ച് പെരുകി വർദ്ധിക്കുന്ന സ്വഭാവമാണ് കുടുംബത്തിന് നല്കപ്പെട്ടിട്ടുള്ളത്. ഇതിനെതിരായ ചിന്താധാരകളാണ് ഇന്ന് കുടുംബത്തെയും അതുവഴി സഭയെയും സമൂഹത്തെയും തകർത്തുകൊണ്ടിരിക്കുന്നത്.

[*സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ ദൈവികപദ്ധതിയിലുള്ള കുടുംബത്തിന്റെ വിളിയെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ വ്യക്തമായി പഠിപ്പിക്കുന്നുണ്ട് (അദ്ധ്യായം 3). വിവാഹത്തെയും കുടുംബത്തേയും ക്രിസ്തു വീണ്ടെടുക്കുകയും (എഫേ. 5:21 –32) യഥാർത്ഥമായ എല്ലാ സ്നേഹവും പ്രവഹിക്കുന്ന രഹസ്യമായി പരിശുദ്ധത്രിത്വത്തിന്റെ സാദൃശത്തിൽ പുനഃസ്ഥാപിക്കുകയും ചെയ്തു. സൃഷ്ടിയിൽ ഉദ്ഭവിച്ചതും രക്ഷാകരചരിത്രത്തിൽ വെളിവാക്കപ്പെട്ടതുമായ ദാമ്പത്യ ഉടമ്പടി ക്രിസ്തുവിലും അവിടുത്തെ സഭയിലും പൂർണ്ണമായ അർത്ഥം കണ്ടെത്തുന്നു. ദൈവസ്നേഹത്തിന് സാക്ഷ്യം വഹിക്കാനും സംസർഗ്ഗത്തിന്റെ ജീവിതം നയിക്കാനും ആവശ്യമായ കൃപ യേശു തന്റെ സഭവഴി വിവാഹത്തിൻമേലും കുടുംബത്തിൻമേലും ചൊരിയുന്നു. ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഫ്രാൻസിസ് മാർപാപ്പ കുടുംബജീവിതത്തിലുണ്ടാകേണ്ട ലക്ഷ്യത്തെക്കുറിച്ചും ലക്ഷണത്തെക്കുറിച്ചും വിശദീകരിക്കുന്നുണ്ട് (സ്നേഹത്തിന്റെ സന്തോഷം നമ്പർ : 8*

*–30). കുടുംബജീവിതത്തിലെ പരസ്പര സ്നേഹവും സമർപ്പണവും (വിവാഹത്തിന്റെ ഐക്യവും അവിഭാജ്യതയും), മക്കൾക്ക് ജന്മം നല്കൽ, അവരെ വിശ്വാസത്തിൽ വളർത്തൽ, ത്യാഗത്തിന്റെയും സഹനത്തിന്റെയും അർത്ഥം, കുട്ടികളോടും പ്രായമായിട്ടുള്ളവരോടുമുള്ള ഉത്തരവാദിത്വം തുടങ്ങിയവ ഇവിടെ പ്രതിപാദ്യ വിഷയങ്ങളാണ് (സ്നേഹത്തിന്റെ സന്തോഷം നമ്പർ : 165–198). കൊറിന്ത്യക്കാർക്കെഴുതിയ ഒന്നാം ലേഖനം 13–ാം അദ്ധ്യായത്തിൽ കാണുന്ന സ്നേഹത്തിന്റെ പത്ത് ലക്ഷണങ്ങൾ വിശദീകരിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ട് (സ്നേഹത്തിന്റെ സന്തോഷം നമ്പർ: 89–164).*

*മാർപാപ്പ പറയുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിൻെറയും ഐക്യച്ഛായയിൽ വ്യക്തികളുടെ ഒരു കൂട്ടായ്മയായി മാറേണ്ടതിന് കുടുംബത്തെ ഒരു പുരുഷനും ഒരു സ്ത്രീക്കും അവരുടെ മക്കൾക്കുമായി ഭരമേല്പ്പിച്ചിരിക്കുന്നു എന്ന് ദൈവവചനം നമ്മോടു പറയുന്നു. കുട്ടികളെ ജനിപ്പിക്കുകയും വളർത്തുകയും ചെയ്യുക എന്നത് ദൈവത്തിന്റെ സർഗ്ഗാത്മക പ്രവർത്തിയുടെ പ്രതിഫലനമാണ്. അനുദിന പ്രാർത്ഥനയിൽ ഒന്നിക്കാനും ദൈവവചനം വായിക്കാനും ദിവ്യകാരുണ്യ സംസർഗ്ഗത്തിൽ പങ്കുചേരാനും അങ്ങനെ സ്നേഹത്തിൽ വളർന്ന്, പൂർവ്വാധികം പൂർണമായി പരിശുദ്ധാത്മാവ് വസിക്കുന്ന ആലയമായി തീരാനും കുടുംബം വിളിക്കപ്പെട്ടിരിക്കുന്നു (സ്നേഹത്തിന്റെ സന്തോഷം നമ്പർ : 29).*]

**4. തിരുക്കുടുംബത്തിന്റെ മാതൃക**

കുടുംബത്തിന്റെ അർത്ഥലക്ഷ്യങ്ങൾ മനസ്സിലാക്കാൻ നസ്രസ്സിലെ തിരുകുടുംബത്തിലേക്കു നോക്കേണ്ടതിന്റെ ആവശ്യകതയും ഫ്രാൻസിസ് മാർപാപ്പ സൂചിപ്പിക്കുന്നുണ്ട് *(സ്നേഹത്തിന്റെ സന്തോഷം നമ്പർ 30).* യേശുവിന്റെ പീഡാസഹനവും മരണവും ഉത്ഥാനവും മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് കാരണമായി. തിരുക്കുടുംബത്തിലെ അംഗങ്ങളിൽ കാണുന്ന സ്നേഹത്തിന്റെയും പരസ്പരദാനത്തിന്റെയും സഹനത്തിന്റെയും മൂല്യങ്ങളാണ് ഇന്നത്തെ കുടുംബത്തിനും രക്ഷയ്ക്ക് കാരണമാകുക. [*പരിശുദ്ധ കന്യകാമറിയം കാണിച്ചുതന്ന മാതൃക ദൈവവചനത്തിന് കാതോർത്തതിന്റെയും (ലൂക്ക. 1: 28–33) വചനം സംഗ്രഹിച്ചതിന്റെയും (ലൂക്ക.2:19,52) ദൈവഹിതത്തിന് വിധേയപ്പെട്ടതിന്റെയും (ലൂക്ക.1:38) വചനത്തിന് പരിശുദ്ധാത്മാവിനാൽ മാംസം കൊടുത്ത് സംവഹിച്ചതിന്റെയും (ലൂക്ക. 1: 35, 41–44; യോഹ. 1: 14) യേശുവിനെ ലോകത്തിന് പ്രദാനം ചെയ്തതിന്റെയും (ലൂക്ക. 2: 6; ഗലാ. 4:4) യൗസേപ്പിനോട് ചേർന്ന് അധ്വാനിച്ച്*

*ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ കുഞ്ഞിനെ വളർത്തിയതിന്റെയും (ലൂക്ക. 2: 52) സഹായം ആവശ്യമുള്ളവർക്ക് തിടുക്കത്തിൽ പോയി മധ്യസ്ഥയായതിന്റെയും (ലൂക്ക. 1: 39; യോഹ. 2: 2–5) ഹൃദയത്തിൽ വാൾ കടന്ന് (ലൂക്ക. 2: 35) കുരിശിന്റെ പിന്നാലെ നടന്നു നീങ്ങി വ്യാകുലമാതാവായതിന്റെയും (യോഹ. 19: 26–27; മർക്കോ. 15: 40; മത്താ. 27: 56) ഉത്ഥാനത്തിന്റെയും പരിശുദ്ധാത്മ അഭിഷേകത്തിന്റെയും സാക്ഷ്യത്തിലൂടെ (അപ്പ. 1: 14; 2: 4) പ്രത്യാശയുടെ പ്രതീകമായതിന്റേതുമാണ്.*]

ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ, വിശുദ്ധ യൗസേപ്പ് പിതൃഹൃദയത്തോടെ തിരുക്കുടുംബപാലകനായി പരിശുദ്ധകന്യകാമറിയത്തെയും ഉണ്ണിയേശുവിനെയും സംരക്ഷിച്ചു. അതുകൊണ്ടുതന്നെ സഭയുടെ മദ്ധ്യസ്ഥനായി. [*മറിയവുമായി വിവാഹം ഉറപ്പിച്ചിരുന്ന ഒരു സാധാരണ മനുഷ്യനായ വിശുദ്ധ യൗസേപ്പ് (മത്താ. 1: 18; ലൂക്കാ. 1: 28) നീതിമാനും (മത്താ. 1: 19) നീതിക്ക് കരുണയെന്നതിനേക്കാൾ ദൈവഹിതം എന്ന് നിർവചനം നൽകി അനുസരണമുള്ളവനായവനും (മത്താ. 1: 18–25) മറിയത്തെയും യേശുവിനെയും സ്വന്തമായി സ്വീകരിച്ചവനും (മത്താ. 1: 24), ദൈവികപദ്ധതിയും രാഷ്ട്രനിയമവുമനുസരിച്ച് ബെത്‌ലെഹമിലേക്ക് പോയവനും (ലൂക്കാ. 2: 1–7), കുഞ്ഞിനെ രക്ഷിക്കാൻ ഈജിപ്തിലേക്ക് ഓടിപ്പോയവനും (മത്താ. 2: 14), കുടുംബത്തെ സംരക്ഷിക്കാൻ മരപ്പണിക്കാരനായി അധ്വാനിച്ചവനും (മത്താ. 13: 55), അങ്ങനെ, രക്ഷാകരപദ്ധതിയിൽ നിഴലായി പ്രവർത്തിച്ചവനുമാണ്.*] അതുകൊണ്ടാണ് ഫ്രാൻസിസ് മാർപാപ്പ *പിതൃഹൃദയത്തോടെ* എന്ന പ്രബോധനത്തിൽ വിശുദ്ധ യൗസേപ്പിനെ സ്നേഹനിധിയും, അനുസരണയുള്ളവനും, സ്വീകരിക്കുന്നവനും, സർഗ്ഗാത്മകധൈര്യമുള്ളവനും, തൊഴിൽ ചെയ്യുന്നവനും, നിഴലുകൾക്കിടയിലുള്ളവനുമായ, പിതാവെന്ന് വിശേഷിപ്പിക്കുന്നത്. തിരുക്കുടുംബത്തിൽ കാണുന്ന ഈ ചൈതന്യം ആധുനിക കുടുംബങ്ങൾ സ്വായത്തമാക്കുകയാണ് കുടുംബങ്ങളെ സംരക്ഷിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം.

**5. കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ**

ആധുനിക കുടുംബങ്ങളുടെ അനുഭവങ്ങളെക്കുറിച്ചും നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും *സ്നേഹത്തിന്റെ സന്തോഷം* എന്ന പ്രബോധനത്തിൽ രണ്ടാം അധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്. വിശ്വാസരാഹിത്യത്താൽ കുടുംബങ്ങളെക്കുറിച്ചുള്ള ദൈവികപദ്ധതികളുടെ നിരാകരണമാണ് ഏറ്റവും വലിയ വെല്ലുവിളി. ആധുനിക സംസ്ക്കാരത്തിന്റെ നിഷേധവശങ്ങളായ ആപേക്ഷികവാദവും ഉപഭോഗസംസ്ക്കാരവും

ധാർമ്മികാധഃപതനവുമെല്ലാം ഈ വെല്ലുവിളിക്ക് പശ്ചാത്തലമായി നിൽക്കുന്നു. വിവാഹം വേണ്ട എന്ന ചിന്ത, വിവാഹമില്ലാതെ കൂടിത്താമസം, മക്കൾ വേണ്ട എന്ന മനോഭാവം, വിവാഹബന്ധത്തിന് പുറമേ കുട്ടികൾ ജനിക്കുന്ന അവസ്ഥ, വിവാഹേതര ബന്ധങ്ങൾ, വിവാഹമോചനത്തിന്റെ വർദ്ധന, സ്വവർഗ്ഗവിവാഹം, ബഹുഭാര്യത്വം, മദ്യവും മയക്കുമരുന്നും മൂലം തകരുന്ന കുടുംബങ്ങളും യുവജനങ്ങളും, ദാരിദ്ര്യം, തൊഴിലും വീടും ഇല്ലാത്തതിനാൽ വിവാഹജീവിതം വേണ്ടെന്ന് വയ്ക്കേണ്ടിവരുന്നവരുടെ വർദ്ധന, പ്രവാസജീവിതത്തിൽ പലപ്പോഴും കുടുംബാംഗങ്ങൾ വിവിധ സ്ഥലങ്ങളിലാകുന്ന അവസ്ഥ, പ്രായമായവർ ഏറിവരുന്നതും അവഗണിക്കപ്പെടുന്നതും മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങിയവ വളരെ ഗൗരവമായ പ്രതിസന്ധികളായി നില്ക്കുന്നു. ഭിന്നശേഷിക്കാരും സ്ത്രീകളും പാവപ്പെട്ടവരും മറ്റും പലപ്പോഴും അവഗണിക്കപ്പെടുന്നത് കുടുംബപ്രതിസന്ധികൾക്ക് കാരണമാകുന്നുണ്ട്. ഇന്ന് അന്യംനിന്ന് പോകുന്ന സമുദായമായി സീറോ മലബാർ സഭ മാറുകയാണ്. അതിന്റെ പ്രധാന കാരണം മക്കളുടെ എണ്ണത്തിലെ പേടിപ്പെടുത്തുന്ന രീതിയിലുള്ള കുറവും യുവജനങ്ങൾ നാടിന് പുറത്തേക്ക് പോകേണ്ടിവരുന്ന അവസ്ഥയുമാണ്. ഭ്രൂണഹത്യ, സ്വവർഗ്ഗവിവാഹം, വിവാഹമോചനം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രങ്ങളുടെ നയങ്ങൾ കുടുംബജീവിതത്തിന്റെ ലക്ഷ്യങ്ങൾക്ക് വിഘാതമായി നിൽക്കുന്നു. മാധ്യമങ്ങളുടെ അതിപ്രസരവും ദുരുപയോഗവും കുടുംബങ്ങളുടെ ഭദ്രതയെ തകർക്കുന്നുണ്ട്. കുടുംബപ്രാർത്ഥനയ്ക്കും കുടുംബങ്ങളുടെ വൈകാരിക ബന്ധത്തിനും സമയമില്ലാത്ത അവസ്ഥയും കുടുംബങ്ങളുടെ ഐക്യം നശിപ്പിക്കുന്നു. ഈ വെല്ലുവിളികളെ അതിജീവിക്കാൻ വേണ്ട പ്രാപ്തി നമ്മുടെ കുടുംബങ്ങൾക്ക് ഉണ്ടാകേണ്ടതിനുള്ള പിന്തുണയാണ് അജപാലന ശുശ്രൂഷയിലൂടെ കുടുംബങ്ങൾക്ക് നൽകേണ്ടത്. പ്രതികൂല സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് വിവേകപൂർവ്വകവും വിശ്വാസധിഷ്ഠിതവുമായ ജീവിതം നയിക്കാൻ കുടുംബങ്ങൾ ശ്രദ്ധാലുക്കളാകണം.

**6. കുടുംബവർഷവും തൃശ്ശൂർ അതിരൂപത അജപാലന പദ്ധതിയും**

കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കി കുടുംബപ്രേഷിതത്വം നടത്താനാണ് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നത്. കുടുംബങ്ങളുടെ വിശുദ്ധീകരണവും വളർച്ചയും ഐക്യവും ലക്ഷ്യം വച്ച് സാർവ്വത്രികസഭയോടു ചേർന്ന് 2016 ഓഗസ്റ്റിൽ നടന്ന സീറോ മലബാർ സഭയുടെ നാലാം മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലിയും 2018 മെയ് മാസത്തിൽ നടന്ന തൃശ്ശൂർ അതിരൂപതയുടെ മൂന്നാം അസംബ്ലിയും

കുടുംബത്തെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഇവയുടെ വെളിച്ചത്തിൽ അതിരൂപതയുടെ ഗവേഷണകേന്ദ്രമായ PAROC ന്റെയും PACT ന്റെയും സഹായത്തോടെ അഞ്ചു വർഷത്തേക്കുള്ള അതിരൂപത അജപാലന പദ്ധതി രൂപീകരിക്കുകയുണ്ടായി. *കുടുംബവും പ്രാർത്ഥനാ ജീവിതവും* എന്ന വിഷയത്തിന് ഊന്നൽ കൊടുത്തുകൊണ്ടാണ് 2020-21 കാലഘട്ടത്തിലെ പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നത്. ഈ അജപാലനപദ്ധതി പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കുടുംബത്തെയും അതുവഴി ഇടവകയെയും സഭയെയും നവീകരിക്കാൻ നമുക്കൊത്തൊരുമിച്ച് പരിശ്രമിക്കാം.

[*ലോകമിന്ന് കൊച്ചുഗ്രാമമായി മാറിക്കൊണ്ടിരിക്കുകയാണ്. മാറ്റങ്ങളുടെ വേഗത വലുതായിത്തീരുന്നു. തലമുറ വ്യത്യാസം പെട്ടെന്ന് ഏറിവരുന്നു. കമ്പ്യൂട്ടർ യുഗത്തിലെ കുട്ടികളുടെയും പഴയതലമുറയിലെ മാതാപിതാക്കളുടെയും ചിന്താരീതികളിലെ അന്തരം കുടുംബങ്ങളിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഇതിനെ സാമൂഹ്യമായും മാനസികമായും മതാത്മകമായും നേരിടേണ്ടതുണ്ട്. അതിനാൽ, പണ്ടത്തെ രീതിയിലുള്ള അജപാലനവും സഭാപ്രവർത്തനങ്ങളും ഇന്ന് മുഴുവനും പ്രസക്തമല്ല. കുടുംബപ്രേഷിതത്വത്തിനും ആധുനിക മാധ്യമങ്ങൾ വഴിയുള്ള സുവിശേഷവത്ക്കരണത്തിനും നാം സജ്ജമാകണം. യുവജനങ്ങൾക്ക് ഈ മേഖലയിൽ കൂടുതൽ പങ്കാളിത്തം നൽകണം.*]

**7. പ്രായോഗിക നിർദ്ദേശങ്ങൾ**

മേൽപ്പറഞ്ഞവയുടെ വെളിച്ചത്തിൽ നമ്മുടെ അതിരൂപതയിൽ പ്രാവർത്തികമാക്കാൻ താഴെ പറയുന്നവ നിർദ്ദേശിക്കുന്നു.

**1.** കുടുംബവർഷവും വിശുദ്ധ യൗസേപ്പുവർഷവും അജപാലന പദ്ധതിയുമായി ബന്ധപ്പെട്ട് നൽകപ്പെടുന്ന നിർദേശങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി പ്രതിനിധിയോഗത്തിൽനിന്ന് നിശ്ചയിച്ച PACT കമ്മറ്റി നേതൃത്വം കൊടുക്കണം. ഈ കമ്മറ്റിയുടെ കൺവീനർ, സെക്രട്ടറി എന്നിവരുടെ പേരുകൾ അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിലേക്കും PACT ഓഫീസിലേക്കും അയക്കേണ്ടതാണ്.

**2.** വിശുദ്ധ യൗസേപ്പുവർഷത്തിൽ പ്രാവർത്തികമാക്കാൻ നല്കപ്പെട്ട നിർദ്ദേശങ്ങളും (2021 ഫെബ്രുവരി ബുള്ളറ്റിനിലെ 1/2021 സർക്കുലർ) ഇടവകകളിലേക്ക് നൽകപ്പെട്ട 2020-2021 അജപാലന പദ്ധതിയിലെ നിർദ്ദേശങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഫ്രാൻസിസ് മാർപാപ്പ ആവശ്യപ്പെട്ടതുപോലെ *സ്നേഹത്തിന്റെ സന്തോഷം* എന്ന കുടുംബത്തെക്കുറിച്ചുള്ള പ്രബോധനമാണ് ഈ വർഷം പ്രധാന പഠനവിഷയമാക്കേണ്ടത്.

**3. കുടുംബവർഷത്തിൽ നമ്മുടെ അതിരൂപതാ അജപാലന പദ്ധതിയോട് ചേർന്ന് കുടുംബങ്ങളിൽ നടപ്പിലാക്കാവുന്ന ചില കർമ്മപദ്ധതികൾ താഴെ ചേർക്കുന്നു.**

1. കുടുംബപ്രാർത്ഥനക്ക് ഓരോ കുടുംബത്തിലും ഒരു പൊതുക്രമീകരണം രൂപപ്പെടുത്തുക. കുടുംബത്തിലെ എല്ലാവർക്കും ഒരുമിച്ച് പങ്കെടുക്കാവുന്ന പൊതുവായ ഒരു സമയം, പ്രത്യേക പ്രാർത്ഥനാമുറി/സ്ഥലം, നേതൃത്വം കൊടുക്കുവാൻ ഓരോരുത്തർക്കും ദിവസങ്ങൾ നിശ്ചയിക്കൽ തുടങ്ങിയവ അതിൽ ഉൾപ്പെടുത്താവുന്നതാണ്. കുടുംബപ്രാർത്ഥനക്ക് അതിരൂപതയിൽ നിന്ന് നൽകപ്പെട്ട മാർഗ്ഗരേഖ എല്ലാ കുടുംബങ്ങളും ഉപയുക്തമാക്കേണ്ടതാണ്. ഇതിന് സഹായകമായ കുടുംബ ലിറ്റർജി പുസ്തകവും താമസിയാതെ പ്രസിദ്ധീകരിക്കുന്നതാണ്.
2. ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തതുപോലെ എല്ലാ ദിവസവും ***സന്തോഷത്തിന്റെ മണിക്കൂർ*** (Happy Hour) അഥവാ 'മാധ്യമമുക്ത കുടുംബമണിക്കൂർ' (Digital Free Family Hour) ആചരിക്കുവാൻ ശ്രമിക്കുക. വൈകീട്ട് 6 മുതൽ 10 വരെയുള്ള സമയത്തിനിടയിൽ മാധ്യമങ്ങളും മറ്റു കാര്യങ്ങളും ഒഴിവാക്കി കുടുംബാംഗങ്ങളെല്ലാം ഒരുമിച്ചിരുന്ന് കുടുംബപ്രാർത്ഥനയിലും ഭക്ഷണത്തിലും കുടുംബവിശേഷങ്ങൾ പറയുന്നതിലും പങ്കുചേരുന്നതാണ് ഈ സന്തോഷത്തിന്റെ മണിക്കൂർ.
3. അതിരൂപതയുടെ മധ്യസ്ഥയായ പരി. അമലോത്ഭവമാതാവിന്റെ തിരുനാൾ ദിവസവും വിശുദ്ധ യൗസേപ്പു വർഷത്തിന്റെ സമാപന ദിവസവുമായ 2021 ഡിസംബർ 8 കുടുംബ നവീകരണ ദിനമായി ആചരിക്കുക.
4. പരമ്പരാഗതമായി നമ്മുടെ കുടുംബങ്ങളിൽ നിലനിന്നിരുന്ന ആചാരാനുഷ്ഠാനങ്ങൾ – ഉദാ. സ്തുതി ചൊല്ലൽ, ഉണരുമ്പോഴും ഉറങ്ങുമ്പോഴുമുള്ള പ്രാർത്ഥന തുടങ്ങിയവ – കുടുംബങ്ങളിൽ പ്രോത്സാഹിപ്പിക്കുക, വളർത്തിയെടുക്കുക.
5. മൂന്നുവർഷങ്ങൾ കൊണ്ട് കുടുംബമൊന്നിച്ച് (സാധ്യമല്ലെങ്കിൽ വ്യക്തിപരമായി) വി. ഗ്രന്ഥം മുഴുവൻ വായിക്കുക. ഇതിനു സഹായകമായി ബൈബിൾ അപ്പോസ്റ്റലേറ്റ് നൽകുന്ന കലണ്ടർ ഉപയോഗിക്കാവുന്നതാണ്.
6. കുടുംബാംഗങ്ങളൊന്നിച്ച് അതിരൂപതയിലെ ഏതെങ്കിലും ഒരു ജീവകാരുണ്യസ്ഥാപനം (ഉദാ. പീസ് ഹോം, ക്രിസ്റ്റീനാ ഹോം

സന്ദർശിക്കുക; അവിടെയുള്ള വ്യക്തികളുമായി ഇടപഴകുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരെ സഹായിക്കുവാനും സമയം കണ്ടെത്തുക. കുടുംബകൂട്ടായ്മ കൾ ഇക്കാര്യത്തിൽ നേതൃത്വം വഹിക്കേണ്ടതാണ്.

**4. ഇടവകകളിൽ നടപ്പിലാക്കാവുന്ന ചില കർമ്മപദ്ധതികൾ**

1. ആഘോഷമായ വി. കുർബാനസ്വീകരണ അവസരങ്ങളിലും മരണ അവസരങ്ങളിലും വ്യക്തിപരമായ വേദനയുടെ അവസരങ്ങളിലും വൈദികരും സമർപ്പിതരും ഭവനസന്ദർശനം നടത്തി, സഭയുടെ സാന്നിദ്ധ്യവും ആശ്വാസവും ഉറപ്പുവരുത്തുക.
2. വിശ്വാസപരിശീലകർ തങ്ങളുടെ ക്ലാസ്സിലെ കുട്ടികളുടെ ഭവനങ്ങൾ നിർബന്ധമായും വർഷത്തിലൊരിക്കലെങ്കിലും സന്ദർശിക്കുക.
3. വർഷത്തിലൊരിക്കലെങ്കിലും എല്ലാ വീടുകളിലും എത്തുന്ന വിധത്തിൽ വൈദികർ, സമർപ്പിതർ, അത്മായപ്രേഷിതർ എന്നിവർ ഉൾപ്പെടുന്ന രണ്ടുപേരുടെ ഒരു ടീം വീടുകൾ തോറും കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കുക.
4. ഓരോ ദിവസത്തിനും കുടുംബപ്രാർത്ഥനക്ക് പ്രത്യേകമായ പ്രാർത്ഥനാനിയോഗം തയ്യാറാക്കി പാരിഷ് ബുള്ളറ്റിനിൽ ഇടുക/ കുടുംബങ്ങൾക്ക് നൽകുക.
5. വർഷത്തിൽ ഒരു ദിവസമെങ്കിലും ഒരു കുടുംബത്തിലെ മുഴുവൻ അംഗങ്ങളും വി. കുർബാനയിൽ ഒരുമിച്ച് പങ്കെടുക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുക. അന്നേദിവസം അവരുടെ നിയോഗങ്ങൾക്കുവേണ്ടി വി. കുർബാനയിൽ പ്രാർത്ഥിക്കുക.
6. വിവാഹം കഴിക്കാൻ സാധിക്കാതെ വരുന്നവരുടെയും വിവാഹം വേണ്ടെന്നുവയ്ക്കുന്നവരുടെയും എണ്ണം കൂടി വരുന്നതിനാൽ അവരെ സഹായിക്കാൻ സാധിക്കുന്ന പ്രത്യേക പദ്ധതികളും സംഗമങ്ങളും സംഘടിപ്പിക്കണം. യഥാസമയം വിവാഹാന്തസ്സിൽ പ്രവേശിക്കാൻ മക്കളെ പ്രോത്സാഹിപ്പിക്കണം. ഫാമിലി അപ്പോസ്തൊലേറ്റ് ഇടവക-ഫൊറോന തലത്തിൽ സംഘടിപ്പിക്കുന്ന Life Preparation Retreat ൽ പങ്കെടുക്കാൻ യുവതീ-യുവാക്കളെ പ്രോത്സാഹിപ്പിക്കണം.
7. കുടുംബങ്ങളെയും ദമ്പതികളെയും യുവജനങ്ങളെയും സഹായിക്കുന്നതിന് Pre Cana - Post Cana Course കൾ

സംഘടിപ്പിക്കുന്നതിനും ഇടവകയിൽ Couples Ministry യിലൂടെ ദമ്പതികളെ ഗാർഹികസഭയായി വളർത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കണം. അതിരൂപതയിലെ സമർപ്പിത കുടുംബങ്ങളുടെ കൂട്ടായ്മയായ Legion of Apostolic Families (LOAF) ഇക്കാര്യത്തിൽ ആവശ്യമായ സഹായങ്ങൾ നൽകണം.

8. മിശ്രവിവാഹങ്ങൾ നാം പ്രോത്സാഹിപ്പിക്കുന്നില്ല. എങ്കിലും അകത്തോലിക്കരും അക്രൈസ്തവരുമായിട്ടുള്ള ദാമ്പത്യബന്ധങ്ങൾ സംഭവിക്കുന്നുണ്ടെങ്കിൽ, അങ്ങനെയുള്ള വ്യക്തികൾക്കും ദമ്പതികൾക്കും പ്രത്യേക അജപാലന സഹഗമനത്തിന് അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തോടു ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കണം.
9. നാലും അതിലധികവും കുട്ടികളുള്ള കുടുംബങ്ങളെ സഹായിക്കാൻ ഇടവകയിൽ പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണം.
10. പ്രായമായവർക്ക് ഒന്നിച്ചു കൂടാൻ സഹായിക്കുന്ന *പകൽവീടുകളും* കിടപ്പുരോഗികളെ സഹായിക്കുന്ന Palliative Care Unit ഉം (അഭയം പാലിയേറ്റീവ് കെയർ) സംഘടിപ്പിക്കുന്നത് നല്ലതാണ്.
11. അതിരൂപതയിലെ സാമൂഹ്യക്ഷേമകേന്ദ്രമായ സാന്ത്വനത്തോടു സഹകരിച്ച് ഓരോ ഇടവകയും ഭവനരഹിതർക്ക് ഭവനങ്ങൾ നിർമ്മിക്കാനും ഇടവകയെ പട്ടിണിരഹിത ഇടവകയാണെന്ന് ഉറപ്പുവരുത്താൻ പൊതിച്ചോറു നൽകൽ തുടങ്ങിയ പദ്ധതികളാവിഷ്ക്കരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

**5. പ്രത്യേക പരിപാടികൾ**

1. അതിരൂപത തലത്തിലുള്ള കുടുംബവർഷ ഉദ്ഘാടനം മാർച്ച് 19–ാം തിയ്യതി ഒല്ലൂരിൽ വച്ച് രാവിലെ 6:30 നുള്ള കുർബ്ബാനയോടുകൂടി നടത്തുന്നു.
2. വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ദിനമായ മാർച്ച് 19–ാം തിയ്യതി പിതൃസംഗമം വേലൂപ്പാടം പള്ളിയിൽ വച്ച് രാവിലെ 10:30 നുള്ള വി. കുർബ്ബാനയോടുകൂടി നടക്കുന്നു. അന്നേദിവസം വിശുദ്ധ യൗസേപ്പിന്റെ നാമത്തിലുള്ള ദൈവാലയങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതും വിശുദ്ധ യൗസേപ്പ് നാമധാരികളുടെ സംഗമങ്ങൾ സംഘടിപ്പിക്കുന്നതും നല്ലതാണ്. (ദണ്ഡവിമോചനത്തെക്കുറിച്ച് 2021 ഫെബ്രുവരി ബുള്ളറ്റിൻ 11,12 പേജുകൾ കാണുക.)

3. പാലയൂർ തീർത്ഥാടനം മാർച്ച് 21 ഞായറാഴ്ച്ചയാണ്. കോവിഡ് സാഹചര്യത്തിൽ പതിവുള്ള മഹാതീർത്ഥാടനം ലൂർദ് കത്തീഡ്രലിൽ നിന്നും വിവിധ മേഖലകളിൽ നിന്നും ഉണ്ടാകില്ലെങ്കിലും നോമ്പുകാല ചൈതന്യത്തിൽ വ്യക്തിപരമായി തീർത്ഥാടനം നടത്തുവാൻ ആഹ്വാനം ചെയ്യുന്നു. 21–ാം തിയ്യതി ഞായറാഴ്ച്ച നാല് മണിക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിയുടെ കാർമ്മികത്വത്തിൽ പാലയൂരിൽ വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.
4. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ നടത്തേണ്ടതാണ്. പെസഹാ വ്യാഴാഴ്ച കൂടുതൽ കുർബ്ബാനകൾ അർപ്പിക്കാൻ ഈ വർഷം അനുവാദമുണ്ട്; എങ്കിലും കാലുകഴുകൽ ശുശ്രൂഷ ഒരു പ്രാവശ്യമേ പാടുള്ളു.
5. ഫാമിലി അപ്പൊസ്സ്റ്റൊലെറ്റിന്റെ ആഭിമുഖ്യത്തിൽ 2021 മാർച്ച് 24 മുതൽ 28 വരെയുള്ള ദിവസങ്ങൾ വൈകീട്ട് (5.30 pm - 9.30 pm) ഓൺലൈൻ ധ്യാനം സംഘടിപ്പക്കുന്നു.

**8. ഉപസംഹാരം**

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരെ, ക്രിസ്തുവിന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരണമായ വലിയ ആഴ്ചയ്ക്ക് നാം ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. കോവിഡ് കാലഘട്ടത്തിൽ നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കിടയിലും ദൈവത്തിൽ ആശ്രയിച്ച്, ഉത്ഥാനത്തിന്റെ പ്രതീക്ഷയിൽ നമുക്ക് വ്യാപരിക്കാം. നമ്മുടെ കുടുംബങ്ങളുടെ നവീകരണത്തിനായി ഈ കുടുംബവർഷത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെയും പരി. അമ്മയുടെയും മദ്ധ്യസ്ഥതതേടി നമുക്ക് പ്രാർത്ഥിക്കാം. ഈ കുടുംബ–യൗസേപ്പു വർഷത്തെ ദൈവനുഗ്രഹത്തിന്റെ അവസരമാക്കിമാറ്റാൻ നമുക്ക് ഒരുമയോടെ പ്രവർത്തിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളേവരേയും ആശീർവ്വദിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB:

1. ഈ ഇടയലേഖനം 14/03/2021 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയും സാധിക്കുന്ന മാധ്യമങ്ങളിലൂടെ, പ്രത്യേകിച്ച് ഇടവക ബുള്ളറ്റിനിലൂടെ അതിരൂപതയിലെ വിശ്വാസികൾക്ക് അയച്ചുകൊടുക്കുകയും വേണം.

2. ബ്രാക്കറ്റിൽ/ഇറ്റാലിക്സിൽ എഴുതിയിട്ടുള്ളത് പള്ളിയിൽ വായിക്കണമെന്നില്ല. എന്നാൽ പ്രസിദ്ധീകരിക്കുമ്പോൾ പൂർണ്ണരൂപവും കൊടുക്കേണ്ടതാണ്. പ്രായോഗികനിർദ്ദേശങ്ങളെക്കുറിച്ചും പ്രത്യേക പരിപാടികളെക്കുറിച്ചും യുക്തമായ രീതിയിൽ ജനങ്ങളെ അറിയിക്കേണ്ടതാണ്.

3. കെ.സി.ബി.സി.യിൽ നിന്ന് പുറത്തിറക്കുന്ന സർക്കുലറിലെ ആശയങ്ങൾ ഈ ഇടയലേഖനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

+AT

# സർക്കുലർ

## പെസഹാവ്യാഴം പിരിവ്

741/2021
10.03.2021 C- 2

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

കോവിഡ് മഹാമാരിയെന്ന വിപത്തിനെ അതിജീവിക്കാനായി നാമെല്ലാം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നിങ്ങൾക്കെല്ലാവർക്കും എന്റെ പ്രത്യേക പ്രാർത്ഥനകൾ. മനുഷ്യനെ രക്ഷിക്കാൻ ഭൂമിയിൽ അവതീർണ്ണനായ യേശു തന്റെ ദൗത്യം നിർവ്വഹിച്ചത് പീഡാസഹനത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ്. ഈ രക്ഷാകരകർമ്മം ലോകാവസാനംവരെ യാഥാർത്ഥ്യവത്കരിക്കുന്നതിനാണ് യേശു പെസഹാവ്യാഴാഴ്ച സ്നേഹത്തിന്റെ കൂദാശയായ പരിശുദ്ധ കുർബ്ബാനയും അത് പരികർമ്മം ചെയ്യാൻ പൗരോഹിത്യവും സ്ഥാപിച്ചത്. പെസഹാവ്യാഴാഴ്ച വൈദികർക്കും വൈദികാർത്ഥികൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്ന ദിവസമാണ്. മാത്രമല്ല, വൈദിക പരിശീലനത്തിനുള്ള പ്രത്യേക സമർപ്പണവും പെസഹാദിനത്തോടനുബന്ധിച്ചാണ് നാം നടത്തുന്നത്.

വൈദികാർത്ഥികളോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും സാമ്പത്തികസഹായത്തിനും ഹൃദയപൂർവ്വം നന്ദിപറയുന്നു. ഈ വർഷം നമ്മുടെ അതിരൂപത യിൽനിന്ന് 35 പേരാണ് അതിരൂപതയ്ക്കും വിവിധ സന്ന്യാസ സമൂഹങ്ങൾക്കുംവേണ്ടി വൈദികരായി അഭിഷിക്തരായത്. അതിൽ 16 ഡീക്കന്മാർ തൃശ്ശൂർ അതിരൂപതയ്ക്ക് വേണ്ടിയാണ് തിരുപ്പട്ടം സ്വീകരി ച്ചത്. ഇപ്പോൾ തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വൈദിക പരിശീലന ത്തിലായിരിക്കുന്നത് മഡോണ മൈനർ സെമിനാരിയിൽ 44 പേരും ഡിഗ്രി പഠിക്കുന്നവർ 46 പേരും തിരുവില്വാമല ഗുരുകുലത്തിൽ 7 പേരും റീജൻസി ചെയ്യുന്നവർ 5 പേരും വിവിധ മേജർ സെമിനാരികളിൽ തത്വ ശാസ്ത്രം പഠിക്കുന്നവർ 26 പേരും ദൈവശാസ്ത്രം പഠിക്കുന്നവർ 27 പേരും കൂടി ആകെ 155 പേരാണ്. മേരിമാതാ സെമിനാരിയിൽ ഇപ്പോൾ 153 പേർ പഠിക്കുന്നുണ്ട്. ദൈവവിളികൾ പൊതുവേ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ദൈവവിളിക്കായി വിളവിന്റെ നാഥനോട് ശക്ത മായി പ്രാർത്ഥിക്കാനും ദൈവവിളി പ്രോത്സാഹിപ്പിക്കാനും ആഹ്വാനം ചെയ്യുന്നു.

പെസഹാവ്യാഴാഴ്ചയിലെ ദൈവജനത്തിന്റെ സമർപ്പണമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി, തൃശ്ശൂർ മേരിമാത മേജർ സെമിനാ രിയിലും നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മറ്റു സെമിനാരികളിലും പരി ശീലനം നേടുന്ന വൈദിക വിദ്യാർത്ഥികളുടെ പഠനചിലവിനായി പ്രധാ നമായും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഒരു വൈദിക വിദ്യാർത്ഥി ക്കുവേണ്ടി ഒരു വർഷം ഏകദേശം 70000 ത്തിലധികം രൂപ ചിലവഴി ക്കേണ്ടി വരുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ പെസഹാവ്യാഴം പിരിവിൽ നിങ്ങളുടെ ഉദാരമായ സഹകരണം പ്രതീക്ഷിക്കുന്നു. സാധിക്കുന്നവർ വൈദികവിദ്യാർത്ഥികൾക്കായി ബേഴ്സ് വയ്ക്കുന്നതിനും ആഹ്വാനം ചെയ്യുന്നു. മുൻവർഷങ്ങളിൽ നിങ്ങൾ നൽകിയ വലിയ സഹകരണ ത്തിന് നന്ദി പറയുന്നു. കോവിഡ് കാരണം 2020 ൽ പെസഹാവ്യാഴം പിരിവ് നമുക്ക് നടത്താൻ സാധിച്ചില്ല. എന്നാൽ ഒഴിവാക്കാൻ പറ്റാത്ത ഇപ്പോഴത്തെ സാമ്പത്തിക സാഹചര്യത്തിൽ 2021ൽ പതിവുപോലെ ഈ പിരിവ് നാം നടത്തുകയാണ്. ഈ വർഷവും ഈ സംരംഭത്തിൽ ഉദാര മനസോടെ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലേക്കും ഇതിനാവശ്യ മായ കവറുകൾ മേരിമാത സെമിനാരിയിൽ നിന്ന് എത്തിക്കുന്നതാണ്. ഈ കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച് ഈ വരുന്ന പെസഹാവ്യാഴാഴ്ച ഇടവകയിൽ സമർപ്പിക്കണമെന്ന് ഞാൻ സ്നേഹ

പൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ ഉദ്യമത്തിന് ഇടവകളിൽ നേതൃത്വം കൊടുക്കുന്നതിന് നന്ദി പറയുന്നു. പെസഹാവ്യാഴം കവർ പിരിവിലൂടെ സമാഹരിക്കുന്ന തുക അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ 2021 ഏപ്രിൽ 30നു മുൻപായി ഏൽപ്പിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ഈശോയുടെ പീഡാനുഭവരഹസ്യങ്ങളുടെ ഏറ്റവും അടുത്ത ദിവസങ്ങളിലേക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങളും ആഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

പ്രാർത്ഥനയുടെയും പങ്കുവയ്ക്കലിന്റെയും ഈ അവസരത്തിൽ വൈദികപരിശീലനത്തിനായി നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ നല്ലിടയനായ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലറിലെ വിവരം 2021 മാർച്ച് 21 (ഞായർ) എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും അറിയിക്കേണ്ടതാണ്.

# സർക്കുലർ

## അതിരൂപത കുടുംബകൂട്ടായ്മ
## ഗോൾഡൻ ജൂബിലി വർഷം

786/2021 C- 4
17.03.2021

ഈശോയിൽ വാത്സല്യം നിറഞ്ഞ വൈദീകരേ, സമർപ്പിതരേ, കുടുംബകൂട്ടായ്മ ഭാരവാഹികളേ, വാത്സല്യമുള്ള മക്കളേ,

സഭയുടെ അടിസ്ഥാന ഘടകമാണ് കുടുംബം. അതുകൊണ്ട് സഭയുടെ വളർച്ചയും തളർച്ചയും കുടുംബത്തിന്റെ വളർച്ചയെയും തളർച്ചയെയും ആശ്രയിച്ചിരിക്കുന്നു. ആയതുകൊണ്ട് കുടുംബത്തിന്റെ ഭദ്രതയും കെട്ടുറപ്പും നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ആദിമ ക്രൈസ്തവ കൂട്ടായ്മയ്ക്ക് ഉണ്ടായിരുന്ന ഗുണവിശേഷങ്ങളായ ഹൃദയത്തിന്റെ ഒന്നിപ്പ് (അപ്പ. 4: 32), വിശ്വാസത്തിന്റെ കൈമാറ്റം അഥവാ പ്രബോധനം, കൂട്ടായ്മ അപ്പം മുറിക്കലിലുള്ള സാഹോദര്യം, പ്രാർത്ഥന ( അപ്പ. 2: 42), സ്വത്ത് വകകൾ പങ്കിടുന്നതിനുള്ള ഔദാര്യം (അപ്പ. 4: 32–34), എന്നിവ വഴി കുടുംബങ്ങളെ – ഗാർഹിക സഭയെ – ഒരു സ്നേഹകുടുംബമാക്കി, കൂട്ടായ്മയാക്കി പടുത്തുയർത്തുക എന്ന ചിന്തയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് നമ്മുടെ കുടുംബകൂട്ടായ്മകൾ.

2021 മാർച്ച് 14-ാം തിയ്യതി ഔദ്യോഗികമായി നമ്മുടെ അതിരൂപത കുടുംബകൂട്ടായ്മ സുവർണജൂബിലിയുടെ ഉദ്ഘാടനം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് ഞാൻ തിരികൊളുത്തി ആരംഭം കുറിച്ചു. അതിരൂപത സ്നേഹത്തിൽ ഒരു കുടുംബം എന്ന ലക്ഷ്യത്തോടെ ഈ വർഷത്തേക്കുള്ള വാർഷിക പദ്ധതികളും ഇതിനോടൊപ്പം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഒരു അവസരത്തിൽ കുടുംബകൂട്ടായ്മകളുടെ അന്തസ്സത്തയിലേക്ക് ഇറങ്ങി ചെല്ലുന്നത് നന്നായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. ക്രിസ്തു എന്ന ഏകരക്ഷകനിൽ അടിയുറച്ച ആദിമ ക്രൈസ്തവ കൂട്ടായ്കളിലെ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ഓർമ്മകളാണ് ഓരോ കുടുംബകൂട്ടായ്മകളുടേയും ജീവചൈതന്യം. അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, അപ്പം മുറിക്കൽ, പ്രാർത്ഥന, കൂട്ടായ്മ എന്നിവയിൽ സദാ താൽപര്യപൂർവ്വം പങ്കുചേർന്നു . (അപ്പ. പ്ര. 2: 42) അപ്പസ്തോല പ്രവർത്തനത്തിൽ പറഞ്ഞിരിക്കുന്ന ആദിമ ക്രൈസ്തവരുടെ ഈ ചൈതന്യത്തിൽ പങ്കുചേരാവുന്ന വേദികളായിരിക്കണം ഓരോ കുടുംബകൂട്ടായ്മയും.

കുടുംബകൂട്ടായ്മകളുടെ ചരിത്രം എടുത്താൽ അഭിമാനിക്കാവുന്ന പാരമ്പര്യമാണ് തൃശ്ശൂർ അതിരൂപതക്കുള്ളത്. കേരള കത്തോലിക്കാ സഭയിൽ കുടുംബസമ്മേളനങ്ങൾ തുടങ്ങിയ ആദ്യകാല രൂപതകളിൽ ഒന്നാണ് തൃശ്ശൂർ അതിരൂപത. മാർ തോമാശ്ലീഹായുടെ 19-ാം ചരമ ശതാബ്ദി വർഷമായ 1972 ലാണ് തൃശ്ശൂർ അതിരൂപതയുടെ ചരിത്രത്തിൽ ആദ്യമായി കുടുംബസമ്മേളന കൂട്ടായ്മകൾ നിലവിൽ വന്നത്. ദിവംഗതനായ അഭിവന്ദ്യ മാർ കുണ്ടുകുളം പിതാവിന്റെ നേതൃത്വത്തിൽ തൃശ്ശൂർ നഗരം കേന്ദ്രീകരിച്ച് ലൂർദ്ദ് കത്തീഡ്രലിൽ ആരംഭിച്ച് പുത്തൻപള്ളി, സെൻ ആൻസ്, പൂങ്കുന്നം, പറവട്ടാനി, നെല്ലിക്കുന്ന്, കണ്ണംകുളങ്ങര എന്നീ ഏഴ് ഇടവകകളിലാണ് തൃശ്ശൂർ അതിരൂപതയുടെ ചരിത്രത്തിൽ ആദ്യമായി കുടുംബസമ്മേളനങ്ങൾ ആരംഭിച്ചത്. ഈ ഒരു സംരഭത്തിൽ കുണ്ടുകുളം പിതാവിനോട് ചേർന്ന് കുടുംബസമ്മേളനങ്ങൾക്ക് രൂപരേഖ തയ്യാറാക്കിയ അന്നത്തെ വികാരി ജനറാൾ പെ.ബ. ഐപ്പ് ഇരുമ്പൻ, ചാൻസലർ ബഹു. പോൾ ചിറ്റിലപ്പിള്ളി, ബഹു. ലോറൻസ് ഒലക്കേങ്കിൽ, ബഹു. വെർണർ ചക്കാലക്കൽ സി.എം.ഐ, ജോസഫ് ഏലിയാസ് സി.എം.ഐ എന്നിവരെ സ്നേഹപൂർവ്വം ഓർക്കുന്നു. 1978 നവീകരണ വർഷമായി തൃശ്ശൂർ അതിരൂപത ആഘോഷിച്ചപ്പോൾ അവിഭക്ത തൃശ്ശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ആരംഭിക്കാൻ കുണ്ടുംകുളം പിതാവ് ആഹ്വാനം ചെയ്തു.

പിതാവിനു ശേഷം വന്ന തൂങ്കുഴി പിതാവ് തന്റെ സൗമ്യവും മൃദുലവുമായ ശൈലിയിൽ കുടുംബകൂട്ടായ്മകൾക്ക് പുതിയ ദിശാബോധവും വളർച്ചയും നൽകി. ഇപ്പോൾ നാം ഒരുപടി കൂടി കടന്ന് കുടുംബകൂട്ടായ്മകൾ ഇടവകയുടെ നട്ടെല്ല് എന്ന തിരിച്ചറിവിൽ അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനായി ഭവനകൂട്ടായ്മകളും കുട്ടികൂട്ടായ്മകളും യുവജന കൂട്ടായ്മകളും രൂപീകരിച്ചിട്ടുണ്ട്. അംഗങ്ങൾ തമ്മിലും കുട്ടികൾക്കിടയിലും ഊടുറ്റ ബന്ധങ്ങൾ വളർത്താനും അവരെ സഭാപ്രവർത്തനത്തിൽ സജ്ജീവമാക്കാനും ഇത് ഉപകരിക്കുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

ഏറ്റവും നല്ല രീതിയിൽ കുടുംബകൂട്ടായ്മകൾ മുന്നോട്ട് പോകുമ്പോഴാണ് ഒരു വെല്ലുവിളി പോലെ കോവിഡ് മഹാമാരി നമ്മെ പരീക്ഷിച്ചത്. ഒരു വർഷത്തോളമായി കുടുംബ കൂട്ടായ്മകൾ കൂടാനാവാതെ നമ്മൾ പ്രാർത്ഥനയിൽ മാത്രം ഒന്നിക്കുകയായിരുന്നു. ഈ കോവിഡാനന്തര കാലത്ത് നമ്മുക്ക് കൂടുതൽ തീക്ഷണതയോടെ കുടുംബകൂട്ടായ്മകളിലേക്ക് മടങ്ങിച്ചെല്ലാം. വെല്ലുവിളികളെ എന്നും സഭയും വിശ്വാസികളും അതിജീവിച്ചിട്ടുണ്ട്. അതിലൂടെയാണ് സഭ എന്നും വളർന്നിട്ടുള്ളത്. ഈ ഒരു പ്രതിസന്ധിയെയും നമ്മുക്ക് നമ്മുടെ വിശ്വാസം കൊണ്ടും കുടുംബകൂട്ടായ്മകളിലെ സാന്നിധ്യം കൊണ്ടും മറികടക്കാം. പ്രത്യേകമായി ഈ കുടുംബകൂട്ടായ്മ സുവർണജൂബിലി വർഷത്തിൽ അതിരൂപത കുടുംബകൂട്ടായ്മ രൂപകൽപന ചെയ്ത വാർഷിക പദ്ധതികൾക്കൊപ്പം അതിരൂപത – ഫൊറോന – ഇടവക, കുടുംബ തലങ്ങളിൽ നമ്മുക്ക് ഒരുമിച്ച് മുന്നേറാം. ഈ ഒരു അവസരത്തിൽ അഭിവന്ദ്യ ടോണി പിതാവിനോടൊപ്പം അതിരൂപത കുടുംബകൂട്ടായ്മ നേതൃത്വത്തിലുള്ള എല്ലാവരേയും പ്രത്യേകം ഓർത്ത് അവർക്ക് അതിരൂപതയുടെ പേരിലുള്ള എല്ലാ നന്ദിയും അറിയിക്കുന്നു. ഈ സുവർണജൂബിലി വർഷത്തിൽ കുടുംബകൂട്ടായ്മ പ്രവർത്തനങ്ങൾ കൂടുതൽ സജ്ജീവമാകാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങളെ അറിയി ക്കേണ്ടതാണ്. +AT

# കച്ചേരി വാർത്തകൾ

ഏപ്രിൽ 2021

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1. ഏപ്രിൽ 1 : പെസഹാവ്യാഴം
2 : **പീഡാനുഭവവെള്ളി (ഉപവാസദിനം)**
ആദ്യവെള്ളി
3 : **വലിയ ശനി**
(ഇന്നു മുതൽ ത്രിത്വത്തിന്റെ തിരുനാൾ വരെ ത്രികാലജപം 'സ്വർല്ലോകരാജ്ഞി')
4 : ന. കർത്താവിന്റെ ഉയിർപ്പു തിരുനാൾ
**ഉയിർപ്പ് ഒന്നാം ഞായർ**
11 : **ഉയിർപ്പ് രണ്ടാം ഞായർ**
18 : **ഉയിർപ്പ് മൂന്നാം ഞായർ**
24 : വി. ഗീവർഗ്ഗീസ്
വി. മർക്കോസ് സുവിശേഷകൻ
25 : **ഉയിർപ്പ് നാലാം ഞായർ**
29 : സിയന്നായിലെ വി. കത്രീന

**2. ഏപ്രിൽ മാസത്തെ പരിപാടികൾ**

ഏപ്രിൽ 05 : ദൈവവിളിവാരം ആരംഭിക്കുന്നു
20 : 02:30 pm സ്ഥാപനഡയറക്ടർമാരുടെയോഗം
21 : 10:30 am അതിരൂപത ആലോചനസമിതി യോഗം
22 : 10:00 am ഏകദിന വൈദികസമ്മേളനം
24–25 : പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കുള്ള കോഴ്സ്

**3. ഉയിർപ്പുകാലം:**

ഉയിപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീത

ങ്ങളിലും ഉള്ളത്, ഈശോമിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയുംമേൽ അവിടുന്നു വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ആദിമസഭയിൽ മാമ്മോദീസ നല്കിയിരുന്നത് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചായിരുന്നു. വി. പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ "ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്" (റോമ. 6:4–5). ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ചവരുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു. അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു മാമ്മോദീസ നല്കുക ഉചിതമായിരിക്കും.

**4. പട്ടങ്ങൾ**

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന ശെമ്മാശ്ശന്മാർ മാർച്ച് 27ന് ഉച്ചകഴിഞ്ഞ് 2.00ന് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും വിവിധ പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

**a) മ്ശംശാനപ്പട്ടം**

| | | | |
|---|---|---|---|
| 1. | ഐനിക്കൽ എഡ്വിൻ | – ഒല്ലൂക്കര | (മേരിമാത) |
| 2. | ചിറ്റിലപ്പിള്ളി ആന്റണി | – പറപ്പൂർ | (മേരിമാത) |
| 3. | എടക്കളത്തൂർ ഗോഡ്വിൻ | – വെള്ളറക്കാട് | (കോട്ടയം) |
| 4. | കാഞ്ഞിരത്തിങ്കൽ അരുൺ | – അരിമ്പൂർ | (മേരിമാത) |
| 5. | കിഴക്കൂടൻ ഗോഡ്വിൻ | – തലോർ | (മേരിമാത) |
| 6. | മുട്ടത്ത് പോൾ | – പേരകം | (മേരിമാത) |
| 7. | നീലങ്കാവിൽ ഹാഡ്ലി | – മുക്കാട്ടുകര | (മേരിമാത) |
| 8. | ഒലക്കേങ്കിൽ ഡെബിൻ | – പാവറട്ടി | (ആലുവ) |
| 9. | പയ്യപ്പിള്ളി ജിനു | – വെളപ്പായ | (മേരിമാത) |
| 10. | പേരാമംഗലം ജാക്സൺ | – നെല്ലിക്കുന്ന് | (മേരിമാത) |
| 11. | തട്ടിൽ ചീനിക്കൽ ബെൻവിൻ | – നെടുപുഴ | (മേരിമാത) |
| 12. | വേലൂക്കാരൻ ജിയോ | – ഒളരിക്കര | (മേരിമാത) |

**b) ഹെവുപ്പദ്യാക്ക്നപ്പട്ടം**

| | | | |
|---|---|---|---|
| 1. | അരിമ്പൂർ ഡെറിൻ | – കാരമുക്ക് | (മേരിമാത) |
| 2. | പുലിക്കോട്ടിൽ ഡേവിസ് | – ചിറ്റാട്ടുകര | (മേരിമാത) |
| 3. | പുത്തൂർ ജോൺ | – വിയ്യൂർ | (മേരിമാത) |

**c) കാറോയപ്പട്ടം**

| | | | |
|---|---|---|---|
| 1. | ആലപ്പാട്ട് ജിയോ | – ആമ്പക്കാട് | (മേരിമാത) |
| 2. | ചൂണ്ടൽ ആൽബിൻ | – ചൂണ്ടൽ | (മേരിമാത) |
| 3. | എടക്കളത്തൂർ ജിജോ | – ഒരുമനയൂർ | (മേരിമാത) |
| 4. | പഴയേടത്ത് ജെയ്സൻ | – കുണ്ടുകാട് | (ആലുവ) |
| 5. | പൊന്നാരി നിഥിൻ | – നെന്മണിക്കര | (മേരിമാത) |
| 6. | പൊൻപറമ്പിൽ ബിജോയ് | – കുണ്ടന്നൂർ | (കോട്ടയം) |
| 7. | പുത്തൂക്കര ഫ്രാൻസിസ് | – വേലൂർ | (പൂനെ) |
| 8. | തേക്കാനത്ത് ക്രിസ്റ്റോ | – കോനിക്കര | (മേരിമാത) |
| 9. | വടക്കേത്തല പ്രിജോ | – തലോർ | (മേരിമാത) |
| 10. | വല്ലച്ചിറക്കാരൻ ഡിന്റോ | – മരിയാപുരം | (മേരിമാത) |

**5. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് പുത്തൂർ ഫൊറോന യിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**6. ഡയറക്ടറി – അനുബന്ധം:**

അതിരൂപതാഡയറക്ടറിക്ക് ഒരു അനുബന്ധം തയ്യാറാക്കിയിട്ടുണ്ട്. 2021ലെ വൈദികരുടെ സ്ഥലമാറ്റത്തിനുശേഷം പുതുക്കിയ അഡ്രസ്സും ഫോൺ നമ്പറും അടങ്ങുന്ന അനുബന്ധം റഫറൻസിനുള്ള സൗകര്യ ത്തിനുവേണ്ടി തയ്യാറാക്കിയിരിക്കുന്നു. 2017ലെ അതിരൂപതാഡയറക്ട റിയിൽ കൊടുത്തിരിക്കുന്ന മറ്റു വിശദാംശങ്ങൾ ഈ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

**7. ദൈവവിളിവാരാചരണം:**

2021 ഏപ്രിൽ 5 മുതൽ 10 വരെയാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളി കൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോ ലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന–ഉപവാസയജ്ഞം നടക്കും. വിശദാംശങ്ങൾ നോട്ടീ സിലൂടെ അറിയിക്കുന്നതാണ്.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGEMENTS

**Mar Andrews Thazhath**

**2021 APRIL**

| Date | Day | Time | Description |
|---|---|---|---|
| 01 | Thu | Morning | Maundy Thursday – Holy Mass at Basilica |
| 02 | Fri | Morning | Good Friday Celebrations at Lourdes Cathedral |
| | | Evening | Good Friday at Basilica |
| 03 | Sat | Night | Easter Eve at Lourdes Cathedral |
| 04 | Sun | | Easter |
| 05 | Mon | Morning | Jubilee at Cherpu Convent |
| 06 | Tue | Morning | Curia Meeting |
| 07 | Wed | Morning | Engaged |
| 08 | Thu | Morning | Holy Mass at MMB Ashramam, Mariyapuram |
| 09 | Fri | Morning | Curia Meeting |
| 11 | Sun | Morning | Online Mass at DBCLC - Vocation Week Conclusion, Chapel Blessing at Puthenpeedika |
| 12 | Mon | Morning | Jubilee of School of Sisters – Holy Mass at Lourdes Cathedral |
| 13 | Tue | Morning | Curia Meeting |
| | | Evening | Teacher’s Forum at Family Apostolate Centre |

| | | | |
|---|---|---|---|
| 14 | Wed | Evening | JMMC Trust Meeting |
| 15 | Thu | Morning | Prayer Day |
| 16 | Fri | | Curia Meeting |
| 17 | Sat | Morning | Holy Mass at St. Ann's Convent Thalikkode |
| | | Evening | Parent's Meet of the candidates for the Vestition at Archbishop's House |
| | | | Synaxis of SLMI Sister at West Fort |
| 20 | Tue | | Curia Meeting |
| 23 | Fri | Morning | Curia Meeting |
| 24 | Sat | Morning | Course for Pastoral Council Members at Marymatha Major Seminary |
| | | Evening | *Kooduthurakkal* at Pavaratty Shrine |
| 25 | Sun | | Course for Pastoral Council Members at Marymatha Major Seminary |
| 26 | Mon | | Mar Joseph Kundukulam Death Anniversary – Holy Mass at Lourdes Cathedral |
| 27 | Tue | | Curia Meeting |
| 29 | Thu | Morning | Final Profession of FCC Sister at Aluva |
| 30 | Fri | Morning | Curia Meeting |

# ENGAGE MENTS

**Mar Tony Neelankavil**

**2021 APRIL**

| Date | Day | Time | Programme |
|---|---|---|---|
| 1 | Thu | Morning | Holy Mass of Maundy Thursday: Lourdes Cathedral |
| 2 | Fri | Morning | Good Friday rites at Dolours's Church<br>Curia Meeting |
| 3 | Sat | Evening | Easter Eve Holy Mass: Lourdes Cathedral |
| 4 | Sun | Morning | Easter Morning Mass: Viyyur central jail |
| | | Evening | Easter Celebration in Civil district hospital |
| 5 | Mon | Morning | Holy Mass for the vocation week inauguration<br>Holy Mass - Kuttur |
| | | Evening | Holy Mass for the vocation camp for girls |
| 6 | Tue | Morning | Curia Meeting<br>Silver Jubilee Holy Mass -Nedupzha |
| 7 | Wed | Evening | Talk in view of Synaxis of MMB : Mariapuram |
| 8 | Thu | | |
| 9 | Fri | Morning | Curia Meeting |
| | | Evening | NBCLC Board virtual meeting |

| | | | |
|---|---|---|---|
| 10 | Sat | Morning | Marriage and Silver jubilee Mass: Pallikkunnu |
| | | Afternoon | Marriage: North Chalakudy |
| | | Evening | LRC History Seminar |
| 11 | Sun | Morning | Holy Mass: Kanakamala |
| 12 | Mon | Evening | Editorial Meeting of Catholicasabha |
| 13 | Tue | Morning | Holy Mass at Jeevanjyothi Kodakara |
| | | | Curia Meeting |
| | | | Teachers' guild farewell meeting |
| 14 | Wed | Evening | Jubilee Mission Hospital Trust Meeting |
| 15 | Thu | Morning | Vestition and First Profession - Chettupuzha |
| 16 | Fri | Morning | Curia Meeting |
| 17 | Sat | Morning | Holy Mass and Koodu thurakkal Chembookavu |
| | | | Parents' Meet of Brothers who prepare for vestition |
| | | Evening | LRC History Seminar |
| 19 | Mon | Morning | Silver Jubilee Celebrations - Mattom |
| 20 | Tue | Morning | Curia Meeting |
| | | After noon | Archdiocesan Institute Directors' Meeting |
| 21 | Wed | Morning | Consultors' Meeting |
| 22 | Thu | | One Day Priests' Conference |
| 23 | Fri | Morning | Curia Meeting |
| 24 | Sat | Morning | Course for Pastoral Council: MMMS |
| | | After noon | Vestition of CMC sisters: Parappur |
| | | Evening | LRC History Seminar |
| 25 | Sun | Morning | First Holy Communion - Lourdes Cathedral |
| | | | Course for Pastoral Council: MMMS |
| 26 | Mon | Morning | Silver Jubilee Celebration - FCC sisters |
| 27 | Tue | Morning | Curia Meeting |
| 28 | Wed | Morning | Marriage: Velur |
| 30 | Fri | | CSI Seminary Commissioning Ceremony: Trivandrum Kannamoola |

# നാളാഗമം

## ഫെബ്രുവരി 2021

1. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ ആശുപത്രിയിലെ ഒന്നാം വർഷ എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ കോഴ്സ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ നടത്തറയിലെ സി.എം.സി. കോൺവെന്റിൽ വി. ബലി അർപ്പിച്ചു. വൈകീട്ട് പറോക്കിന്റെ ചർച്ചയിൽ പങ്കെടുക്കുകയും രൂപത സോഫ്റ്റ്‌വെയറിന്റെ മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു.
2. അഭിവന്ദ്യ പിതാക്കന്മാർ വൈകീട്ട് നവവൈദികരെ കാണുകയും സന്ദേശം നൽകുകയും ചെയ്തു.
3. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി.യിൽ വച്ചു നടന്ന അതിരൂപത വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലത്തെ വൈദികസമ്മേളനത്തിലും നവവൈദികർക്കുള്ള സ്വീകരണത്തിലും പങ്കെടുക്കുകയും വൈകീട്ട് ഷംഷാബാദ് മിഷ്യനിൽ പോകുന്ന വൈദികരുടെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു.
4. അഭിവന്ദ്യ താഴത്ത് പിതാവ് കല്ലേറ്റുംകര സി.എച്ച്.എഫ്.

കോൺവെന്റിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം വലപ്പാട് കാർമ്മൽ സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചെങ്ങാലൂർ പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. ഉച്ചക്ക് പുതുക്കാട് പള്ളിയിലെ അച്ചൻമാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

5. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് എരനെല്ലൂർ പള്ളിയിൽ വി. ബലി അർപ്പിക്കുകയും കൈപ്പറമ്പിൽ പുതിയതായി പണിയുന്ന പള്ളിയിലേക്കുള്ള കുരിശും മണിയും ആശീർവദിക്കുകയും ചെയ്തു.
6. ചേറ്റുപുഴയിലെ എസ്.എ.ബി.എസ് സന്യാസ സമൂഹത്തിലെ രജത–സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മരിയാപുരം പള്ളിയിൽ വി. ബലി അർപ്പിക്കുകയും കൂടുതുറക്കൽ ശുശ്രൂഷക്ക് നേതൃത്വം നൽകുകയും മാന്നാനത്ത് അന്തരിച്ച ഫാ. കോൺസ്റ്റന്റൈൻ മണലേൽ അച്ചന് വേണ്ടി ഒപ്പീസ് ചൊല്ലുകയും ചെയ്തു. വൈകീട്ട് പുതുക്കാട് പള്ളിയിൽ വി. ബലി അർപ്പിക്കുകയും കൂടുതുറക്കൽ ശുശ്രൂഷക്ക് നേതൃത്വം നൽകുകയും ചെയ്തു.
7. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുളയത്തുള്ള ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ അതിരൂപത ക്രിമേഷൻ സെന്ററിന്റെ തറക്കല്ല് ഇടുന്ന ചടങ്ങിൽ പങ്കെടുത്തു. വൈകീട്ട് കെ. സി. വൈ. എം. ഇലക്ഷൻ മീറ്റിംഗിൽ പങ്കെടുത്തു.
8. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ മേരിമാതാ ദൈവാലയത്തിൽ വച്ചുനടന്ന ബഹു. പോൾ പയ്യപ്പിള്ളി അച്ചന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് പനംകുറ്റിച്ചിറ പള്ളിയിൽ പോൾ പയ്യപ്പിള്ളി അച്ചന്റെ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും സുവിശേഷ പ്രസംഗം നടത്തുകയും ചെയ്തു. വൈകീട്ട് കത്തോലിക്കസഭ പത്രത്തിന്റെ എഡിറ്റോറിയൽ മീറ്റിംഗിൽ സംബന്ധിക്കുകയും കാരമുക്കിലുള്ള ഫിലിപ്പ് നേരി കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും ചെയ്തു.
9. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്ക് അരമനയിൽ നിന്നും സ്ഥലം മാറി പോകുന്ന വൈദികരുടെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.
10. തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ആരംഭിച്ച മുലപ്പാൽ

ബാങ്കിന്റെ ഉദ്ഘാടനം അഭിവന്ദ്യ താഴത്ത് പിതാവ് നിർവ്വഹിച്ചു. അന്നേദിവസം വൈകിട്ട് സെന്റ് തോമാസ് കോളേജിൽ വച്ച് നടന്ന രാജ്യാന്തര കാർഷികമേളയായ *വൈഗ 2021* ന്റെ ഉദ്ഘാടന ചടങ്ങിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ എസ്.കെ.ഡി. കോൺവെന്റിൽ വി. ബലി അർപ്പിച്ചു. ഉച്ചക്ക് അരമനയിൽ നിന്നും സ്ഥലം മാറി പോകുന്ന വൈദികരെ യാത്രയാക്കാൻ പോയി.

11. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പടവരാടുള്ള പാവനാത്മ കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും ഉച്ച വരെ പാക്ടിന്റെ മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു. വൈകീട്ട് മേരീമാത സെമിനാരിയിലെ ബ്രദേഴ്സുമായി കൂടിക്കാഴ്ച്ച നടത്തി.
12. സ്വാന്തനത്തിന്റെ നേതൃത്വത്തിൽ മനക്കൊടിയിലും മറ്റത്തിലും നിർമ്മിച്ചു നൽകിയ ഭവനങ്ങളുടെ വെഞ്ചരിപ്പ് അഭിവന്ദ്യ താഴത്ത് പിതാവ് നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കൂരിയ മീറ്റിങ്ങിലും മൈനർ സെമിനാരിയുടെ എക്സിക്ക്യൂട്ടീവ് മീറ്റിംഗിലും പങ്കെടുത്തു. ഉച്ചകഴിഞ്ഞ് വെള്ളാറ്റഞ്ഞൂർ പള്ളിയിൽ പ്ളാറ്റിനം ജൂബിലി വർഷ സമാപനത്തോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും ചെയ്തു. വൈകീട്ട് മെത്രാന്മാർക്കുള്ള ധ്യാനത്തിൽ പങ്കെടുത്തു.
13. അഭിവന്ദ്യ താഴത്ത് പിതാവ് സമരിറ്റൻ സന്യാസസമൂഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തിയിലുള്ള ലൂർദ് ഹോസ്പിറ്റലിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. അന്നേദിവസം ഉച്ചകഴിഞ്ഞ് അടാട്ട് അക്കരപറമ്പൻ ദേവസ്സി സൈമണിന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്കയിൽ തൽസമയം വി. ബലി അർപ്പിക്കുകയും കോട്ടപ്പടിപള്ളിയിൽ ഒരു കുഞ്ഞിന് മാമ്മോദീസ നൽകുകയും ചെയ്തു. ഉച്ചക്ക് ശേഷം കത്തോലിക്ക കോൺഗ്രസിന്റെ മീറ്റിംഗിൽ പങ്കെടുക്കുകയും വൈകീട്ട് വലക്കാവ് പള്ളിയിൽ കപ്പേള വെഞ്ചിരിക്കുകയും ചെയ്തു.
14. അഭിവന്ദ്യ താഴത്ത് പിതാവ് പല്ലിശ്ശേരി സെന്റ് മേരിസ് ദൈവാലയത്തിന്റെ ശതോത്തര രജത ജൂബിലിയോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബ്ബാനയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. അന്നേദിവസം ഉച്ചകഴിഞ്ഞ് തിരുക്കുടുംബ സന്യാസസമൂഹത്തിന്റെ ഇലക്ഷനിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് തിരുവന്തപുരത്ത് ചങ്ങ

നാശ്ശേരി രൂപതയുടെ കീഴിലുള്ള ലൂർദ് ഫൊറോന പള്ളിയിൽ തിരുന്നാൾ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

15. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ലൂർദ് കത്തീഡ്രലിൽ വച്ച് നടന്ന വിഭൂതിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. അന്നേദിവസം വൈകിട്ട് പാലയൂർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ വച്ചു നടന്ന വ്രതാരംഭ കൂട്ടായ്മയുടെ ഭാഗമായുള്ള തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുത്തൻപള്ളിയിൽ വിഭൂതി കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും സെന്റ് തോമസ് കോളേജിന്റെ നിർഫ് ഡാറ്റ പ്രസന്റേഷൻ മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. വൈകീട്ട് അകാലത്തിൽ മരണമടഞ്ഞ 10 കുട്ടികളുടെ അപ്പനായ അടാട്ട് സൈമണിന്റെ വീട് സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും സാന്ത്വനം ടീമിന്റെ സഹായകിറ്റ് നൽകുകയും ചെയ്തു.

16. നോമ്പുകാലത്തിനൊരുക്കമായുള്ള അതിരൂപത വൈദികർക്കുള്ള മാസധ്യാനത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് അതിരൂപതയിലെ വൈദികർക്കായി ഡി.ബി.സി.എൽ.സി.യിൽ നടത്തിയ മാസധ്യാനത്തിലും വൈദിക സമ്മേളനത്തിലും പങ്കെടുത്തു.

17. മാരാമൺ രാജ്യാന്തര കൺവെൻഷനിലെ എക്യുമെനിക്കൽ സമ്മേളനത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് സന്ദേശം നൽകി. അന്നേദിവസം മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവിനെ സന്ദർശിച്ച് ജൂബിലി മംഗളങ്ങൾ നേർന്നു. അഭിവന്ദ്യ ടോണി പിതാവ് വൈകീട്ട് അരമനയിൽ വച്ച് നടന്ന മീഡിയ കത്തോലിക്കയുടെ മീറ്റിംഗിലും പറോക്ക് മീറ്റിംഗിലും പങ്കെടുത്തു.

18. തൃശ്ശൂർ അതിരൂപതയിലെ വൈദികനായ പുളിക്കൻ ജോസഫച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ താഴത്ത് പിതാവ് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലാലൂർ ക്രിമേഷൻ സെന്ററിൽ അന്തരിച്ച അഭിവന്ദ്യ പാസ്റ്റർ നീങ്കാവിൽ പിതാവിന്റെ മൃതദേഹം ദഹിപ്പിക്കുന്നതിന്റെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും അന്തരിച്ച ബഹു. ജോസഫ് പുളിക്കനച്ചന്റെ മൃതദേഹ സംസ്ക്കാര കർമ്മത്തിലെ വസതിയിലെ ശുശ്രൂഷക്ക് നേതൃത്വം നൽകുകയും തുടർന്ന് അരണാട്ടുക്കര പള്ളിയിൽ നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും

ചെയ്തു. ഉച്ച കഴിഞ്ഞ് അന്തരിച്ച അഭിവന്ദ്യ പാസ്റ്റർ നീങ്കാവിൽ പിതാവിന് വേണ്ടി സാഗർ ഭവനിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും വൈകീട്ട് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിലും മീഡിയ കമ്മീഷന്റെ മീറ്റിംഗിലും അതിരൂപതയിൽ നിന്ന് മിഷന് പോകുന്ന വൈദികരുടെ മീറ്റിംഗിലും പങ്കെടുത്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ഹോളി ഫാമിലി സന്യാസസമൂഹത്തിന്റെ നവജ്യോതി പ്രോവിൻഷ്യൽ ഹൗസിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അന്തരിച്ച അഭിവന്ദ്യ പാസ്റ്റർ നീങ്കാവിൽ പിതാവിന്റെ മൃതദേഹ സംസ്ക്കാര കർമ്മത്തിലെ വസതിയിലെ ശുശ്രൂഷക്ക് നേതൃത്വം നൽകുകയും തുടർന്ന് അരണാട്ടുക്കര പള്ളിയിൽ നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു. വൈകീട്ട് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഡോക്ട്രിനൽ കമ്മീഷന്റെ മീറ്റിംഗിലും ജൂബിലി മിഷ്യൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിലും പങ്കെടുത്തു.

20. കാച്ചേരി സെന്റ് മേരിസ് മൈനർ സെമിനാരിയിൽ വച്ച് നടന്ന മാതാപിതാക്കളുടെ സംഗമത്തോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിക്കുകയും തുടർന്നു നടന്ന മീറ്റിംങ്ങിൽ പങ്കെടുക്കുകയും ചെയ്തു. അന്നേദിവസം ഉച്ചകഴിഞ്ഞ് മുളയം മേരിമാതാ മേജർ സെമിനാരിയൽ വച്ച് സ്റ്റാഫംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പല്ലിശ്ശേരിയിൽ ശാന്തി ഭവൻ പാലിയേറ്റീവ് ആശുപത്രിയിൽ വി. ബലി അർപ്പിക്കുകയും വയോജന ഗ്രാമത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവ്വഹിക്കുകയും വേലൂർ പള്ളിയിൽ ബഹു. ജോജു പനക്കൽ അച്ചന്റെ മരണമടഞ്ഞ അമ്മക്കു വേണ്ടി വി. ബലി അർപ്പിക്കുകയും ചെയ്തു. വൈകീട്ട് മേരീമാതാ സെമിനാരിയിലെ സ്റ്റാഫുമായി കൂടിക്കാഴ്ച്ച നടത്തി.

21. തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ വച്ച് ബൈബിൾ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഉദ്ഘാടനം അഭിവന്ദ്യ താഴത്ത് പിതാവ് നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്കയിൽ തൽസമയം വി. ബലി അർപ്പിച്ചു.

22. പറോക്കിന്റെ നേതൃത്വത്തിൽ അസിസ്റ്റന്റ് വികാരിമാർക്കായി ഡി. ബി.സി. എൽ.സി.യിൽ വച്ച് നടന്ന Ongoing Formation ന്റെ ഭാഗമായുള്ള കോഴ്സ് അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഡി. ബി. സി. എൽ. സിയിൽ വച്ച് നടത്തപ്പെട്ട കൊച്ചച്ചന്മാരുടെ തുടർപരിശീലന പ്രോഗ്രാമിന്റെ ഉദ്ഘാടന മീറ്റിംഗിൽ പങ്കെടുത്തു.


23. ഫാമിലി അപ്പസ്തോലേറ്റിൽ വച്ചു നടന്ന റേഷൻ കാർഡ് വിതരണത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ താഴത്ത് പിതാവ് നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ എസ്.കെ.ഡി. കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും കൂരിയ മീറ്റിംഗിങ്ങിൽ പങ്കെടുക്കുകയും ചെയ്തു. വൈകീട്ട് ഫാമിലി അപ്പോസ്റ്റലേറ്റിന്റെ അതിരൂപതയിലെ സമർപ്പിതർക്ക് റേഷൻ കാർഡ് നൽകുന്നതിന്റെ മീറ്റിംഗിൽ പങ്കെടുത്തു.
24. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കണ്ടശ്ശാംകടവ് പള്ളിയിൽ മരണമടഞ്ഞ ബഹു. ലൂയിസ് ചാലക്കൽ അച്ചന്റെ 41–ാം ചരമദിനത്തിൽ വി. ബലി അർപ്പിച്ചു. വൈകീട്ട് അരമനയിൽ ഫൈനാൻസ് കൗൺസിലിൽ പങ്കെടുത്തു.
25. മേരിമാതാ മേജർ സെമിനാരിയിൽ വച്ചു നടന്ന പറോക്കിന്റെ ട്രസ്റ്റ് മീറ്റിംങ്ങിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പൂമല പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും അരമനയിൽ കൺസട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. വൈകീട്ട് മേരീമാതാ സെമിനാരിയിൽ പറോക്ക് ട്രസ്റ്റ് മീറ്റിംഗിലും ഡി.ബി.സി.എൽ.സി.യിലെ വൈദീകരുടെ മീറ്റിംഗിലും പങ്കെടുത്തു.
26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കോലഴി ചാരിറ്റി ജനറലേറ്റിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. പറപ്പൂക്കര ഇടവക ദൈവാലയത്തൽ വച്ച് തൃശ്ശൂർ അതിരൂപതാംഗമായ ഫാ. ഫ്രാൻസിസ് കരിപ്പേരിയുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ താഴത്ത് പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പടവരാടുള്ള പാവനാത്മ കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും ഉച്ചക്ക് സെന്റ് തോമസ് കോളേജിൽ ഒരു ഇന്റർവ്യൂ മീറ്റിംഗിലും പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്ക് അന്തരിച്ച ബഹു. ഫ്രാൻസ്സിസ് കരിപ്പേരി അച്ചന്റെ മൃതദേഹ സംസ്ക്കാര കർമ്മത്തിലെ വസതിയിലെ ശുശ്രൂഷക്ക് നേതൃത്വം നൽകുകയും തുടർന്ന് ഇരിങ്ങാലക്കുട രൂപതയിലെ പറപ്പൂക്കര പള്ളിയിൽ നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു. വൈകീട്ട് സെന്റ് തോമസ് കോളേജിൽ ട്രസ്റ്റ് മീറ്റിംഗിലും പങ്കെടുത്തു.
27. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്കയിൽ തൽസമയം വി. ബലി അർപ്പിക്കുകയും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ റിട്ടയർമെന്റ് മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

ശേഷം ബഹു. വിമൽ റോസിന്റെ എസ്.എസ്.ജെ.ഡബ്ള്യൂ. സിസ്റ്റ റിന്റെ പീച്ചി കോൺവെന്റിലും തുടർന്ന് പീച്ചി പള്ളിയിലും നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയ്ക്ക്  കാർമ്മികത്വം വഹിച്ചു. വൈകീട്ട് സെന്റ് തോമസ് കോളേജിൽ ഒ.എസ്. എ. മീറ്റിംഗിലും പങ്കെടുത്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് നെല്ലിക്കുന്ന് ഇടവകാംഗ മായ ഏ. ഡി ഷാജുവിന്റെ 12–ാമത് പുസ്തകമായ *നസ്രത്തിലെ ജോസഫ്* ആർച്ച് ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന ചടങ്ങിൽ പ്രകാ ശനം ചെയ്തു. അന്നേദിവസം വൈകിട്ട് ലൂർദ് പള്ളിയങ്കണത്തിൽ വച്ച് കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ വിവിധ ആവശ്യങ്ങളു ന്നയിച്ച് അതിരൂപതയിലെ ഫൊറോനകളിലൂടെ നടത്തിയ വാഹന പ്രചരണ ജാഥയുടെ സമാപന സമ്മേളനത്തിൽ പങ്കുചേർന്നു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അടാട്ട് പള്ളിയിൽ വി. ബലി അർപ്പിക്കുകയും ഇടവകയിലെ പറോക്ക് അജപാലന പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും അന്തരിച്ച തൃശ്ശൂർ ജില്ലയിലെ സീനി യർ അഭിഭാഷകനും അതിരൂപത മുൻ പാസ്റ്ററൽ കൗൺസിൽ അംഗവും ആയിരുന്ന ശ്രീ. ഇ.പി. ജോർജ്ജിന്റെ നിര്യാണത്തിൽ തൊയക്കാവിലുള്ള വസതിയിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ഉച്ചക്ക് ശേഷം ഫാമിലി അപ്പോസ്റ്റ ലേറ്റിൽ മെറിറ്റ് ഡേയിൽ പങ്കെടുത്തു. വൈകീട്ട് ഫ്രത്തെല്ലി തൂത്തി എന്ന ചാക്രികലേഖനത്തെ  കുറിച്ചുള്ള കെ.സി.ബി.സി. ഡോക്രൈനൽ കമ്മീഷന്റെ വെബിനാർ ഉദ്ഘാടനം ചെയ്തു. രാത്രി ലൂർദ് പള്ളിയിൽ അതിരൂപത കെ. സി. വൈ. എമ്മിന്റെ നേതൃത്വത്തിൽ നടന്ന വാഹന പ്രചാരണ ജാഥയുടെ സമാപന സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ദൈവവിളിയുടെ വിചിന്തനങ്ങളിലൂടെ നാം കടന്നുപോകുന്ന ഏപ്രിൽ മാസത്തിൽ നന്മയിലേക്കും പുണ്യജീവിതത്തിലേക്കും ഈശോ നമ്മെ വിളിക്കുന്നതിനെപ്പറ്റി അന്തോണിയച്ചൻ നല്കുന്ന ഉപദേശങ്ങൾ നമുക്കു മനസ്സിലാക്കാം.



ലാസർ മരിച്ച് മൂന്നു ദിവസമായപ്പോൾ ഈശോ ലാസറിന്റെ ഭവനത്തിന്റെ പടിക്കൽ വന്നുനിന്ന് മർത്തായോട് മേരിയെ കൂട്ടിക്കൊണ്ടുവരാൻ പറഞ്ഞത് നാം സുവിശേഷത്തിൽ കാണുന്നു. യേശുവിൽ നിന്ന് നാം അകന്നു എന്നുള്ളത് നമ്മുടെ ബോധം മനസ്സിലാക്കി ഹൃദയമാകുന്ന മേരിയെ കൂട്ടിക്കൊണ്ടു വരുന്നതായി അച്ചൻ സങ്കല്പ്പിക്കുന്നു. നാം തന്നെ യേശുവിൽനിന്നകന്നപ്പോഴും അവിടുന്ന് നമ്മെ കൈവിട്ടില്ല എന്ന് ഓർക്കുക. ലാസർ മരിച്ചിട്ട് മൂന്നു ദിവസമായെങ്കിലും ലാസറിനെക്കുറിച്ചുള്ള ചിന്ത ഈശോയിലുണ്ടായിരുന്നു. ധൂർത്തപുത്രനോടുകൂടി പിതാവ്


പോയില്ലെങ്കിലും ഹൃദയം കൊണ്ട് അവനെ അനുഗമിച്ചിരുന്നു.
ജറീക്കോ പട്ടണം പിടിച്ചെടുക്കുവാൻ വാഗ്ദാനപേടകവുമായി പട്ടണമതിലുകൾ ചുറ്റും വലംവച്ച ഇസ്രായേൽക്കാരെപ്പോലെ (ജോഷ്വാ 6, 1–2) നമ്മുടെ ഹൃദയത്തിൽ തനിക്കൊരു പ്രവേശനം കിട്ടുമോയെന്നന്വേഷിച്ച് ദിവ്യരക്ഷകൻ നമ്മുടെ ഹൃദയങ്ങളുടെ ചുറ്റും നടക്കുന്നു.
ഈശോയ്ക്ക് നമ്മുടെ മേൽ എല്ലാ അവകാശങ്ങളുമുണ്ടെന്ന് അച്ചൻ ഓർമ്മിപ്പിക്കുന്നു. അവിടുന്നിൽ നിന്നുള്ളതല്ലാതെ നമുക്കൊന്നുമില്ല. ആകയാൽ അവിടുത്തെ നാം പിഞ്ചെല്ലണം.
പിശാചിനെ ഉപേക്ഷിക്കാമെന്ന് മാമ്മോദീസായിൽ നല്കിയ വാഗ്ദാനം മൂലവും നാം യേശുവിനെ അനുഗമിക്കണം. നാം നടത്തുന്ന വ്രതങ്ങൾ അതിലേക്കുള്ള നമ്മുടെ വിളി – ഇവ മുലം നാം ഈശോയെ അനുഗമിക്കണം.
നാം പ്രവേശിക്കുന്ന ജീവിതാന്തസ്സിൽ നാം ഈശോയുടെ പ്രതിനിധികളാകേണ്ടവരാണ് എന്ന സത്യവും ഈശോയെ അനുഗമിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.
ഈശോയെ വിശ്വസ്തതാപൂർവ്വം പിഞ്ചെല്ലാൻ ഉള്ള കൃപക്കായി നമുക്കു അന്തോണിയച്ചന്റെ മാദ്ധ്യസ്ഥം യാചിക്കാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

**നിന്നെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂക്ഷിക്കുക.**
***(2 തിമോ. 1:14)***

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

കോവിഡ് 19 എന്ന മഹാവ്യാധിയുടെ കാലത്തും അവിടുന്ന് നമ്മെ പരിപാലിച്ചുകൊണ്ടിരിക്കുന്ന ദൈവം ഏറ്റവും വലിയ ഉദാരവാനാണ്. പിതാവിന്റെ ഉദാരതയുടെ മറ്റൊരു വെളിപ്പെടുത്തലാണ് രക്ഷകനായ ഈശോ. തന്റെ ജീവൻ ബലിയർപ്പിച്ച് മാനവകുലത്തെ പാപത്തിൽ നിന്നും മോചിപ്പിച്ചാണ് അവിടുന്ന് തന്റെ ഉദാരത പ്രകടിപ്പിച്ചത്. യേശുവിന്റെ സഹോദരങ്ങളെയും നിത്യപിതാവിന്റെ എല്ലാ മക്കളെയും സ്നേഹിക്കുകയും ആരെയും വെറുക്കാതിരിക്കുകയും ആർക്കും സഹായം നിഷേധിക്കാതിരിക്കുകയും ചെയ്യണമെന്ന പ്രതിജ്ഞയെടുത്ത ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനും സ്വന്തമായുണ്ടായിരുന്നത് ഈ ഉദാരതയെന്ന പരിശുദ്ധാത്മാവിന്റെ ഫലമാണ്. അതിനാൽ തന്റെ ജീവിതദർശനമായി അദ്ദേഹം ഇപ്രകാരം എഴുതി: " നാം ഔദാര്യമനസ്സോടും അനുകമ്പയോടും കൂടെ പ്രവർത്തിക്കുകയും സംസാ



രിക്കുകയും അങ്ങനെ ഫലം നിറഞ്ഞ ശിഖരങ്ങളും വൃക്ഷങ്ങളും ആയി ത്തീരുകയും വേണം.'' ഇത് പ്രാവർത്തീകമാക്കിയതുകൊണ്ടാണ് തന്റെ ജീവിതകാലത്ത് അനേകർക്ക് അഭയമാകാനും മരണശേഷം തന്റെ മാധ്യ സ്ഥ്യത്തിലൂടെ അനുഗ്രഹമാകാനും ഊക്കനച്ചന് സാധിക്കുന്നത്. ഒരി ക്കൽ ഈശോയുടെ ഉദാരതയെക്കുറിച്ച് ഈ പുണ്യാത്മാവ് ഇപ്രകാരം ധ്യാനിച്ചു: '' ഈശോയുടെ ഉദാരത: ഈ ലോകത്തെ മുഴുവൻ വീണ്ടെ ടുത്തു രക്ഷിക്കുവാൻ യേശുവിന്റെ ഒരു തുള്ളി രക്തം മാത്രം മതിയായി രുന്നു. എന്നാൽ അവസാനത്തുള്ളി വരെ ആ അമൂല്യരക്തം ചിന്തുവാൻ അവിടുന്നാഗ്രഹിച്ചു. ദിവ്യമായ ഉദാരത! അതിനാൽ ഞാനും ഉദാരമതി യാകണം.'' ഈ തിരിച്ചറിവിൽ നിന്നാണ് അപരന്റെ ഉയർച്ചയിൽ, സന്തോഷത്തിൽ ആനന്ദിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞത്. തന്നെ വെറുക്കുകയോ തനിക്കു ബുദ്ധിമുട്ടുകളുണ്ടാക്കുകയോ ചെയ്യുന്ന വ്യക്തികളുടെ രോഗത്തിലും പീഡകളിലും വേദനിച്ചത്, അവർക്ക് വേണ്ടി പ്രാർത്ഥിച്ചത്, ഇടയ്ക്കിടയ്ക്ക് അവരോട് സംസാരിച്ചത്. തനിക്ക് വേണ്ടിയുള്ള വസ്തുക്കൾ തിരഞ്ഞടുക്കുമ്പോൾ ആത്മാക്കൾക്ക് വേണ്ടി സ്വയം ശൂന്യനാക്കിയ യേശുവിനെ അനുകരിച്ചത്. അങ്ങനെ ദാനമായി കിട്ടിയവ ദാനമായിത്തന്നെ നൽകുവിൻ എന്ന ശ്ലീഹായുടെ പ്രബോധനം ഊക്കനച്ചൻ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കി. ഔദാര്യവാനായ ഈ ധന്യാത്മാവിന്റെ ജീവിതമാതൃക ഈ ഉത്ഥാനത്തിരുന്നാൾ കാല ഘട്ടത്തിൽ നമുക്കും അനുകരിക്കാം. നമുക്കുള്ളവ അപരനുമായി പങ്കു വയ്ക്കാം. ധന്യനായ ഊക്കനച്ചാ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണ മെ.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

**അവിടുന്ന് തൻെറ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.**

***ലൂക്കാ 1 : 48***

# ആദരാഞ്ജലികൾ



## റവ. ഫാ. ഫ്രാൻസിസ് കരിപ്പേരി (83)

ആത്മീയഗുരു, ഭൗതികശാസ്ത്ര മികവുള്ള അദ്ധ്യാപകൻ, എഴുത്തുകാരൻ, കർമ്മനിരതനായ വികാരി എന്നിങ്ങനെ സേവനമേഖലയിൽ പ്രശോഭിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ഫ്രാൻസിസ് കരിപ്പേരി 2021 ഫെബ്രുവരി മാസം 25–ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് അന്തരിച്ചു. മൃതസംസ്കാരം ഫെബ്രുവരി മാസം 26 വെള്ളി ഉച്ചകഴിഞ്ഞ് 2.30 ന് പറപ്പൂക്കര ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

മൃതദേഹം 26–ാം തീയതി വെള്ളിയാഴ്ച രാവിലെ 6.30 ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ അർപ്പിച്ച വി. ബലിക്കുശേഷം 8.30 വരെ പൊതുദർശനത്തിനു വെച്ചു. തുടർന്ന് മൃതദേഹം മുളങ്ങ് സെ. ഫ്രാൻസിസ് പള്ളിയിൽ 10.30 വരെ പൊതുദർശനത്തിനു വച്ചതിനുശേഷം മുളങ്ങിലുള്ള ജ്യേഷ്ഠ സഹോദരൻ ലാസറിന്റെ മകൻ റാഫിയുടെ വസതിയിൽ കൊണ്ട് പോയി. മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം ഉച്ചകഴിഞ്ഞ് 1.45 ന് ഇരിഞ്ഞാലക്കുട രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ കാർമ്മികത്വത്തിൽ

വീട്ടിൽ നിന്ന് ആരംഭിച്ചു. മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗം മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും തുടർന്നുള്ള ഭാഗങ്ങൾ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും നടത്തപ്പെട്ടു.

ഇരിങ്ങാലക്കുട രൂപത പറപ്പൂക്കര ഇടവകയിലെ പരേതരായ ഔസേപ്പ് + ഏല്യ ദമ്പതികളുടെ മകനായി 1938 മെയ് 1 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1964 മാർച്ച് 11ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരനായി ദൈവജനത്തിനായി പരിയാരം ഇടവകയിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം പുലക്കാട്ടുകര ഇടവകയിൽ നടത്തുവികാരിയായും കല്ലൂർ പടിഞ്ഞാറ്, പാലക്കൽ, അയ്യന്തോൾ, അത്താണി, വെളപ്പായ, കണ്ണംകുളങ്ങര, നെടുപുഴ, ചെവ്വൂർ, പുറനാട്ടുകര, കൂനംമൂച്ചി, വരാക്കര, പൂത്തറക്കൽ, പാലാഴി, ചാഴൂർ എന്നിവിടങ്ങളിൽ വികാരിയായും സെന്റ് തോമസ് കോളേജ് ഹോസ്റ്റൽ വാർഡനായും കരിസ്മാറ്റിക് പ്രസ്ഥാന ഡയറക്ടറായും പഴുവിൽ സെന്റ് മേരീസ് ധ്യാനകേന്ദ്രസഹായിയായും സേവനം ചെയ്തിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ എം.എ.സി ഭൗതികശാസ്ത്രത്തിൽ റാങ്ക് കരസ്ഥമാക്കിയിട്ടുള്ള അദ്ദേഹം സെന്റ് തോമസ് കോളേജ് പ്രൊഫസർ, വൈദികസമിതി സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സേവനം ചെയ്ത ഇടവകകളിൽ പല നിർമ്മാണപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിട്ടുള്ള ബഹു. അച്ചൻ മികച്ച എഴുത്തുകാരനും ഗാനരചയിതാവും കൂടിയായായിരുന്നു. അതിനും പുറമേ ഭക്തിഗാന കാസറ്റും അദ്ദേഹം തയ്യാറാക്കിയിട്ടുണ്ട്. 2015 ഫെബ്രുവരി 4 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

**അജഗണത്തെ കർത്താവിലേക്കടുപ്പിക്കുവാൻ അഹോരാത്രം അധ്വാനിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട കരിപ്പേരി ബഹു. ഫ്രാൻസിസച്ചന് അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ.**

# ആദരാഞ്ജലികൾ



## റവ. ഫാ. ജോണി ആന്റണി പാറേക്കാട്ട് (69)

സംഘാടക മികവുകൊണ്ട് യുവജനപ്രസ്ഥനങ്ങളുടെ അമരക്കാരനും അറിയപ്പെട്ടിരുന്ന ധ്യാനഗുരുവുമായിരുന്ന അതിരൂപതയിലെ വൈദികനായ റവ. ഫാ. ജോണി ആന്റണി പറേക്കാട്ട് (69) 2021 മാർച്ച് 13ന് അന്തരിച്ചു. ചേറൂർ ആബാ ധ്യാനകേന്ദ്രത്തിൽ കുമ്പസാരക്കാരനായി വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

ഭൗതികാവശിഷ്ടം മാർച്ച് 14ന് വൈകിട്ട് ചേറൂർ ആബാ ധ്യാനകേന്ദ്രത്തിലും 15ന് രാവിലെ വിയാനി ഭവനിലും പൊതുദർശനത്തിനു വച്ചു. തുടർന്ന് മാളയിലുള്ള സഹോദരന്റെ വസതിയിലേക്ക് കൊണ്ടുപോയി. ഉച്ചയ്ക്ക് 1 മണിക്ക് മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് മാർ പോളി കണ്ണൂക്കാടൻ പിതാവും തുടർന്ന 2.30മണിക്ക് ദൈവാലയത്തിലെ രണ്ടാംഭാഗത്തിന് മാർ ജേക്കബ് തൂങ്കുഴി പിതാവും മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്നുള്ള ഭാഗങ്ങൾക്ക് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവും മുഖ്യകാർമ്മികത്വം വഹിച്ചു.

പാറേക്കാട്ട് പരേതരായ ആന്റണി, അന്നം ദമ്പതികളുടെ മകനായ ഫാ. ജോണി ആന്റണി 10.10.1952ൽ മാളയിൽ ജനിച്ചു. 1981 ഡിസംബർ 20ന് ബിഷപ് ജോസഫ് കുണ്ടുകുളത്തിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. പാലയൂർ, തൃശൂർ ലൂർദ്ദ് കത്തീഡ്രൽ എന്നീ പള്ളികളിൽ അസി. വികാരിയായി സേവനം ചെയ്തു. തുടർന്ന്, തൃശൂർ സെന്റ് ആൻസ്, ആമ്പക്കാട് എന്നീ ഇടവകകളിൽ ആക്റ്റിംങ്ങ് വികാരിയായും, നടത്തറ, മരിയാപുരം, കാഞ്ഞാണി, ഏങ്ങണ്ടിയൂർ, പല്ലിശേരി, നന്തിപുലം, നന്തിപുലം നോർത്ത്, ചേലക്കര (ഫൊറോന വികാരി), പരക്കാട്, പുറനാട്ടുക്കര, പെരിങ്ങോട്ടുക്കര, നെന്മണിക്കര, ഒല്ലൂക്കര എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. സി.എൽ.സി, കെസിവൈഎം, കാത്തലിക്ക് യൂണിയൻ എന്നീ സംഘടനകളുടെ അതിരൂപത അസി. ഡയറക്ടറായും, ഡയക്ടറായും, സി.എൽ.എയുടെ അസി. ഡയറക്ടറായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. തൃശൂർ കാത്തിലിക്ക് പാസ്റ്ററൽ സെന്ററുകളുടെ അസി. ഡയറ്കടർ, ഡയറക്ടർ എന്നീ നിലകളിൽ സേവനം ചെയ്ത അച്ചൻ ചേലക്കര ബാലഭവന്റെയും ചേലക്കര റീജണൽ പാസ്റ്ററൽ സെന്ററിന്റെയും ഡയറക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഫിലിപ്പിയൻസിലെ മനില ഇഎപിഐെ നിന്ന് വിശ്വാസവും ധാർമ്മികതയും എന്ന വിഷയത്തിൽ ഡിപ്ലോമ സ്വന്തമാക്കിയിട്ടുണ്ട്.

**ശത്രുതയും വൈരാഗ്യവുമില്ലാതെ എല്ലാവരെയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക എന്ന തന്റെ മുദ്രാവാക്യം അക്ഷരം പ്രതി ജീവിതത്തിൽ പ്രവർത്തികമാക്കി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട പാറേക്കാട്ട് ബഹു. ജോണി ആന്റണിയച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ.**

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ബിനോയ് മഞ്ഞളി | 01 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 02 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 02 |
| ഫാ. ജീജോ വള്ളൂപ്പാറ | 04 |
| ഫാ. കനേഡിയൻ തണ്ടാശ്ശേരി | 05 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 06 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 06 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 07 |
| ഫാ. സോബിൻ പായിക്കാട്ട് | 07 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജോഷി പറോക്കാരൻ | 09 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 10 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 11 |
| ഫാ. ജോയി അടമ്പുകുളം | 12 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |
| ഫാ. ലിജോ ചിരിയങ്കണ്ടത്ത് | 13 |
| ഫാ. ജോൺ മുളക്കൽ | 14 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 14 |
| ഫാ. ലിവിൻ ചൂണ്ടൽ | 14 |
| ഫാ. സ്റ്റീഫൻ അറക്കൽ | 16 |
| ഫാ. തോമസ് വടക്കേത്തല | 16 |
| ഫാ. മാത്യു ചാക്കേരി | 16 |
| ഫാ. അലക്സ് മാപ്രാണി | 18 |
| ഫാ. ഡൈജോ പൊറുത്തൂർ | 18 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 19 |
| ഫാ. സെബി ചിറ്റാട്ടുകര | 19 |
| ഫാ. ആൻസിൽ വെള്ളറ | 19 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 20 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 21 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 22 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 22 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 24 |
| ഫാ. സിൻസൺ എടക്കളത്തൂർ | 25 |
| ഫാ. ജോബി കടപ്പൂരാൻ | 25 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 27 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. ജിയോ ചെറടായി | 28 |
| ഫാ. റിജോയ് തൈവളപ്പിൽ | 28 |
| ഫാ. ആന്റണി മേച്ചേരി | 28 |
| ഫാ. മേജോ കോരെത് | 28 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 29 |
| ഫാ. ജോബ് വടക്കൻ | 29 |
| ഫാ. ജിന്റോ ചൂണ്ടൽ | 29 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 30 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 30 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 30 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോർജ്ജ് നിരപ്പുകാലയിൽ | 24 |
| ഫാ. സോബിൻ പായിക്കാട്ട് | 24 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 24 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 24 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 24 |
| ഫാ. ജോഷി പറോക്കാരൻ | 24 |
| മോൺ. ജോർജ്ജ് അക്കര | 24 |
| ഫാ. സിജോ അരിക്കാട്ട് | 24 |
| മോൺ. ജോർജ്ജ് മാനാടൻ | 24 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 24 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 24 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 24 |
| ഫാ. ജോജു ആളൂർ | 24 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 24 |
| ഫാ. റോജോ എലുവത്തിങ്കൽ | 24 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 24 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 24 |
| ഫാ. ഗ്ല ാഡ്രിൻ വട്ടക്കുഴി | 24 |
| ഫാ. വിനോയ് വാഴപ്പിള്ളി | 24 |
| ഫാ. മിഥുൻ വടക്കേത്തല | 24 |
| ഫാ. ജോർജ്ജ് വടക്കേത്തല | 24 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 24 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 24 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 24 |
| ഫാ. പ്രിന്റോ കുളങ്ങര | 24 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 24 |
| ഫാ. അനു ചാലിൽ | 24 |
| ഫാ. ലിജോ ചാലിശ്ശേരി | 24 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 24 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 24 |
| ഫാ. ജിന്റോ ചൂണ്ടൽ | 24 |
| ഫാ. ജോജു പൊറുത്തൂർ | 24 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 24 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 24 |
| ഫാ. ജിഫി മേക്കാട്ടുകുളം | 24 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 24 |
| ഫാ. ജോർജ്ജ് കോമ്പാറ | 24 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 24 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 24 |
| ഫാ. ഷാജൻ തേർമഠം | 24 |
| ഫാ. ജോർജ്ജ് തേർമഠം | 24 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 24 |
| ഫാ. വർഗ്ഗീസ് തരകൻ | 24 |
| ഫാ. ജിയോ തരകൻ | 24 |
| ഫാ. കനേഡിയൻ തണ്ടാശ്ശേരി | 24 |
| ഫാ. മനോജ് താണിക്കൽ | 24 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പെരുമാട്ടിൽ ഗീവർഗ്ഗീസ് | 25.04.1895 |
| ഫാ. അമ്പുക്കൻ യോഹന്നാൻ | 19.04.1930 |
| ഫാ. മാളിയേക്കൽ തോമസ് | 16.04.1944 |
| ഫാ. കൊള്ളന്നൂർ മാത്യു | 27.04.1944 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 18.04.1962 |
| ഫാ. തട്ടിൽ സെബാസ്റ്റ്യൻ | 01.04.1963 |
| ഫാ. വലിയവീട്ടിൽ ജോസഫ് | 10.04.1972 |
| ഫാ. വാലികോടത്ത് ജോൺ | 24.04.1973 |
| ഫാ. കിഴക്കൂടൻ അബ്രാഹം | 28.04.1977 |
| ഫാ. അക്കര സേവ്യർ | 07.04.1978 |
| ഫാ. ബ്രഹ്മകുളം ഫ്രാൻസിസ് | 18.04.1982 |
| ഫാ. കാട്ടൂക്കാരൻ പോൾ | 16.04.1983 |
| ഫാ. ചാലക്കൽ ജോൺ | 14.04.1991 |
| മോൺ. അടമ്പുകുളം ജേക്കബ് | 11.04.1993 |
| മോൺ. ചാലിശ്ശേരി ഇഗ്നേഷ്യസ് | 11.04.1997 |
| ഫാ. ചിറമ്മൽ ഫ്രാൻസിസ് | 18.04.1997 |
| ഫാ. വടക്കൻ സിറിയക് | 26.04.2017 |
| ഫാ. എടയാൽ ചാക്കോ | 14.04.2018 |
| ഫാ. ചിറ്റിലപ്പിള്ളി റാഫേൽ | 07.04.2019 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**ഫെബ്രുവരി 2021**

**1. സി.എം.സി.**

പുതുക്കിപണിത വെള്ളാറ്റഞ്ഞൂർ ചെറുപുഷ്പാലയം കോൺവെന്റിന്റെ വെഞ്ചിരിപ്പുകർമ്മം ബഹു. ഫാ.ഡേവിസ് ചക്കാലയ്ക്കൽ നിർവ്വഹിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജയും കൗൺസിലേഴ്സും ഇതിൽ പങ്കെടുത്തു. ഫാ. സിജോ തയ്യാലയ്ക്കൽ CMI Candidates ന് മൂന്ന് ദിവസത്തെ Inner healing Retreat കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. സി.എം.സി. യുടെ 156–ാം സ്ഥാപനദിനമായ 13 ന് എല്ലാ ഭവനങ്ങളിലും ഈ നിയോഗാർത്ഥം ദിവ്യബലി അർപ്പിക്കുകയും ഒരു മണിക്കൂർ ആരാധന നടത്തുകയും ചെയ്തു. മുൻ വർഷങ്ങളിൽനിന്ന് വ്തൃസ്തമായി COVID 19 ന്റെ പശ്ചാത്തലത്തിൽ Webex Meet ലൂടെയാണ് ആഘോഷപരിപാടികളിൽ എല്ലാവരും പങ്കെടുത്തത്. തൃശ്ശൂർ സെന്റ് മേരീസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. കല്യാൺ നിർമ്മലോദയ മിഷനിലെ 5 ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്തി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ 21 ന് തിരിച്ചുവന്നു. ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന സി.എം.സി. മേനേജ്മെന്റിന്റെ കീഴിലുള്ള അദ്ധ്യാപിക – അനദ്ധ്യാപകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 25 ന് ഹൃദ്യമായ യാത്രാമംഗളം ആശംസിച്ചു.

**2. എഫ്.സി.സി.**

പഴുവിൽ ആന്റോ ഭവനിൽ 2021 ഫെബ്രുവരി 3 മുതൽ 7 വരെ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി കാനോനിക സന്ദർശനം നടത്തി. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ഫെബ്രുവരി 11,12 തീയതികളിൽ online ആയി നടത്തിയ ജനറൽ പ്ലീനറി കൗൺസിൽ മീറ്റിംഗിൽ ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി, ബ. സി. റോസ് അനിത എന്നിവരും 12–ാം തീയതി online ആയി നടന്ന ഫോർമേഷൻ മീറ്റിംഗിൽ നോവീസ് മിസ്ട്രസ് സി. റാണിതെരേസും സംബന്ധിച്ചു. ഫെബ്രുവരി 14–ാം തീയതി ഞായറാഴ്ച online ആയി നടത്തിയ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിംഗിൽ എല്ലാ പ്രൊവിൻഷ്യൽ, ലോക്കൽ പ്രൊമോട്ടേഴ്സും, ലോക്കൽ സുപ്പീരിയേഴ്സും, കോളേജ്, എച്ച്.എസ്.എസ്, എച്ച്.എസ് എന്നിവിടങ്ങളിലെ സ്ഥാപനാധികാരികളും പങ്കെടുത്തു. സാഗർ രൂപതയുടെ മുൻ മെത്രാനും സി. ലയോൺഷ്യ, സി. ടെറീസ എന്നിവരുടെ സഹോദരനും, പ്രൊവിൻഷ്യൽ കൗൺസിലർ സി. ലിനറ്റ് നീലങ്കാവിലിന്റെ ഇളയപ്പനുമായ മരണമടഞ്ഞ അഭിവന്ദ്യ മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവിനെ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി, കൗൺസിലേഴ്സ് സി. ജ്യോതി ഫ്രാൻസിസ്, സി. ഫോൺസി മരിയ, സി. ലിനറ്റ് നീലങ്കാവിൽ എന്നിവർ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും പാട്ടുരായ്ക്കൽ ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിലും അരണാട്ടുകര സെന്റ് തോമസ് ദേവാലയത്തിലും നടന്ന തിരുകർമ്മങ്ങളിൽ പങ്കെടുത്ത് അനുശോചനം അറിയിക്കുകയും ചെയ്തു. കാലപഴക്കം വന്ന പെരിങ്ങോട്ടുകര സെറാഫിക് സ്കൂൾകെട്ടിടം പൊളിച്ചു പണിയുന്നതിന്റെ ഭാഗമായി ഫെബ്രവരി 24–ാം തീയതി പുതിയ കെട്ടിടത്തിന്റെ തറകല്ലിടൽകർമ്മം മഠം ചാപ്ളെയ്ൻ റവ. ഫാ. ടോണി റോസ് വാഴപ്പിള്ളി നിർവ്വഹിക്കുകയും ബ. പ്രൊവിൻഷ്യൽ സുപ്പീരിയറും, കൗൺസിലേഴ്സും, കോർപ്പറേറ്റ് മാനേജർ സി. റാണി കുരിയനും ഈ കർമ്മങ്ങളിൽ പങ്കുചേരുകയും ചെയ്തു. ഫെബ്രുവരി 25–ാം തീയതി വാ. റാണി മരിയയുടെ തിരുന്നാൾ ദിവസം അതിരൂപതാ ചാൻസലറും അസ്സീസി കപ്ലോനുമായ റവ. ഫാ. ഡൊമിനിക് തലക്കോടൻ ആഘോഷമായി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും തിരുന്നാൾ ദിനത്തിൽ അസ്സീസി പ്രൊവിൻസിലെ സിസ്റ്റേഴ്സ് സി. റാണി മരിയയെക്കുറിച്ച് എഴുതിയ 54 മുറിപ്പാടുകൾ എന്ന പുസ്തക സമാഹാരത്തിന്റെ പ്രകാശനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. 2021 ഏപ്രിൽ 29–ാം തീയതി നിത്യവ്രതവാഗ്ദാനം ചെയ്യുന്ന 10 ജൂനിയർ സിസ്റ്റേഴ്സിന് അരമനയിൽ വച്ച് തൃശൂർ അതി

രൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് interview നടത്തി. കോവിഡ്– 19 ന്റെ സാഹചര്യത്തിൽ ജോലി നഷ്ടപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിവിധ ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 20 കുടുംബങ്ങൾക്ക് കോഴി– കോഴിക്കൂട് പദ്ധതിയുടെ ഭാഗമായി 5 കോഴികളെയും ഒരു കോഴിക്കൂടും വിതരണം ചെയ്തു. ഫെബ്രുവരി 28–ാം തീയതി ഞായറാഴ്ച 2.30 നു മുതൽ 4.00 നു വരെ online ആയി നടത്തിയ FCC Health Fraternity യുടെ മീറ്റിംഗിൽ റവ. ആന്റണി വടക്കൻ OFM Cap ക്ലാസ്സെടുത്തു.

**3. സി.എച്ച്.എഫ്.**

ഫെബ്രുവരി 12,13,14 തിയ്യതികളിൽ മണ്ണുത്തി ജനറലേറ്റിൽ വച്ച് സി.എച്ച്.എഫ് കോൺഗ്രിഗേഷന്റെ പത്തൊൻമ്പതാം ജനറൽ സിനാക്സിസ് നടത്തപ്പെട്ടു.പതിനാലാം തിയ്യതി നടത്തപ്പെട്ട സുപ്പീരിയർ ജനറലിന്റെ ഇലക്ഷനിൽ റവ.സി.ഡോ.ആനി കുര്യാക്കോസ് ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ സുപ്പീരിയർ ജനറൽ ആയി തെരഞ്ഞെടുക്കപ്പെട്ടു.റവ.സി.എൽസി സേവ്യർ വികാർ ജനറലായും സി.ആൻസി ആന്റോ , സി.ഫിലോ ജോസഫ്,സി.റോസ് കാവുങ്കൽ എന്നിവർ കൗൺസിലേഴ്സായും സി.സവിധ ജനറൽ ഓഡിറ്ററായും തെരഞ്ഞെടുക്കപ്പെട്ടു.സി.എച്ച്.എഫ് – നവജ്യോതി പ്രോവിൻസിൽ പതിനഞ്ചാമത് പ്രൊവിൻഷ്യൽ ഇലക്ഷൻ സിനാക്സിസ് ഫെബ്രുവരി 18,19,20 തിയ്യതികളിൽ നടത്തപ്പെട്ടു. 20–ാം തിയ്യതി നടത്തപ്പെട്ട പ്രൊവിൻഷ്യൽ ഇലക്ഷനിൽ റവ.സി.ജെസ്സിൻ തെരേസ് പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടു. സി.റിൻസി വർക്ഷീസ് വികർ പ്രൊവിൻഷ്യലായും സി.ആൻ കരോളിൻ , സി.ലീന തെരേസ്, സി.ആൻ ഗ്രയ്സ് എന്നിവർ കൗൺസിലേഴ്സായും സി.ലിറ്റ്സി വർക്ഷീസിനെ ഓഡിറ്ററായും തിരഞ്ഞെടുത്തു. പ്രോവിൻഷ്യൽ സുപ്പീരിയർ റവ.സി.ജെസ്സിൻ തെരേസും കൗൺസിലേഴ്സും തൃശ്ശൂർ ബിഷപ്സ് ഹൗസിൽ അ ിവന്ദ്യ മാർ ആഡ്രൂസ് താഴത്തിനെ സന്ദർശിച്ച് അനുഗ്രഹാശിസുകൾ സ്വീകരിച്ചു.

**4. എസ്.എ.ബി.എസ്.**കോവിഡ്–19 വ്യാപകമായ ഈ സാഹചര്യത്തിൽ Google Meet ലൂടെ Superiors Conference നടത്തി. നാട്ടിലും മിഷനിലും വിദേശത്തുമുള്ള Superiors എല്ലാവരും ഇതിൽ പങ്കെടുത്തു. സന്യാസവ്രതസമർപ്പണത്തിന്റെ രജത സുവർണ്ണ ജൂബിലിയാഘോഷം ചേറ്റുപുഴ നിർമ്മൽ റാണി പ്രൊവിൻഷ്യൽഹൗസിൽ വച്ചുനടന്നു. രജത ജൂബിലി ആഘോഷിക്കുന്ന 6 സിസ്റ്റേഴ്സിനും സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഒരു സിസ്റ്ററിനും വേണ്ടിയുള്ള ആരാധനയും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള വി.കുർബാനയും ഉണ്ടായിരുന്നു. പാലക്കാട് ധോണിയിലും കോത

മംഗലത്തും ആലപ്പുഴയിലുമായി 5 സിസ്റ്റേഴ്സ് Renewal Programme കളിൽ പങ്കെടുത്തു. Pontifical Council for Legislative Text ഉപ ദേശകനായി ഫ്രാൻസിസ് മാർപ്പാപ്പ നിയമിച്ച മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ബൊക്കെ നൽകി പ്രാർത്ഥനാശംസകൾ നേർന്നു. ചേറ്റുപുഴ പ്രൊവിൻഷ്യൽഹൗസിൽ വച്ച് 14 മുതൽ 19 വരെയുള്ള ദിനങ്ങളിൽ നടന്ന വാർഷിക ധ്യാനത്തിന് Fr.Boby Jose Kattikkatt OFM.Cap നേതൃത്വം വഹിച്ചു. Vocation Promotors ന് വേണ്ടി One Day Seminar നടത്തി. Rev.Fr.Joyson Mazhuvancherry OFM.Cap ക്ലാസ്സെടുത്തു.

**5. സി.എസ്.എസ്.**

സുപ്പീരിയർ ജനറൽ ബഹുമാനപ്പെട്ട സി. ആനി തോമസിയ അടക്ക മുള്ള 5 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലിയും 8 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയും മണ്ണൂത്തി ഹോളിസ്പിരിറ്റ് ജനറലേറ്റ് വന ത്തിൽവെച്ച് സംയുക്തമായി ആഘോഷിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കൃതജ്ഞതാബലിയർപ്പിച്ചു. പരിശുദ്ധ ലൂർദ്ദ് മാതാ വിന്റെ തിരുനാളിനോടനുബന്ധിച്ച് കപ്ലോൻ റവ. ഫാദർ നൈസൻ ഏല ന്താനത്ത് ആഘോഷമായ തിരുനാൾ കുർബ്ബാന അർപ്പിച്ചു. അന്നേദിവ സം, മണ്ണൂത്തി ലൂർദ് ഹോസ്പിറ്റലിന്റെ നവീകരിച്ച ബ്ലോക്കിന്റെ ഉദ്ഘാ ടനം, ഒല്ലൂർ നിയോജക മണ്ഡലം എം. എൽ. എ. യും ചീഫ് വിപ്പു മായ അഡ്വ. ശ്രീ കെ. രാജൻ നിർവ്വഹിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ആശുപത്രിയുടെ ആശീർവ്വാദ കർമ്മം നടത്തി. ഫെബ്രുവരി 19, 20 ദിവസങ്ങളിൽ മണ്ണുത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടത്തിയ സുപ്പീരിയേഴ്സ് മീറ്റിൽ 37 സിസ്റ്റേഴ്സ് പങ്കെടുത്തു. റവ. ഫാദർ റോയി കണ്ണൻചിറ സി.എം.ഐ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**6. സി.എസ്.എം**

11 ന് പ്രോവിൻസിന്റെ മദ്ധ്യസ്ഥയായ ലൂർദ്ദ് മാതാവിന്റെ തിരുന്നാളും പ്രോവിൻസ് ഡേ യും സമുചിതമായി ആഘോഷിച്ചു. അതിന് ഒരുക്ക മായി പ്രോവിൻസിലെ എല്ലാ ഭവനങ്ങളിലുമായി 50 മണിക്കൂർ അഖണ്ഡ ജപമാല നടത്തി. പ്രാർത്ഥനാശുശ്രൂഷകളിലും ദിവ്യബലി യിലും സ്നേഹവിരുന്നിലും സിസ്ററേഴ്സ് പങ്കെടുത്തു. 14 ന് ലൂർദ്ദ് നാഥ പ്രോവിൻസ് അംഗമായ ബഹു. സി.അഞ്ചലിയുടെ രജത ജൂബിലി പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. പ്രൊവിൻഷ്യൽ ഹൗസ് കപ്ലോൻ ബഹു.ഫാ.ജോസ് വട്ടകൂഴി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. കാക്കനാടിൽ നിന്നും മേജർ സുപ്പീരിയേഴ്സിന് വേണ്ടി KCBC നടത്തിയ Zoom Meeting ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു.

സി.ജിയോ മരിയ പങ്കെടുത്തു.പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി.ജിയോ മരിയയുടെ നേതൃത്വത്തിൽ സുപ്പീരിയേഴ്സിന് വേണ്ടി നടന്ന Zoom Meeting ൽ പ്രോവിൻസിലെ എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു.21 മുതൽ 26 വരെ ബഹു.സിജോ തെയ്യാലക്കൽ CMI പ്രൊവിൽഷ്യൽ ഹൗസിൽ വാർഷിക ധ്യനം നയിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു.സി.ജിയോ മരിയയും 40 സിസ്റേറഴ്സും പങ്കെടുത്തു.

**7. സി.എസ്.സി.**

2021 ഫെബ്രുവരി 27,28,29 തീയതികളിലായി നടന്ന 17–ാം ജനറൽ സിനാക്സിസിൽ വച്ച് കോൺഗ്രിഗേഷൻ ഓഫ് ദി സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ പുതിയ അധികാരശുശ്രൂഷകർ തിരഞ്ഞെടുക്കപ്പെട്ടു.

ബ. മദർ റിൻസി – സുപ്പീരിയർ ജനറൽ
ബ. സി. ഷെൽറ്റി – വികർ ജനറൽ & വിദ്യാഭ്യാസ – മതബോധനവകുപ്പ് കൗൺസിലർ
ബ. സി. ജോഫി – ധനകാര്യവകുപ്പ് കൗൺസിലർ
ബ. സി. മെറിറ്റ – സുവിശേഷവത്ക്കരണവകുപ്പ് കൗൺസിലർ
ബ. സി. ഗിൽദാസ് – ആതുര സാമൂഹ്യസേവന വകുപ്പ് കൗൺസിലർ
ബ. സി. സിജി പൂവേലി – സെക്രട്ടറി ജനറൽ
ബ. സി. സ്കോളറ്റ് – ട്രഷറർ

2021 മാർച്ച് 5,6,7 തീയതികളിലായി നടന്ന 10–ാം പ്രൊവിൻഷ്യൽ സിനാക്സിസിൽ വച്ച് കോൺഗ്രിഗേഷൻ ഓഫ് ദി സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ കൂർക്കഞ്ചേരി, മരിയപ്രവിശ്യയുടെ പുതിയ അധികാരശുശ്രൂഷകർ തിരഞ്ഞെടുക്കപ്പെട്ടു.

ബ. മദർ വെൺമ – പ്രൊവിൻഷ്യൽ സുപ്പീരിയർ
ബ. സി. ഹൃദ്യ – വികർ പ്രൊവിൻഷ്യൽ & ആതുര സാമൂഹ്യസേവന വകുപ്പ് കൗൺസിലർ
ബ. സി. അനിത – വിദ്യാഭ്യാസ –മതബോധന വകുപ്പ് കൗൺസിലർ
ബ. സി. ഹർഷിത – സുവിശേഷവത്ക്കരണ വകുപ്പ് കൗൺസിലർ
ബ. സി. നമിത – ധനകാര്യവകുപ്പ് കൗൺസിലർ
ബ. സി. റോസ് – പ്രൊവിൻഷ്യൽ സെക്രട്ടറി
ബ. സി. ഹെർമിൻ – ട്രഷറർ

# ആദരാഞ്ജലികൾ



**19.02.2021 – എഫ്.സി.സി.** ഏങ്ങണ്ടിയൂർ സെന്റ് വിൻസന്റ് ഭവനാംഗമായ ബഹു. സി. ഓസ്കർ നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യകാർമ്മികത്വത്തിൽ ഫെബ്രുവരി 20–ാം തീയതി 3.00 ന് വെങ്ങിണിശ്ശേരി പി. എച്ച് കോൺവെന്റിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**27.02.2021 – സി.എം.സി.** ഒല്ലൂർ സെന്റ് മേരീസ് ഭവനാംഗമായ സി. വിങ്കുള നിര്യാതയായി. സ്വന്തം സഹോദരി പുത്രൻ ബഹു. ഫാ. മാർട്ടിൻ കല്ലുങ്കൽ ന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് കണ്ടശ്ശാംകടവ് മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനയോഗ റിപ്പോർട്ട്

തൃശ്ശൂർ അതിരൂപതയിൽ 18-ാം പാസ്റ്റൽ കൗൺസിലിന്റെ ഉദ്ഘാടനയോഗം 13-03-21 ന് രാവിലെ 10 മണിക്ക് വിശുദ്ധ കുർബ്ബാനയോടെ ആരംഭിച്ചു. അഭ്യവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ അഭ്യവന്ദ്യ ടോണി നീലങ്കാവിൽ പിതാവ്, വികാരി ജനറാൾ അച്ചന്മാർ, തൃശ്ശൂർ ദേവമാത സി. എം. ഐ. പ്രൊവിൻഷ്യൽ ഫാ. ഡേവിസ് പനക്കൽ എന്നിവർ ചേർന്ന് വിശുദ്ധ ബലിയർപ്പിച്ചു. ഡി.ബി.സി.എൽ.സി. ഹാളിൽ നടന്ന യോഗത്തിൽ പെ.ബഹു. മോൺ. തോമസ് കാക്കശ്ശേരിയച്ചൻ അംഗങ്ങൾക്ക് സത്യപ്രതിജ്ഞാ വാചകങ്ങൾ ചൊല്ലിക്കൊടുത്തു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ വിളിയും ദൗത്യവും എന്ന വിഷയത്തെ ആസ്പദമാക്കി സീറോ മലബാർ സഭാവക്താവ് പ്രൊഫസർ ഡോ. ചാക്കോ കാളാംപറമ്പിൽ പ്രഭാഷണം നടത്തുകയുണ്ടായി. ഏകമനസ്സോടെ ഒറ്റക്കെട്ടായി അതിരൂപതാധ്യക്ഷനോടൊപ്പം ആത്മിയവും ഭൗതികവുമായ മണ്ഡലങ്ങളിൽ അജപാലന ശുശ്രൂഷ ചെയ്യേണ്ടവരാണ് പാസ്റ്റൽ കൗൺസിൽ അംഗങ്ങൾ എന്ന് അദ്ദേഹം വിശദീകരിച്ചു. ഉച്ചയ്ക്ക് ശേഷം നടന്ന തിരഞ്ഞെടുപ്പിൽ ഡോ. മേരി റെജീന(സെക്രട്ടറി), എൻ. പി. ജാക്സൻ(ജോ. സെക്രട്ടറി), അജണ്ടാകമ്മിറ്റി അംഗങ്ങളായി ഫാ. ജോസ് കോനിക്കര Jr., ഫാ. ഡേവിസ് പനക്കൽ CMI., റവ. സി. വെൺമ CSC., ഡോ. ടോണി ജോസഫ്, ശ്രീമതി ബീന ജോഷി, ശ്രീ ജോമി ജോൺസൺ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. നാല് മണിക്ക് യോഗം അവസാനിച്ചു.

**ഫാ. ഡൊമിനിക് തലക്കോടൻ**
ജനറൽ സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**കെട്ടിട നികുതി**

സുപ്രീംകോടതി 2021 മാർച്ച് 01 ലെ വിധി അനുസരിച്ച് മഠങ്ങൾ ഉൾപ്പെടെ ഉള്ള സന്യാസ സഭകളുടെ താമസ സ്ഥലങ്ങളും വിദ്യഭ്യാസ സ്ഥാപനങ്ങളോട് ചേർന്നുള്ള ഹോസ്റ്റലുകളും കെട്ടിട നികുതി ഒഴിവിന് അർഹമാണ്.

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹമുള്ള കുട്ടികളെ,

എല്ലാവരും പരീക്ഷാ തിരക്കുകൾ കഴിഞ്ഞ് അവധിക്കാലത്തിന്റെ ഉല്ലാസത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. ഏവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു. കൊറോണ മൂലം പഠനവും പരീക്ഷയുമെല്ലാം ഓൺലൈൻ ആയ അദ്ധ്യയന വർഷം ആണ് കഴിഞ്ഞുപോയത്. വിശ്വാസപരിശീലനവും ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ലല്ലോ.

കൊറോണയ്ക്കു മുമ്പുവരെ അവധിക്കാലത്ത് സ്ഥിരമായി ദിവ്യബലിയർപ്പണത്തിനു പോകാനും മുടങ്ങാതെ വരുന്ന കുട്ടികൾക്കുള്ള പ്രോത്സാഹനമായി ഇടവക നൽകുന്ന സമ്മാനം വാങ്ങുന്നതിനും നിങ്ങളെല്ലാവരും ഉത്സാഹിച്ചിരുന്നു. മറ്റു ഇടവകകളിൽ ചെന്ന് ഇടവകയിലെ വൈദികരുടെയോ സമർപ്പിതരുടെയോ ഒപ്പ് വാങ്ങിച്ചു കുർബാനയ്ക്ക് വന്നതിനെ സാക്ഷ്യപ്പെടുത്തുന്ന രീതി അവധിക്കാലത്തെ പതിവുകാഴ്ചയായിരുന്നു. കൊറോണയുടെ വരവോടുകൂടി വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനുള്ള ഉത്സാഹത്തിൽ കുട്ടികൾക്ക് കുറവ് വന്നിട്ടുണ്ടോ എന്നൊരു ആശങ്കയുണ്ട്. കൊറോണ ഭീതി മൂലം മാതാപിതാക്കൾ വിശുദ്ധ ബലിയർപ്പണത്തിന് കുട്ടികളെ പറഞ്ഞയക്കാൻ മടിക്കുന്നതും പതിവായിരുന്നു.

ഈശോ കുട്ടികളുടെ ഹൃദയനിഷ്കളങ്കതയെ സ്നേഹിക്കുകയും അവരുടെ മനോഭാവങ്ങളെ വിലമതിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് ഈശോ മുതിർന്നവരോട് പോലും പറഞ്ഞത് ശിശുക്കളെപ്പോലെ ആകുകയെന്ന്. ശിശുസഹജമായ മനോഭാവത്തോടെ ദൈവതിരുമുമ്പിൽ വ്യാപരിച്ച വിശുദ്ധ കൊച്ചുത്രേസ്യയും നമ്മെ ഓർമ്മിപ്പിക്കുന്നത്, "ശിശുക്കൾ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ, അവരെ തടയരുത്. എന്തെന്നാൽ ദൈവരാജ്യം അവരെപ്പോലുള്ളവരുടേതാണ്."

(ലൂക്ക. 18,16) എന്ന ദൈവവചനമാണ്.

വാത്സല്യമുള്ള കുട്ടികളെ, നിങ്ങളുടെ നല്ല മാതൃകകൾ വളരെയധികം സ്വാധീനശക്തിയുള്ളതാണ്. 2020 ഒക്ടോബർ 10ന് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട കാർലോ അക്കുത്തിസിനെക്കുറിച്ച് അവന്റെ അമ്മ അന്തോണിയോ അക്കുത്തിസ് പറയുന്നത് ഇപ്രകാരമാണ് "എന്റെ മകന്റെ ദിവ്യകാരുണ്യ ഭക്തി ദർശിച്ചുകൊണ്ട് ഞാനിപ്പോൾ പരിശുദ്ധ കുർബാനയിലെ ഈശോയെ കൂടുതൽ സ്നേഹിക്കുന്നു. ഇപ്പോൾ കുർബാന ഇല്ലാതെ എനിക്ക് പറ്റില്ല. പരിശുദ്ധ കുർബ്ബാനയാണ് മക്കളെ ഈശോയിലേക്ക് അടുപ്പിക്കുന്നത്. മക്കളെ ഈശോയെ കാട്ടി വളർത്തുവാൻ ശ്രമിക്കുവിൻ. അവർ വഴിതെറ്റി പോകില്ല." *(ഹൈവേ ടു ഹെവൻ)*

വാത്സല്യമുള്ള കുട്ടികളെ, നിങ്ങൾ ഈ അവധിക്കാലത്ത് വിശുദ്ധ ബലിയർപ്പണത്തോട് താല്പര്യമുള്ളവരാകണം. കോവിഡ് മൂലം നിങ്ങളുടെ ഭവനങ്ങളിൽ നിന്നും വിശുദ്ധ ബലിയിൽ പങ്കെടുക്കുന്ന പതിവ് നിന്നു പോയിട്ടുണ്ടെങ്കിൽ കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് വിശുദ്ധ ബലിയർപ്പണത്തിനായി ദേവാലയത്തിൽ പോകുന്ന ശീലം വളർത്തുന്നതിന് പരിശ്രമിക്കണം. അതിന് തീരെ സാധിക്കാത്ത അവസരങ്ങളിൽ ഓൺലൈൻ കുർബാനയർപ്പണത്തിലെങ്കിലും പങ്കെടുത്ത് അരൂപിക്കടുത്ത ദിവ്യകാരുണ്യം സ്വീകരിക്കണം.

ഈശോയോടുള്ള ഭക്തിയിൽ നിങ്ങൾ വളരുന്നതാണ് ഈശോ ആഗ്രഹിക്കുന്നത്. ഹൃദയനിഷ്കളങ്കതയോടെ ഈശോയോട് ചേർന്ന് നിന്ന അക്കുത്തിസിനെപ്പോലെ ദിവ്യകാരുണ്യഭക്തിയിൽ വളരുന്നവരാകാൻ ഈ അവധിക്കാലം നിങ്ങൾ പ്രയോജനപ്പെടുത്തണമെന്നതാണ് എന്റെ ആഗ്രഹം. അതോടൊപ്പം നിങ്ങളുടെ ഭവനങ്ങളിലുള്ളവരെയും ദിവ്യകാരുണ്യഭക്തിയിലേക്ക് ആകർഷിക്കാൻ കാർലോ അക്കുത്തിസിനെപ്പോലെ നിങ്ങൾക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

കഴിഞ്ഞ അധ്യയനവർഷം വിശ്വാസപരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു. ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ബഹു. വൈദികർക്കും സമർപ്പിതർക്കും വിശ്വാസപരിശീലകർക്കും മാതാപിതാക്കന്മാർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത. വാർഷിക പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് സഹായിച്ചവർക്കും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തവർക്കും പ്രത്യേകം നന്ദി. എല്ലാവർക്കും ദൈവാനുഭവം നിറഞ്ഞ വിശുദ്ധവാരം പ്രാർത്ഥനാപൂർവ്വം നേരുന്നു.

**1. Std. XII, ACC വാർഷിക പരീക്ഷാഫലം**

**Std. XII & ACC** പരീക്ഷാഫലം ഏപ്രിൽ 14 ന് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്.

**Blog Address:** http://catechismtrichur.blogspot.in

**2. Youth Seminar**

April 10 ന് ശനിയാഴ്ച ഡി ബി സി എൽ സി യിൽ വെച്ച് തെരഞ്ഞെടുക്കപ്പെട്ട എസിസി വിദ്യാർത്ഥികൾക്കായി ഒരു യൂത്ത് സെമിനാർ സംഘടിപ്പിക്കുന്നു.

**3. Mark Entry**

Annual Examination & Annual Re-examination എന്നിവയുടെ മാർക്ക്ലിസ്റ്റുകൾ സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യുന്നതിനുള്ള അവസാന തിയതി **ഏപ്രിൽ 18** ആണെന്ന് ഓർമ്മിപ്പിക്കുന്നു.

**4. വിശ്വാസപരിശീലകരുടെ സെമിനാർ**

ACC - April 18

XII - May 9

**സമയം:** 9.30 AM to 4 PM

**സ്ഥലം:** DBCLC

ACC, XII അധ്യാപകർക്ക് മുകളിൽ കൊടുത്തിരിക്കുന്ന തിയതികളിൽ ഏകദിന സെമിനാർ ഡി ബി സി എൽ സി യിൽ വെച്ച് നടത്തുന്നു. മേൽപറഞ്ഞ ക്ലാസ്സുകളിലെ എല്ലാ വിശ്വാസപരിശീലകരും ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

**5. Std. XII & ACC ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം**

പരീക്ഷാഫലം പ്രസിദ്ധീകരിച്ചശേഷം ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്ക് വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ

ചെയ്യേണ്ട അവസാന തിയതി മെയ് 3 ആണ്. രജിസ്ട്രേഷൻ ഫോം വിശ്വാസപരിശീലന ബ്ലോഗിലെ ഡൗൺലോഡ്സിൽ നിന്നും ലഭ്യമാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**6. ACC, XII Re-Examination, Improvement Examination**

**1. ACC - 2021 May 08, Saturday**

**2. Std. XII - 2021 May 15, Saturday**

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. **Std. XII** വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി മെയ് 3 ആണ്. രജിസ്ട്രേഷൻ ഫോം വിശ്വാസപരിശീലന ബ്ലോഗിലെ ഡൗൺലോഡ്സിൽ നിന്നും ലഭ്യമാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**7. സ്റ്റാഫ് മീറ്റിങ്ങ് – യൂണിറ്റുകളിൽ**

മെയ് 16 ന് യൂണിറ്റുകളിൽ അധ്യാപകരും പിടിഎ യും ചേർന്ന് പുതിയ അക്കാദമിക് വർഷത്തെക്കുറിച്ചുള്ള യോഗം കൂടേണ്ടതാണ്.

**8. പ്രിൻസിപ്പൽ കോൺഫ്രൻസ്: മെയ് 23**

മെയ് 23 ന് കാലത്ത് 09.30 AM - 1.30 PM വരെ പ്രിൻസിപ്പൽ കോൺഫ്രൻസ് വിശ്വാസപരിശീലന കേന്ദ്രത്തിൽ ഉണ്ടായിരിക്കും. പുതിയ പ്രിൻസിപ്പൽമാരെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരാണ് കോൺഫ്രൻസിൽ പങ്കെടുക്കേണ്ടത്. വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

**9. അധ്യാപകർക്കുള്ള ഫൊറോനതല അർദ്ധദിന സെമിനാർ**

വിശ്വാസപരിശീലന അധ്യാപകർക്കുള്ള അർദ്ധദിനസെമിനാർ ഫൊറോനതലത്തിൽ **മെയ് 30ന് ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി** വരെ നടത്തുന്നതാണ്. എല്ലാ വിശ്വാസപരിശീലകരും സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പ്രിൻസിപ്പൽമാരിൽ നിന്നും ഫൊറോന പ്രമോട്ടറിൽ നിന്നും ലഭിക്കും.

**10. പാഠപുസ്തകങ്ങളെ കുറിച്ചുള്ള അറിയിപ്പ്**

ഞായർ വിശ്വാസപരിശീലനം 1–ാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങൾക്ക് 2021-22 അധ്യയനവർഷത്തിൽ

മാറ്റമില്ല. ACC-ക്ക് മൂന്നാമത്തെ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. (YOUCAT, ഉപപാഠം: വിവിധ സെക്ടുകളും നവയുഗ ആത്മീയ പ്രസ്ഥാനങ്ങളും, ലൈംഗികതയും ജീവിതവും, സഭയുടെ സാമൂഹിക പ്രതിബദ്ധത).

**11. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവർ പ്രാപ്തരാകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

പ്രത്യേകമായി ഈ വർഷം (2020-21) വിശ്വാസപരിശീലനത്തിൽനിന്നും വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകരുടേയും പേര്, ഇടവക, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ മെയ് 5-ാം തിയതിക്കുമുമ്പായി വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്.

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies** (affiliated to Katholicke Universiteit, Leuven, Belgium):

ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് DBCLCയിലെ Institute of Theology Office- മായി ബന്ധപ്പെടുക.

- ക്ലാസ്സുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു.
- ബോധന മാദ്ധ്യമം: ഇംഗ്ലീഷ്.
- യോഗ്യത: ഡിഗ്രി പൂർത്തിയായവർക്കും, ഡിഗ്രി ചെയ്യുന്നവർക്കും.

**2. Certificate Course in Theology** (affiliated to Chair for Christian Studies and Research, Calicut University):

അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് DBCLCയിലെ Institute of Theology Office-മായി ബന്ധപ്പെടുക.

- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
- ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

- യോഗ്യത: എസ്.എസ്.എൽ.സി.യോ അതിനുമുകളിലോ.
- ക്ലാസ്സുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു.

## 3. Advanced Certificate Course in Theology (affiliated to Chair for Christian Studies and Research, Calicut University):

സന്യാസിനികൾക്കായി Theology Course, പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ DBCLCയിലെ Institute of Theology Office-മായോ മേരിമാതാ മേജർ സെമിനാരി തിയോളജി ഡീനുമായി ബന്ധപ്പെടുക.

- ജൂൺ ഒന്ന് മുതൽ ക്ലാസുകൾ ആരംഭിക്കുന്നു.
- ആറുമാസം നീണ്ടുനിൽക്കുന്നു.
- ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.
- സന്യാസിനികൾക്കു മാത്രം.
- യോഗ്യത: പ്ലസ് ടു.

ആശംസകളോടെ,

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

### 1. വാർഷികധ്യാനം

2020–2021 അധ്യയനവർഷത്തെ വാർഷികധ്യാനം 2021 മാർച്ച് 09-ാം തിയ്യതി ആരംഭിച്ച് 14–ാം തിയ്യതി സമാപിച്ചു. വടവാതൂർ പൗരസ്ത്യ വിദ്യാപീഠം കാനൻലോ ഫാക്കൽറ്റിയിലെ പ്രൊഫസറായ റവ. ഡോ. ജോസഫ് കടുപ്പിൽ ധ്യാനവിചിന്തനങ്ങൾ നൽകി. ക്രിസ്തുവിനോടും അവിടുത്തെ സഭയോടുമുള്ള സ്നേഹത്തിൽ ആഴപ്പെടേണ്ടതിന്റെ ആവശ്യകത അച്ചൻ ഊന്നിപ്പറഞ്ഞു.

**2. ആശംസകൾ, അഭിനന്ദനങ്ങൾ**

മേരിമാതാ മേജർ സെമിനാരിയുടെ വൈസ് റെക്ടറായി നിയോഗിക്കപ്പെട്ട റവ. ഫാ. ഫ്രീജോ പാറയ്ക്കലിനും ദൈവശാസ്ത്രവിഭാഗം ഡീനായി നിയമിക്കപ്പെട്ട റവ. ഫാ. പോൾ പുളിക്കനും രജിസ്ട്രാറും എക്സാമിനേഷൻ കൺട്രോളറുമായി നിയമിതനായ റവ. ഫാ. ബിൽജു വാഴപ്പിള്ളിക്കും സെമിനാരികുടുംബം പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും നേർന്നു.

**3. കൃതജ്ഞതയോടെ**

സ്തുത്യർഹമായ സേവനത്തിനുശേഷം മേരിമാതാ മേജർ സെമിനാരിയോടു യാത്ര പറയുന്ന മോൺസിഞ്ഞോർ ജോർജ്ജ് മാനാടൻ, മോൺസിഞ്ഞോർ വർഗ്ഗീസ് ഞാളിയത്ത്, റവ. ഫാ. ബിജു നാഞ്ഞിലത്ത് എന്നിവർ 2021 മാർച്ച് 15-ാം തിയ്യതി സെമിനാരികുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ചു. സെമിനാരിയിലെ എല്ലാ വൈദികരും വൈദികവിദ്യാർത്ഥികളും ദിവ്യബലിയിൽ സംബന്ധിച്ച് അവരെപ്രതി ദൈവത്തിന് നന്ദിയർപ്പിച്ചു. ബ്രദർ അരുൺ കാഞ്ഞിരത്തിങ്കൽ സെമിനാരികുടുംബത്തെ പ്രതിനിധീകരിച്ച് മൂവർക്കും ആശംസകൾ നേർന്നു. ബഹുമാനപ്പെട്ട ജോർജജച്ചനോടും വർഗ്ഗീസച്ചനോടും ബിജുവച്ചനോടും മേരിമാതാ കുടുംബം ഏറെ കടപ്പെട്ടിരിക്കുന്നു.

**4. അവധിക്കാലം**

സെമിനാരി പരിശീലനത്തിന്റെ ഒരു അധ്യയനവർഷംകൂടി പിന്നിട്ട് സ്വന്തം രൂപതകളിലേക്കും സന്യാസഭവനങ്ങളിലേക്കും മാർച്ച് 15-ാം തിയ്യതി ബ്രദേഴ്സ് യാത്രതിരിച്ചു. തങ്ങളുടെ കുടുംബാംഗങ്ങളുടെയും ഇടവകക്കാരുടെയും കൂടെയായിരുന്ന് പ്രായോഗിക അനുഭവങ്ങളും ബോധ്യങ്ങളും സുദൃഢമാക്കി മെയ് 30-ാം തിയ്യതി വീണ്ടും അവർ സെമിനാരിയിൽ തിരിച്ചെത്തും.

**5. ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. ശ്രീ. ഷോണി പി. ആർ., പെരുമാടൻ ഹൗസ്, ഒല്ലൂർ, തൃശ്ശൂർ.
2. ശ്രീ. ഫ്രാൻസിസ് ഒ. എ., ഒലക്കേങ്കിൽ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ.
3. ശ്രീമതി എമിലിക്കുട്ടി ചൂരക്കുഴി, C/o, ശ്രീ. ജോസ് പുളിക്കതാഴത്ത്, പീച്ചി, തൃശ്ശൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# മൈനർ സെമിനാരി

**1. മാസ ധ്യാനം**

ഈ അദ്ധ്യയന വർഷത്തിലെ അവസാനത്തെ മാസധ്യാനത്തിന് മാർച്ച് 5, 6 തിയ്യതികളിൽ മൈനർ സെമിനാരിക്കാർക്ക് ബഹു. ജെയ്സൻ പുലിക്കോട്ടിലച്ചനും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്ക് ബഹു. ബിൽജു വാഴപ്പിള്ളിയച്ചനും ധ്യാന ചിന്തകൾ നൽകി.

**2. അവധിക്കാലം**

മൈനർ സെമിനാരിയിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ പരീക്ഷകൾ മാർച്ച് 3 മുതൽ 15 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ നടന്നു. ഈ വർഷത്തെ വേനലവധി മാർച്ച് 15ന് ആരംഭിച്ചു. മെയ് 17–ാം തിയ്യതി സെമിനാരി വീണ്ടും സാധാരണനിലയിൽ പ്രവർത്തനസജ്ജമാകും.

**3. മ്ശംശാന, ഹെവുപ്പദ്യാക്കോന, കാറോയ പട്ടങ്ങൾ**

തൃശൂർ അതിരൂപതയിലെ ദൈവശാസ്ത്ര പരിശീലനം നേടിക്കൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികൾ മാർച്ച് 27ന് സെന്റ് മേരീസ് മൈനർ സെമിനാരിയിൽവെച്ച് മ്ശംശാന, ഹെവുപ്പദ്യാക്കോന, കാറോയ പട്ടങ്ങൾ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൈവെപ്പു ശുശ്രൂഷ വഴി സ്വീകരിച്ചു.

**4. മാതാപിതാക്കളുടെ സംഗമം**

ഈ അദ്ധ്യയനവർഷം മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കൾ ഫെബ്രുവരി 20–ാം തിയ്യതി ഇവിടെ ഒത്തുചേർന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലി അർപ്പിച്ച് വൈദിക വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും സന്ദേശം നൽകുകയും ചെയ്തു.

**5. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. വർഗ്ഗീസ് ബേബി, പല്ലിശേരി ഹൗസ്, തൃശൂർ ബസിലിക്ക
2. ശ്രീ നെൽജോ നീലങ്കാവിൽ, കൊട്ടേക്കാട്
3. ശ്രീ ജെസ്റ്റിൻ എ. കാട്ടൂക്കാരൻ, ഒളരി
4. ശ്രീ. ഹെൻറി ജോർജ്ജ്, പെരിഞ്ചേരി
5. നിർമ്മൽറാണി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസ്, ചേറ്റുപുഴ

6. മേരി ടീച്ചർ, ചുങ്കത്ത് ഹൗസ്, ഒല്ലൂർ
7. ശ്രീ. വർഗ്ഗീസ് ഏ.ടി., അറക്കൽ ഹൗസ്, പഴയങ്ങാടി, വേലൂർ
8. പ്രൊഫ. കെ.ടി. ജോർജ്ജ്, കുന്നത്തുപറമ്പിൽ മരിയാപുരം
9. ശ്രീമതി അൽഫോൻസ ജോയി, ചിറയത്ത് ഹൗസ്, തിരൂർ
10. ശ്രീ. ആന്റോ പോൾ, കിടങ്ങൻ ഹൗസ്, തൃശൂർ കത്തീഡ്രൽ
11. ശ്രീ. സി.ആർ. ഇനാശു, ചിറയത്ത് ഹൗസ്, കോടന്നൂർ
12. ശ്രീ. എം.എൽ. തോമസ്, മുരിങ്ങാത്തേരി ഹൗസ്, മുണ്ടൂർ
13. ശ്രീ. ജോസഫ് ഇ.വി., ഇടയാടിൽ ഹൗസ്, പുല്ലഴി
14. ഫാ. ലോറൻസ് ഒലക്കേങ്കിൽ, വിയാനി ഭവൻ, ചേറൂർ
15. സി. ജിസ്മി വർഗ്ഗീസ്, എഫ്.സി.സി. വൈലത്തൂർ

ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേർന്ന് അവിടുത്തെ കരുണ അനേകർക്ക് പകർന്നുകൊടുക്കാനൊരുങ്ങുന്ന വൈദിക വിദ്യാർത്ഥികളെ സഹായിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. നട്ടെല്ലിന്റെ അപൂർവ്വ ശസ്ത്രക്രിയ : നേട്ടം വീണ്ടും ജൂബിലിയിൽ**

നട്ടെല്ലിന്റെയും സുഷുമ്നനാഡിയുടേയും ഇടയിൽ രൂപപ്പെട്ട മുഴ അതിസങ്കീർണ്ണമായ താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ വിജയകരമായി നീക്കം ചെയ്തു. ന്യൂറോ സർജറി വിഭാഗത്തിലെ ഡോ. രമേഷ് എസ്. ആണ് ശസ്ത്രക്രിയ ചെയ്തത്. 42 വയസ്സുള്ള പാലക്കാട് സ്വദേശിയായ ബേബിയാണ് കാലിന്റെ ബലക്ഷയവും നടുവേദനയും മൂലം ശസ്ത്രക്രിയയ്ക്ക് വിധേയനായത്. ഡോ. ശ്രീവല്ലി, ഡോ. വിജിൽ, ഡോ. ജോവീറ്റോ, ഡോ. ആതിര, സ്റ്റാഫ് നേഴ്സുമാരായ ഐവിമോൾ, സ്മിത എന്നിവരും സർജറിയിൽ പങ്കാളികളായിരുന്നു. കേരളത്തിൽ ഇത്തരം ശസ്ത്രക്രിയ ചെയ്യുന്ന അപൂർവ്വ

ആശുപത്രികളിലൊന്നാണ് ജൂബിലി. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നടക്കുന്ന ഇത്തരത്തിലുള്ള 7-ാമത്തെ ശസ്ത്രക്രിയയാണ് ഇത്.

**2. ഡോ. ഗഗൻദീപ് കാങ് തൃശ്ശൂരിൽ**

കോവിഡ് പ്രതിരോധ കുത്തിവെയ്പ്പിന്റെ രണ്ടാം ഘട്ടത്തിൽ രാജ്യം എത്തിനിൽക്കുമ്പോൾ ആ മേഖലയിലെ വിദഗ്ദയും, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലെ പ്രൊഫസറുമായ ഡോ. കാങ് 'കോവിഡ് വൈറസ്, വാക്സിൻ, ജനിതക വകഭേദങ്ങൾ' എന്ന വിഷയത്തിൽ ജൂബിലിയിലെ മദർ തെരേസ ഹാളിൽ പ്രഭാഷണം നടത്തി.

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗവേഷണവിഭാഗം ഡയറക്ടർ ഡോ. ഡി. എം. വാസുദേവന്റെ അധ്യാപന-ഗവേഷണ പ്രവർത്തനങ്ങളുടെ 50-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയ എൻഡോവ്മെന്റ് പ്രഭാഷണ പരമ്പരയിലെ മൂന്നാമത് ചടങ്ങിനാണ് വെൽക്കം ട്രസ്റ്റ് ലബോറട്ടറിയുടെ മേധാവികൂടിയായ ഡോ. കാങ് തൃശ്ശൂരിലെത്തിയത്. കുട്ടികളെ ബാധിക്കുന്ന റോട്ടോവൈറസ് ഗവേഷണത്തിൽ അന്തർദ്ദേശീയ ശ്രദ്ധ നേടിയ ഡോ. കാങ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷൻ, വെൽക്കം ട്രസ്റ്റ് തുടങ്ങിയ മുൻനിര സ്ഥാപനങ്ങളുടെ സഹായത്തോടെ വാക്സിനേഷനെക്കുറിച്ച് ഗവേഷണം നടത്തുന്നു. വാക്സിൻ 'ഗോഡ് മദർ' എന്ന വിശേഷണമുള്ള ഡോ. കാങുമായി രണ്ട് ഗവേഷണപദ്ധതികളിൽ ജൂബിലി പങ്കാളിയാണ്. ലോകാരോഗ്യസംഘടനയുടെ വാക്സിൻ സുരക്ഷയെകുറിച്ചുള്ള ഉപദേശകസമിതി അംഗമായ ഡോ. കാങ് ഫരീദാബാദിലെ കേന്ദ്രഗവൺമെന്റ് സ്ഥാപനമായ ട്രാൻസ്‌ലേഷണൽ ഹെൽത്ത് സയൻസ് ടെക്നോളജിയുടെ ഡയറക്ടറും ആയിരുന്നു.

**3. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യ സംഘടിപ്പിച്ച ASI VIRTUAL ASICON- 2020 യുടെ 80-ാമത് ദേശീയ സമ്മേളനത്തിൽ ഡോ. ആൽഫി ജെ. കവലക്കാട്ടിന്റെ (അസ്സോസിയേറ്റ് പ്രൊഫസർ) മാർഗ്ഗനിർദ്ദേശപ്രകാരം പോസ്റ്റർ അവതരണത്തിന് ഡോ. അഭിജിത് വി. ഒന്നാം സമ്മാനം നേടി.

**4. ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഡോ. നിഷ ഫ്രാൻസിസ് ആലപ്പാട്ട്, ഡിപ്പാർട്ടുമെന്റ് ഓഫ് ഇംഗ്ലീഷ്, വിമല കോളേജ്, തൃശ്ശൂർ (71 ഡയാലിസിസ്)
- റിയ ജിനോ, അറക്കൽ ഹൗസ്, കിരാലൂർ, തൃശ്ശൂർ (14 ഡയാലിസിസ്)

**5. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ജോർജ്ജ്കുട്ടി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജോസ് ടി. ജെ, തൈക്കാട്ടിൽ ഹൗസ് മുള്ളൂർ, പറപ്പൂർ, തൃശ്ശൂർ
- ആന്റണി ജേക്കബ്
- ഷേർളി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- എൽഡ ലിൻ, കാർഡിയാക് OT, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഡോ. ലോല രാമചന്ദ്രൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- അനിൽ കുര്യാക്കോസ്
- നിത്യ കുഴിക്കണ്ടത്തിൽ
- ആൻ വർഗ്ഗീസ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഡോ. ജൂലിയറ്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജൂബിലി സ്റ്റാഫ്
- വിനോദ് ജേക്കബ്
- Mother & Co., എഫ്.സി.സി. കോൺവെന്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഫ്രാൻസിസ് പാണഞ്ചേരി
- മിനി ഫ്രാൻസിസ്, വടൂക്കര
- ഡോ. ഗിൽവാസ് പി. സി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മിനി ആന്റോ, കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജേക്കബ് സി. വി, ചാലിശ്ശേരി ഹൗസ്, വലപ്പാട്, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പേട്രൻസ് ഡേ & ഹോം ഡേ ആഘോഷങ്ങളും യാത്രയയപ്പും**

തൃശൂർ സെന്റ് തോമസ് കോളേജിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പേട്രൻസ്, ഹോംഡേ ആഘോഷത്തോടെ ഈ വർഷം വിരമിക്കുന്ന അദ്ധ്യാപക, അനദ്ധ്യാപകർക്ക് യാത്രയയപ്പ് നൽകി. കലാലയത്തിന്റെ സ്വത്തായ വിദ്യാർത്ഥികളെ ഓൺലൈനിലൂടെ പങ്കെടുപ്പിച്ച് പ്രാതിനിധ്യ സ്വഭാവത്തോടെ നടത്തപ്പെട്ട ഈ സമ്മേളനം തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. പേട്രൻസ്ഡേയുടെ ഭാഗമായി കോളേജിന്റെ പേട്രൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ ആദരിച്ചു. ഹോംഡേയുടെ ഭാഗമായി ഡോക്ടറേറ്റ് നേടിയ 10 അദ്ധ്യാപകരേയും, 7 വിദ്യാർത്ഥികളേയും ആദരിച്ചു. കഴിഞ്ഞ വർഷത്തെ മികച്ച ഗവേഷണ അവാർഡിന് ഡോ. ജോബി തോമസ് കെ. യെ തെരഞ്ഞെടുത്ത് ആദരിച്ചു. കഴിഞ്ഞ സെമസ്റ്ററിന്റെ കോളേജ് ന്യൂസ് ലെറ്റർ, ക്രോണിക്കിൽ മാനേജർ മാർ ടോണി നീലങ്കാവിൽ പ്രകാശനം ചെയ്തു.

എക്സിക്യൂട്ടീവ് മാനേജർ റവ. ഫാദർ വർഗീസ് കുത്തൂർ സ്വാഗതം ആശംസിച്ച യോഗത്തിൽ മാനേജർ മാർ ടോണി നീലങ്കാവിൽ, ബർസാറും വൈസ് പ്രിൻസിപ്പാളുമായ ഫാ. മാർട്ടിൻ കൊളമ്പ്രത്ത് എന്നിവർ റിട്ടയർ ചെയ്യുന്ന അദ്ധ്യാപക, അനദ്ധ്യാപകർക്ക്, സേവനകാലത്തെ അനുസ്മരിച്ച് കൃതജ്ഞത നേർന്നു. ഈ വർഷം റിട്ടയർ ചെയ്യുന്ന കോളേജ് പ്രിൻസിപ്പാൾ ഡോ. ജോയ് കെ.എൽ, വൈസ് പ്രിൻസിപ്പാൾ ഡോ. ജോബി തോമസ് കെ, സയൻസ് ഡീൻ ഡോ. ബ്രിട്ടോ ജോസഫ്, ആർട്ട്സ് & ഹ്യുമാനിറ്റീസ് ഡീൻ ഡോ. സനൽ രാജ്. ജെ എന്നീ അദ്ധ്യാപകർക്കും, ഹെർബേറിയം കീപ്പർ ശ്രീ പോൾ വി.ജെ, ലൈബ്രറി അസിസ്റ്റന്റ് ശ്രീ ജസ്റ്റിൻ സെബാസ്റ്റ്യൻ പി.ഡി, ലബോറട്ടറി അസിസ്റ്റന്റുമാരായ ശ്രീ ജോസഫ് സി. ടി, ശ്രീ ജോസഫ് കെ. വി എന്നിവർക്ക് കോളേജും, പി.റ്റി.എ യും ഉപഹാരങ്ങൾ നൽകി ആദരിച്ചു. വൈസ് പ്രിൻസിപ്പാൾ സി: ഡോ. അൽഫോൻസാ മാത്യു, സീനിയർ സൂപ്രണ്ട് ശ്രീ ആന്റു പി.ജെ, വിദ്യാർത്ഥി പ്രതിനിധി കുമാരി സ്റ്റെഫി ബേബി, പി.റ്റി.എ വൈസ് പ്രസിഡന്റ് അഡ്വ. ടോജു ജെ. നെല്ലിശ്ശേരി, റിട്ടയേർഡ് സ്റ്റാ

ഫ് പ്രതിനിധി ഡോ. സി.റ്റി. പോൾ, ഒ.എസ്.എ പ്രസിഡന്റ് ശ്രീ പി.എം. തോമസ് എന്നിവർ വിരമിക്കുന്ന സെന്റ് തോമാസ് അംഗങ്ങൾക്കും, പേട്രനും, ഗവേഷണ മികവ് കാണിച്ച അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും അഭിനന്ദന ആശംസകൾ നൽകി. വിദ്യാർത്ഥികളുടെ കലാവിരുന്നു കളോടെയും, സ്നേഹ വിരുന്നുകളോടേയും നടത്തപ്പെട്ട മൂന്നു പരിപാടികൾക്കും കൺവീനർ ഡോ. പി.എം ജോയ് നന്ദി പ്രകാശിപ്പിച്ചു.

**2. ലോക തണ്ണീർതട ഡേ ആചരിച്ചു**

സുവോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ലോക തണ്ണീർ തട ദിനത്തോടനുബന്ധിച്ച് വെബിനാർ സംഘടിപ്പിച്ചു. 'വാട്ടർ, വെറ്റ്ലാന്റ് ആൻഡ് ലൈഫ്  എന്ന വിഷയത്തിൽ ഐ.ആർ.ടി.സി ഡയറക്ടർ ഡോ. എസ് ശ്രീകുമാർ വെബിനാറിൽ മുഖ്യപ്രഭാഷണം നടത്തി.

**3. പരിസ്ഥിതി സൗഹൃദ കാമ്പസ്**

പഠനത്തോടൊപ്പം പരിസ്ഥിതി പരിപാലനത്തിന്റെ ഭാഗമായി ഹാങ്ങിംഗ് ഗാർഡൻ (വെർട്ടിക്കൽ), വളർത്തുമൃഗങ്ങളുടെ പരിപാലനം, എള്ള് , നേന്ത്രവാഴ, പച്ചക്കറികൃഷി എന്നിവ കോളേജിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചു. ഗാന്ധിസ്മൃതി മ്യൂറൽ പെയിന്റിംഗ് കൊണ്ട് ഹരിതാപമാക്കി. വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും ആരോഗ്യപരിപാലനത്തിന്റെ ഭാഗമായി കോളേജിൽ കൃഷിചെയ്ത എള്ളുകൊണ്ട് എള്ളുണ്ട ഉണ്ടാക്കി വിതരണം ചെയ്തു. എള്ള് കുറഞ്ഞ വിലയ്ക്ക് വിൽപന നടത്തി. ഇക്കോ ഫ്രണ്ട്ലി ഓപ്പൺ തിയ്യറ്ററിന്റെ ഉത്ഘാടനം മാർ ടോണി നീലങ്കാവിൽ നിർവ്വഹിച്ചു.

**4. വെബിനാർ സംഘടിപ്പിച്ചു**

* ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ജീൻസ് ന്യൂട്രീഷ്യൻ ആന്റ് ഹെൽത്ത്  എന്ന വിഷയത്തിൽ ഇന്റർനാഷണൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. ടാപ്പാസ് പ്രധാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത്, നോർത്ത് കരോലിന, യു.എസ്.എ, ഡോ. അനീഷ്കുമാർ അശോകൻ മായോ ക്ളിനിക്, റോച്ചെസ്റ്റർ യു.എസ്.എ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

* ക്രൈസ്റ്റ് ഡീംഡ് യൂണിവേഴ്സിറ്റി ബാഗ്ലൂർ സംഘടിപ്പിച്ച ഐ റ്റി ഫെസ്റ്റിൽ ജോമിയ ജോജു, അക്ഷയ ആന്റണി എന്നിവർ ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം നേടി.

**5. എം.ഒ.യു ഒപ്പിട്ട് സ്ഥാപനങ്ങൾ**

1) സെന്റ് മേരീസ് കോളേജ്

2) ഡ്രീം സോൺ
3) കേരള വനഗവേഷണകേന്ദ്രം പീച്ചി (കെ.എഫ്.ആർ.ഐ)
4) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
5) ജൂബിലി മിഷൻ ഹോസ്പിറ്റൽ

**6. വൈഗ അഗ്രി ഹാക്കത്തോൺ**

സംസ്ഥാന തല വൈഗ (കാർഷിക പ്രദർശന മേള) യോടനുബന്ധിച്ച് നടന്ന ഹാക്കത്തോണിന് കോളേജ് ആഥിധേയത്വം വഹിച്ചു. മൂന്നു ദിവസങ്ങളായി നടന്ന പരിപാടിയിൽ 60 ടീമുകൾ പങ്കെടുത്തു.

**7. വെബിനാർ**

സെമിനാർ 'സ്പീഷിസ് ദ പാഷൻ : ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തി വരാറുള്ള ആറാമത് 'സ്പീഷിസ് ദ പാഷൻ എന്ന സെമിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. ജോയി കെ.എൽ ഉദ്ഘാടനം ചെയ്ത സെമിനാറിൽ ഡോ. രമേഷ് മൂച്ചിക്കൽ അസി. പ്രൊഫസർ, ജാസൽ യൂണിവേഴ്സിറ്റി സൗദിഅറേബ്യ മുഖ്യപ്രഭാഷണം നടത്തി. 4 ഇൻവൈറ്റഡ് ലക്ചർ, 9 പ്രസന്റേഷൻ എന്നിവ കൂടി സെമിനാറിൽ ഉണ്ടായിരുന്നു.

* സെക്ഷ്വൽ ഹരാസ്മെന്റ് പ്രിവെൻഷൻ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിച്ചു. അഡ്വ. റെബിൻ വിൻസെന്റ് ഗ്രാലൻ വെബിനാർ നയിച്ചു.

* സുവോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ യേശുദാസ് മെമ്മോറിയൽ ലക്ചർ സംഘടിപ്പിച്ചു. ഡോ. നൈജിൽ, അസി. പ്രൊഫസർ, സെന്റ് ജോസഫ് കോളേജ് ഇരിഞ്ഞാലക്കുട ക്ലാസ്സ് നയിച്ചു.

* സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ 'റീസന്റ് ഡവലെപ്മെന്റ് ഇൻ സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രൊബബിലിറ്റി എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു.

* എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ഫിഫ്റ്റീൻത്ത് ഫിനാൻസ് കമ്മീഷൻ ആൻഡ് ഹൊറിസോണ്ടൽ ഡെവലൂഷൻ : ഇംപാക്ട് ഓൺ സ്റ്റെറ്റ് ഫിനാൻസ് എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. പാർമ ചക്രവർത്തി വിഷയം അവതരിപ്പിച്ച് സംസാരിച്ചു.

* മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ദേശീയ വെബിനാർ സംഘടിപ്പിച്ചു. ഡോ. സി.ജെ. ജോർജ്ജ്, ഡോ. ബി.ആർ അംബേദ്ക്കർ മെമ്മോറിയൽ ഗവൺമെന്റ് കോളേജ്, ബാലുശ്ശേരി, കോഴിക്കോട്, ഡോ. ടി. ജിതേഷ് മധുര കാമരാജ് യൂണിവേഴ്സിറ്റി, മധുര എന്നിവർ 'സമകാലിക മലയാള ഭാഷാ വ്യവഹാരങ്ങളിലെ ന്യൂനത പ്രവണതകളും

പരീക്ഷണങ്ങളും   എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു.
* സുവോളജി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കോറൽ റീഫ് ആന്റ് ദെയർ കൺസർവേഷൻ' എന്ന വിഷയത്തിൽ സെമിനാർ സംഘടിച്ചു. ഡോ. എം.ജി. സനൽകുമാർ, ഡിപ്പാർട്ട്മെന്റ് തലവൻ, എൻ.എസ്.എസ്. കോളേജ് പന്തളം സെമിനാറിൽ ക്ലാസ്സു നയിച്ചു.
* സി.പി.ആർ.എ.സി.എസ്.ഐ.എസ് (സെന്റർ ഫോർ പെർഫോമൻസ് റിസേർച്ച് ആന്റ് കൾച്ചറൽ സ്റ്റഡീസ് ഇൻ സൗത്ത് ഏഷ്യ) ന്റെ ആഭിമുഖ്യത്തിൽ ഇന്റർനാഷണൽ വർക്ക്ഷോപ്പ് നടത്തി. പ്രൊഫ. സനിൽ വി., ഐ.ഐ.റ്റി ഡൽഹി, പ്രൊഫ. എസ്തർ ലെസ്ലി, യൂണിവേഴ്സിറ്റി ഓഫ് ലണ്ടൻ വർക്ക്ഷോപ്പിൽ നേതൃത്വം നൽകി.
* ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'അക്കാദമിക് റൈറ്റിംങ്ങിൽ വർക്ക്ക്ഷോപ്പ് നടത്തി. ഡോ. ചെറി മാത്യൂ  പീലിപ്പോസ്, ഡോ ദീപേഷ് സി., ശിവസുബ്രഹ്മണ്യ നാടാർ കോളേജ് ചെന്നൈ എന്നിവർ ക്ലാസ്സുകൾ നയിച്ചു.
* കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന വർക്ഷോപ്പ് 'ജോബ് എസൻഷ്യസ്   എന്ന വിഷയത്തിൽ സംഘടിപ്പിച്ചു. വിവിധ മേഖലകളിലെ വിദഗ്ദർ ക്ലാസ്സുകൾ നയിച്ചു.
* ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സയൻസ് ഡേയോടനുബന്ധിച്ച് 'ഇൻ റ്റു ദ ഹാർട്ട് ഓഫ് മാറ്റർ ആന്റ് യൂണിവേഴ്സ് എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. വിഷ്ണുനാഥ് കെ.എൻ, പോസ്റ്റ് ഡോക്ടറൽ ഫെല്ലോ, ഫിസിക്കൽ റിസർച്ച് ലബോറട്ടറി, നവരംഗപുര, അഹമ്മദാബാദ്.
* ഓർഗാനിക് ഫാമിംഗ് ക്ലബിന്റെ ആഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിച്ചു. ശ്രീ ബൈജു ടി.പി, ഡപ്യു. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ വെബിനാർ നയിച്ചു.
* എൻ.എസ്.എസ് യൂണീറ്റും, ജില്ലാ വനിത ശിശുക്ഷേമ വകുപ്പുമായി സഹകരിച്ച് 'ശ്രീ ശാക്തീകരണം   എന്ന വിഷയത്തിൽ 'ദിശ്   എന്ന പേരിൽ വനിത ശാക്തീകരണ പരിപാടി സംഘടിപ്പിച്ചു.
* അന്തർദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് 'അട്രോസിറ്റീസ് എഗയ്ൻസ്റ്റ് വുമൻ   എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഡോ. റോസ് വർഗീസ്, മുൻ വൈസ് ചാൻസലർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, വെബിനാർ നയിച്ചു.

**8. നേട്ടം**

* 36–ാം മത് ദേശീയ ജൂനീയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ആൻസി സോജൻ 200 മീറ്റർ ഗോൾഡ് മെഡൽ,  64–ാംമത് കേരള സംസ്ഥാ

ന ജൂനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ സലിഹ കെ. എച്ച് ഗോൾഡ്, ആരതി ആർ 400 ഹഡിൽസ് ഗോൾഡ് മെഡൽ ലഭിച്ചു.
* ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഡോ. ബിജു സി.എസ് ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഓഡിയോ വിഷ്വൽ കമ്മ്യൂണിക്കേഷന്റെ ബോർഡ് ഓഫ് സ്റ്റഡീസിൽ ചെയർമാൻ സ്ഥാനം ലഭിച്ചു.
* **ഡോക്ടറേറ്റ് നേടി :**
1) മിസ് സൗമ്യ മാത്തുക്കുട്ടി ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. ബിജു സി. എസി ന്റെ ഗവേഷണ മേൽനോട്ടത്തിൽ ഡോക്ടറേറ്റ് നേടി.
2) പ്രൊഫ. വിപിൻ ബെന്നി കോമേഴ്സ് വിഭാഗം അദ്ധ്യാപകൻ എം. ജി. യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടി.
3) മിസ്. സോയ ജോസഫ്, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകനും ആർട്ട്സ് & ഹ്യുമാനിറ്റീസ് ഡീനുമായ ഡോ. സനൽരാജിന്റെ മേൽനോട്ടത്തിൽ ഡോക്ടറേറ്റ് നേടി.
* **പ്രസംഗമത്സരം** :

തിരുവനന്തപുരം, മാറനല്ലൂർ ക്രൈസ്റ്റ് നഗർ കോളേജിൽ നടത്തപ്പെട്ട അഖിലകേരള പ്രസംഗ മത്സരത്തിൽ ഇംഗ്ലീഷ് വിഭാഗത്തിലെ മിസ്. അഞ്ജിത മേരി ജെയിംസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി

**9.** ഇ.ഡി ക്ലബിന്റെ ആഭിമുഖ്യത്തിൽ കോളേജിൽ കൃഷി ചെയ്ത എള്ളുകൊണ്ട് എള്ളുണ്ടയുണ്ടാക്കി കോളേജ് സ്റ്റാഫ് അംഗങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്തു.

**10. എംപ്രസ 2021**

കോമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 'എംപ്രസ 2021 എന്ന പേരിൽ വിവിധ മത്സരങ്ങൾ (ഫോട്ടോഗ്രാഫി, ക്വിസ്, മാനേജ്മെന്റ്, ഗെയിം) നടത്തി.

**11. ഉദ്ഘാടനം**

എസ്.ഐ.ഐ.എഫ്.എൽ (സാംതോം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ആൻഡ് ഫോറിൻ ലാൻഗ്വേജസ്) ന്റെ ആഭിമുഖ്യത്തിൽ ജർമ്മൻ & സിറിയക്ക് 2021 ബാച്ചിന്റെ ഉത്ഘാടനം പ്രിൻസിപ്പാൾ ഡോ. ജോയ് കെ.എൽ നിർവ്വഹിച്ചു.

**12. കോവിഡ് വാക്സിൻ സെന്റർ**

ജില്ലയിലെ കോവിഡ് വാക്സിന്റെ സെന്ററായി രണ്ടു ദിവസം കോളേജ് പ്രവർത്തിച്ചു.

**13. പൂർവ്വ വിദ്യാർത്ഥി സംഘടനാ ഭാരവാഹികൾ**

പൂർവ്വ വിദ്യാർത്ഥി സംഘടനാ യോഗം ചേർന്ന് പുതിയ ഭാര

വാഹികളെ തെരഞ്ഞെടുത്തു. പൂർവ്വ വിദ്യാർത്ഥികൾ ഏർപ്പെടുത്തിയ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. പുതിയ ഭാരവാഹികളായി ഡോ. എം. ജയപ്രകാശ് പ്രസിഡന്റ്, ഡോ. കെ.പി നന്ദകുമാർ, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുത്തു.

**14. ഫിലിം ഫെസ്റ്റിവൽ**

മീഡിയ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഐ.എഫ്.എഫ്.റ്റി യുമായി സഹകരിച്ച് അന്തർദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് 8 ചലച്ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

**ഡോ. പി. വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ

# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**1. ദേശീയ സയൻസ് ദിനാചരണം**

സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെയും കടാശ്ശ യുടെയും ആഭിമുഖ്യത്തിൽ Future of STI : Impacts on Education Skills and Work എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ മത്സരം നടത്തി. BSH ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടത്തിയ ഓൺലൈനിൽ സെമിനാറിൽ കോതമംഗലം MBITS പ്രിൻസിപ്പൽ ഡോ. സോജൻലാൽ മുഖ്യപ്രഭാഷണം നടത്തി.

**2. വെബിനാർ**

കളക യുടെ നേതൃത്വത്തിൽ Bacteria Concrete : An Innovative Approach towards Sustainable Future എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ വെബിനാറിൽ ബാംഗ്ലൂർ BMS കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ സൗമ്യ സി., ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ പാർത്ഥിപൻ പി., ആൽവിൻ വർഗ്ഗീസ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.

ഫെബ്രുവരി 20 ാം തിയ്യതി സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ The Green side of Precast Concrete എന്ന വിഷയത്തെ ആസ്പദമാക്കി ബാംഗ്ലൂർ ആണ്ടട കോളേജിലെ അസി. പ്രൊഫസർ നന്ദിത പാൽ മുഖ്യപ്രഭാഷണം നടത്തി.

**3. OET - IELTS കോച്ചിങ്ങ്**

തൃശൂർ DBCLC യിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ആഭിമുഖ്യത്തിൽ OET & IELTS കോച്ചിങ്ങ് നടക്കുന്നു. ഒറ്റത്തവണ ഫീസിൽ പരീക്ഷ എഴുതുന്നതുവരെയും പഠിപ്പിക്കുന്നു എന്നതാണ് ജ്യോതി സെന്ററിന്റെ പ്രത്യേകത. അന്വേഷണങ്ങൾക്ക് 9496167477, 9387773240, 9526984455 എന്നീ നമ്പറുകളിലേക്ക് വിളിക്കുക.

**4. ക്യാമ്പസ് റിക്രൂട്ട്മെന്റ്**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ക്യാമ്പസ് റിക്രൂട്ട്മെന്റിന്റെ ഭാഗമായി Experion Technologies IT കമ്പനിയിലേക്ക് കോളേജിൽ നിന്നും പത്തോളം വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു.

**5. സൗജന്യ എൻട്രൻസ് കോച്ചിങ്ങ്**

ജ്യോതി കോളേജിന്റെ ആഭിമുഖ്യത്തിൽ KEAM എൻട്രൻസ് കോച്ചിങ്ങ് സൗജന്യമായി നല്കുന്നു. താല്പര്യമുള്ള വിദ്യാർത്ഥികൾ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. +91 9526934455, +91 9526924455

**6. വനിതാദിനം 2021**

വനിതാദിനത്തോടനുബന്ധിച്ച് Women's Development Cell ന്റെ നേതൃത്വത്തിൽ Choose to Challenge എന്ന വിഷയത്തെ ആസ്പദമാക്കി മാർച്ച് 8 ാം തിയ്യതി Ms. Timcy Thomas (Kincentric India Talent Advisory Consultant) സംസാരിച്ചു. സ്റ്റാഫിനും, സ്റ്റുഡന്റ്സിനും വേണ്ടി നടത്തിയ #ChoosetoChallenge ഇമേജ് ക്യാംപയിനിൽ അമ്പതോളം വിദ്യാർത്ഥികളും സ്റ്റാഫും പങ്കെടുത്തു.

**7. നേട്ടങ്ങൾ:**

**വെർച്വൽ ഹാക്കത്തോൺ**

അന്താരാഷ്ട്രതലത്തിൽ നടത്തപ്പെട്ട CISCO Webex Virtual Hackathon മത്സരത്തിൽ കമ്പ്യൂട്ടർ സയൻസ് അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികളായ വാണി, ഋഷികേശ്, ഉല്ലാസ്, ശ്രീകാന്ത് എന്നിവരുടെ പ്രോജക്റ്റിന് ഒന്നാം സമ്മാനം ലഭിച്ചു.

**പോസ്റ്റർ മത്സരം**

സംസ്ഥാന തലത്തിൽ കാലടി ആദിശങ്കര എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടത്തപ്പെട്ട IEDC Summit 2021 ന്റെ ഭാഗമായി നടത്തിയ പോസ്റ്റർ മത്സരത്തിൽ രണ്ടാം വർഷ മെക്കട്രോണിക്സ് വിദ്യാർത്ഥി അജിൻ കെ. ജെ. ഒന്നാം സമ്മാനം നേടി.

സംസ്ഥാനതലത്തിൽ NSS വളണ്ടിയേഴ്സിന് വേണ്ടി നടത്തിയ പോസ്റ്റർ ഡിസൈനിങ്ങ് മത്സരത്തിൽ സിൻഡ ഫിലോമിൻ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**8. അഗ്രിഹാക്കത്തോൺ 2021 :** സംസ്ഥാന ഗവൺമെന്റ് സംഘടിപ്പിച്ച അഗ്രി–ഹാക്കത്തോണിൽ അറുനൂറ് ടീമുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 20 ടീമുകളിൽ ഇടം നേടിയ കമ്പ്യൂട്ടർ സയൻസ് അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. നന്ദിയോടെ**

തൃശൂർ അതിരൂപത കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ മാനേജർ എന്ന ഉത്തരവാദിത്വം കഴിഞ്ഞ ആറ് വർഷത്തോളം ഏറെനന്നായി നിറവേററി സ്ഥാനമൊഴിഞ്ഞ പെരിയ ബഹുമാനപ്പെട്ട ആന്റണി ചെമ്പകശേരി അച്ചന് സ്നേഹപൂർവ്വം നന്ദിയർപ്പിക്കുന്നു.

**2. മാനേജേഴ്സ് മീററിംങ്ങ്**

മാർച്ച് 4ന് കൂടിയ തൃശൂർ അതിരൂപത കോർപറേറ്റ് മാനേജേഴ്സ് മീററിംങ്ങിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അദ്ധ്യക്ഷത വഹിച്ചു. ബഹുമാനപ്പെട്ട മോൺ. തോമാസ് കാക്കശ്ശേരി സ്വാഗതമാശംസിച്ച് സംസാരിച്ചു. അതിരൂപതയിലെ വിവിധ സന്യസ്ത സമൂഹങ്ങളുടെ കോർപറേറ്റ് പ്രതിനിധികൾ മീററിംങ്ങിൽ സംബന്ധിച്ചിരുന്നു. വിദ്യാഭ്യാസ മേഖലയിലുള്ള സർക്കാരിന്റെ പുതിയ ഉത്തരവുകളെ സംബന്ധിച്ച് ശ്രീ ജോഷി വടക്കൻ മാസ്ററർ ക്ലാസ് നയിക്കുകയും പ്രസ്തുത വിഷയത്തെ ആധാരമാക്കിയുള്ള ചർച്ച നടത്തുകയുണ്ടായി. ആശങ്കകളും അഭിപ്രായങ്ങളും വിദ്യാഭ്യാസമന്ത്രിയെ അറിയിക്കുവാൻ യോഗം തീരുമാനിച്ചു. മാനേജർമാരുടെ പ്രതിനിധികളായി സ്ററാഫ് സെലക്ഷൻ കമ്മററിയിലേയ്ക്ക് റവ. ഫാ. ഫ്രാൻസീസ് നീലങ്കാവിൽ, റവ. ഫാ. ജോൺസൻ കുണ്ടുകുളം എന്നിവരെ യോഗം തെരഞ്ഞെടുത്തു. പുതുതായി മാനേജർ സ്ഥാനം ഏറെറടുത്ത ഫാ. ജോയ് അടമ്പുകുളം നന്ദി പറഞ്ഞു.

**3. റിട്ടയർമെന്റ് ലിസ്റ്റ് 2020–2021**

| Sl. | Name | Designation | Date of Birth | Subject | School from where the retirement effects | Parent school |
|---|---|---|---|---|---|---|
| 1. | Jomy Francis Mekkattukulam | Principal | 26/05/65 | - | St. Thomas H.S.S., Engandiyur | H.S.S. Ammadam |
| 2. | Raisel Paul | Principal | 29/05/65 | - | St. John's H.S.S., Parappur | H.S.S. Thiroor |
| 3. | Juliana Daniel | Headmistress | 16/08/64 | - | St. Thomas H.S.S., Vallachira | H.S.S. Thope,Tsr. |
| 4. | C.V. Johnson | Headmaster | 11/03/65 | - | St. Thomas H.S.S., Mayannur | General |
| 5. | Joseph T.A. | Headmaster | 25/05/65 | - | St. Xavier's H.S., Chevoor | L.P.S. Karamuck |
| 6. | Babu Jos Thattil | Headmaster | 31/05/65 | - | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 7. | Jessy A.J. | Headmistress | 19/12/64 | - | St. F.X.R.C.U.P.S., Vatanappally | L.P.S. Pavaratty |
| 8. | Sheela Jose C. | Headmistress | 28/02/65 | - | St. Raphael's U.P.S., Kallur | H.S.S. Thiroor |

No.

| | | | | | |
|---|---|---|---|---|---|
| 9. Annie K.L. | Headmistress | 15/05/65 | - | St. Mary's U.P.S., Vendore | H.S.S. Pudukad |
| 10. Joicy C.R. | Headmistress | 25/05/65 | - | St. Xavier's U.P.S., Velur | H.S.S. Thiroor |
| 11. Beena K.J. | Headmistress | 20/11/64 | - | St. Mary's L.P.S., Puthumanassery | H.S. Enamakkal |
| 12. Jose M.D. | Headmaster | 07/04/65 | - | St. Mary's L.P.S., Engandiyur | H.S.S. Engandiyur |
| 13. Davis K.J. | Headmaster | 24/05/65 | - | Church School, Karamuck | General |
| 14. Lizy Raphael | HSST | 18/10/64 | Mathematics | St. Antony's H.S.S., Pudukad | U.P.S. Kodannur |
| 15. Anila Sebastian | HSST | 30/05/65 | Commerce | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 16. Devis M.K. | HST | 30/05/65 | Social Science | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 17. Gracy A.N.P. | HST | 15/03/65 | Mathematics | St. Antony's H.S.S., Pazhuvil | L.P.S. Kanjany |
| 18. Sherly C.A. | HST | 09/05/65 | Mathematics | St. John's H.S.S., Parappur | H.S.S. Vallachira |
| 19. Shilly P.J. | HST | 28/05/65 | Mathematics | St. Antony's H.S.S., Ammadam | U.P.S. Kodannur |
| 20. Jolly Joseph N. | HST | 30/05/65 | Mathematics | St. Thomas H.S.S., Vallachira | H.S. Mannampetta |
| 21. Jessy Mary C.J. | HST | 31/05/65 | Mathematics | St. Sebastian's H.S., Mannamangalam | H.S.S. Engandiyur |
| 22. Joisy M.A. | HST | 26/11/64 | Malayalam | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 23. Margret T.J. | HST | 30/04/65 | Malayalam | St. Sebastian's H.S., Chittattukara | H.S.S. Velupadam |
| 24. Laila Manuel | HST | 25/09/64 | Hindi | St. Sebastian's H.S., Mannamangalam | U.P.S. Kallur |
| 25. Sheena Paul | HST | 13/12/64 | Hindi | St. Xavier's H.S., Chevoor | U.P.S. Lourdes, Thrissur |
| 26. Pushpam E.T. | HST | 04/03/65 | Hindi | St. Thomas H.S.S., Engandiyur | General |
| 27. Jancy M.C. | UPST | 10/08/64 | - | C.J.M.A.H.S.S., Varandarappilly | U.P.S. Vendore |
| 28. Happy Kathreena A.J. | UPST | 14/09/64 | - | St. Thomas H.S.S., Engandiyur | H.S.S. Engandiyur |
| 29. Sheela Joseph | UPST | 21/12/64 | - | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 30. Lisy K.A. | UPST | 15/02/65 | - | St. Mary's H.S., Chengaloor | H.S.S. Vallachira |
| 31. Johnson P.P. | UPST | 16/02/65 | - | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 32. Alice O.J. | UPST | 05/04/65 | - | St. Sebastian's H.S., Chittattukara | H.S. Chittattukara |
| 33. Beena K.U. | UPST | 24/04/65 | - | St. Raphael's U.P.S., Kallur | H.S. Mannampetta |
| 34. Baby T.J. | UPST | 14/05/65 | - | St. Joseph's H.S., Enamakkal | L.P.S. Arthat |
| 35. Jessy A.T. | UPST | 23/05/65 | - | St. Thomas U.P.S., Koonammoochi | L.P.S. Thiruvenkidom |
| 36. Joyi Joseph P. | UPST | 30/05/65 | - | St. Thomas H.S.S., Engandiyur | H.S.S. Engandiyur |
| 37. Shiney Davies | UPST | 31/05/65 | - | St. Thomas H.S.S Thope, Thrissur | H.S. Aranattukara |
| 38. Daly M.J. | LPST | 09/12/64 | - | St. Joseph's H.S., Enamakkal | H.S. Enamakkal |
| 39. Rosy K.J. | LPST | 16/02/65 | - | St. Mary's L.P.S., Enamakkal | L.P.S. Kuriachira |
| 40. Lizama K.D. | LPST | 17/05/65 | - | St. Thomas U.P.S., Kooanammoochi | H.S. Enamakkal |
| 41. Sharly T.V. | LPST | 25/05/65 | - | St. Antony's L.P.S., Varandarappilly | L.P.S. Varandarappilly |
| 42. Devies V.L. | Junior Hindi | 30/03/65 | - | St. Sebastian's H.S., Chittattukara | U.P.S. Poovathur |
| 43. Annie T.K. | Junior Arabic | 28/05/65 | - | St. Joseph's H.S., Enamakkal | U.P.S. Kottapady |
| 44. Benny K.P. | Drawing | 30/04/65 | - | St. Sebastian's H.S., Chittattukara | H.S. Mannamangalam |
| 45. Suseela K. | Drawing | 30/05/65 | - | St. Mary's H.S., Chengaloor | H.S. Chengaloor |
| 46. Joy K.F. | Physical Education | 29/05/65 | - | St. Thomas H.S.S Thope, Thrissur | H.S. Enamakkal |
| 47. Johnson P.V. | Clerk | 31/03/65 | - | St. Thomas H.S.S., Vallachira | H.S.S. Ammadam |
| 48. Joy P.T. | Clerk | 30/05/65 | - | St. Joseph's H.S., Enamakkal | H.S.S. Parappur |
| 49. Prabhakaran K.S. | Lab Assistant | 20/12/64 | - | C.J.M.A.H.S.S., Varandarappilly | H.S. Mannampetta |
| 50. T.V. Sebastian | Full Time Menial | 17/09/65 | - | St. Thomas H.S.S., Mayannur | General |

Note:

1. Parent school means:
   (a) School from where the Nomination is received or (b) School at which the teacher on worked as on 31-3-1971.
2. Nomination facility in present school is only applicable to this Archdiocese.
3. The school can't enjoy the Nomination facility if there is division fall in previous years.
4. If the retirement vacancy arises in the protected post, the school will not enjoy the Nomination facility.
5. The final list of Nomination will be published only after the Managers' Meeting.
6. Irregularities on parent school will be clarified at the time of Managers' Meeting,if any.

Aranattukara

Fr. Joy Adambukulam
Corporate Manager

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**കന്യാസ്ത്രീകൾക്കും വൈദികർക്കും റേഷൻ കാർഡ്**

തൃശൂർ: ആയിരക്കണക്കിന് കന്യാസ്ത്രീകൾക്കും വൈദികർക്കും റേഷൻകാർഡ് നേടിയെടുക്കുന്നതിന് സഹായഹസ്തമേകി തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC). വെൽഫെയർ സ്കീമിൽ ഉൾപ്പെടാത്ത അഗതി മന്ദിരങ്ങൾ, ആശ്രമങ്ങൾ, മഠങ്ങൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന കന്യാസ്ത്രീകളേയും വൈദികരേയും അഗതികളെയും അന്തേവാസികളെയും പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി ഇവർക്ക് അഞ്ചാമത് ഒരു പുതിയ വിഭാഗം റേഷൻ കാർഡ് അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ഇക്കഴിഞ്ഞ ഫെബ്രുവരി മാസം ഉത്തരവിറക്കിയിരുന്നു. ഒരാൾക്ക് ഒരു റേഷൻ കാർഡ് എന്ന രീതിയിൽ ആണ് അഞ്ചാം വിഭാഗം ബ്രൗൺ നിറത്തിലുള്ള റേഷൻ കാർഡ് വിഭാവനം ചെയ്തിരിക്കുന്നത്. തികച്ചും അഭിനന്ദനാർഹമായ ഈ ഉത്തരവ് വളരെ പ്രതീക്ഷയോടെ ആണ് കേരള ക്രൈസ്തവ സമൂഹം വീക്ഷിക്കുന്നത്. ഇതനുസരിച്ച് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തിന്റെയും സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിന്റെയും നിർദ്ദേശാനുസരണം അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഗുണഭോക്താക്കൾക്ക് റേഷൻ കാർഡ് നേടിയെടുക്കുന്നതിനുള്ള ഹെൽപ് ഡെസ്ക് ആരംഭിക്കുകയായിരുന്നു. ഒരു മാസത്തിനകം 2248 പേർക്ക് റേഷൻ കാർഡിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിച്ച് റേഷൻകാർഡ് വാങ്ങി നൽകുവാൻ എഎഫ്സി ഹെൽപ് ഡെസ്കിന് സാധിച്ചു.

റേഷൻ കാർഡിനുള്ള ഓൺലൈൻ അപേക്ഷ നൽകുന്നതിനുള്ള ഫോം കന്യാസ്ത്രീകളിൽ നിന്ന് സ്വീകരിച്ചുകൊണ്ട് മാർ ആൻഡ്രൂസ് താഴത്ത് ഹെൽപ്ഡെസ്കിന്റെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പസ്തൊലേറ്റിൽ ആരംഭിച്ച ഹെൽപ്ഡെസ്ക് ക്യാമ്പ് മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. എഎഫ്സി ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ, ഹെൽപ് ഡെസ്ക് കോ– ഓർഡിനേറ്റർ റോണി അഗസ്റ്റ്യൻ, എഎഫ്സി കൺവീനർ ജോമി ജോൺസൺ,

ജോ.കൺവീനർ ജെയിംസ് ആഴ്ചങ്ങാടൻ, സെക്രട്ടറിമാരായ എൻ.കെ. മാത്യു, മേഴ്സി ജേക്കബ്, അലക്സ് പുത്തിരി എന്നിവർ ഹെൽപ് ഡെസ്ക്കിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നു. സംസ്ഥാന സർക്കാർ ഫെബ്രുവരി 15ന് 5–ാം വിഭാഗം റേഷൻ കാർഡിനുള്ള ഓൺലൈൻ പോർട്ടൽ ഉദ്ഘാടനം ചെയ്തു. അക്ഷയ കേന്ദ്രങ്ങളിൽ ഈ സേവനം ലഭ്യമാക്കുന്നതിനു മുമ്പേ തന്നെ ഫെബ്രുവരി 18ന് എഎഫ്സി ഹെൽപ് ഡെസ്ക് വഴി ഗുണഭോക്താക്കൾക്ക് അപേക്ഷിക്കുവാൻ സാധിച്ചു.

എല്ലാ ദിവസവും രാവിലെ 8.30 മുതൽ രാത്രി 11.00 വരെ 35 ഓളം കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ഹെൽപ് ഡെസ്ക്കിന്റെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കി. 25 ഓളം യുവജനങ്ങളും 10 ഓളം കന്യാസ്ത്രീകളും ഫാമിലി അപ്പസ്തൊലേറ്റ് സ്റ്റാഫും ആത്മാർത്ഥമായി ഹെൽപ് ഡെസ്ക്കുകളിൽ സഹായികളായി.

ഒരു ഇന്ത്യൻ പൗരൻ എന്ന നിലയിൽ ഇവർക്ക് തികച്ചും ന്യായമായി ലഭിക്കേണ്ടിയിരുന്ന വിവിധങ്ങളായ സർക്കാർ പരിരക്ഷയാണ് കേന്ദ്ര സർക്കാർ ഒരു ഉത്തരവിലൂടെ തടഞ്ഞുവെച്ചിരുന്നത്. തുടർച്ചയായി ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ കേരളത്തില ബഹുഭൂരിപക്ഷം കന്യാസ്ത്രീകളും അന്തേവാസികളും വൈദികരും റേഷൻകാർഡുപോലും ലഭിക്കാതെ തഴയപ്പെട്ടിരിക്കുകയാണെന്ന് സംസ്ഥാന സർക്കാരിന് ബോധ്യപ്പെടുകയും ഇവർക്കുവേണ്ടി പ്രത്യേകമായ ഒരു വിഭാഗം റേഷൻ കാർഡ് അനുവദിക്കുകയുമായിരുന്നു.

**പ്രത്യേകത എന്ത്?**

നിലവിൽ നൽകുന്ന മഞ്ഞ, പിങ്ക്, നീല, വെള്ള നിറത്തിലുള്ള 4 വിഭാഗം റേഷൻ കാർഡിനു പുറമേ ബ്രൗൺ നിറത്തിലുള്ള അഞ്ചാം വിഭാഗം റേഷൻ കാർഡ് ആണ് ഇത്. ഒരാൾക്ക് ഒരു റേഷൻ കാർഡ് എന്നതാണ് മറ്റൊരു പ്രത്യേകത. കോൺവെന്റുകളിലും ആശ്രമങ്ങളിലും താമസിക്കുന്നവർ സ്ഥലം മാറിപോകുമ്പോൾ കാർഡിൽ നിന്ന് പേര് വെട്ടിമാറ്റേണ്ടതിന്റെ ആവശ്യം വരുന്നില്ല. ഈ കാർഡുടമകൾക്ക് കേന്ദ്ര സർക്കാർ നിലവിൽ റേഷൻ ഒന്നും അനുവദിക്കാത്തതിനാൽ ടൈഡ് ഓവർ വിഹിതത്തിൽ നിന്നു കിലോയ്ക്ക് 10.90 രൂപ നിരക്കിൽ രണ്ട് കിലോ അരിയും ലഭ്യതയ്ക്കനുസരിച്ച് ഒരു കിലോ ആട്ടയും ലഭിക്കും. മാർച്ച് 22 ന് മുമ്പ് കാർഡ് ലഭിച്ചവർക്ക് ഏപ്രിൽ മുതൽ റേഷൻ ലഭിക്കുന്നതാണ്.

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# സ്ലം സർവ്വീസ് സെന്റർ

### 1. വാർഷികജനറൽ ബോഡിയോഗം

തൃശൂർ: അതിരൂപത സ്ലം സർവീസ് സെന്ററിന്റെ 39–ാം വാർഷികജനറൽബോഡിയോഗം ഡയറക്ടർ ഫാ. സിന്റൊ തൊറയൻ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ബേബി മൂക്കൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ജോയ് പോൾ വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു. ചർച്ചയിൽ എ.എസ്.ജോൺസൻ, റപ്പായി പാലമറ്റം, ജെസി രാജു തുടങ്ങിയവർ പങ്കെടുത്തു. അടുത്ത വർഷം സംഘടനയുടെ റൂബി ജൂബിലി വിവിധ പരിപാടികളോടെ ആഘോഷിക്കാൻ തീരുമാനിച്ചു. പുതുതായി 50 അയൽക്കൂട്ടങ്ങൾ രൂപീകരിക്കാനും നിശ്ചയിച്ചു.

### 2. വനിതാദിനാഘോഷവും സ്വീകരണവും

തൃശൂർ: അതിരൂപത സ്ലം സർവീസ് സെന്റർ സാന്ത്വനത്തിന്റെ സഹകരണത്തോടെ നടത്തിയ വനിതാദിനാഘോഷം സാന്ത്വനം അസോസിയേറ്റ് ഡയറക്ടർ റവ. ഡോ. ജോസ് വട്ടക്കുഴി ഉദ്ഘാടനം ചെയ്തു. "ഭാവിഭാരതം പടുത്തുയർത്തുന്നതിൽ വനിതകൾക്ക് പുരുഷന്മാർക്കൊപ്പം വലിയ പങ്കുവഹിക്കാനുണ്ടെന്നും ആയതു നടപ്പാക്കാൻ വനിതകളുടെ സുരക്ഷിതത്വവും അവകാശങ്ങളും സംരക്ഷിക്കപ്പെടണമെന്നും അതിന് ഭരണസംവിധാനങ്ങളും ഭരണാധികാരികളും തയ്യാറാക്കണമെന്നും അഭിപ്രായപ്പെട്ടു." സ്ലംസെന്റർ പ്രസിഡണ്ട് ബേബി മൂക്കൻ ഡയറക്ടർ ഫാ.സിന്റോ തൊറയൻ, ഫാ.പോൾ മാള്യമ്മാവ് എന്നിവർ പ്രസംഗിച്ചു. കൊക്കാലെ, കുരിയിച്ചിറ, കൊട്ടേക്കാട് എന്നീ കേന്ദ്രങ്ങളിൽ നടത്തിയ ബോധവൽക്കരണ സെമിനാറുകളിൽ പി.ആർ. രമ്യ, കൗൺസിലർ നിമ്മി റപ്പായി, സീന റാഫി എന്നിവർ അദ്ധ്യക്ഷ വഹിച്ചു. യോഗത്തിൽ വെച്ച് ഐ.എ.എസ്. പരീക്ഷക്കൊരുങ്ങുന്ന പി.ആർ. രമ്യ, കുരിയിച്ചിറ കൗൺസിലർ നിമ്മി റപ്പായി എന്നിവർക്ക് സ്വീകരണം നല്കി.

സോഷ്യൽ വർക്ക് വിദ്യാർത്ഥികളായ വിവിധ കോളേജുകളിലെ പി.ആർ. സൗമിനി, ജെൽവിൻ ജെയ്സൻ, പി.എസ്. അക്ഷയ, എൻ.എം. അൻഷിത, മാന്റോ ആന്റണി എന്നിവർ ''സമൂഹത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം" എന്ന വിഷയത്തെപ്പറ്റി ക്ലാസ്സെടുത്തു. ജോയ് പോൾ, സിൽവി റപ്പായി, മിനി ആന്റോ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. കുട്ടികൾക്ക് ക്വിസ് മത്സരവും ഉണ്ടായിരുന്നു.

**ബേബി മൂക്കൻ**
പ്രസിഡണ്ട്

**ഫാ. സിന്റൊ തൊറയൻ**
ഡയറക്ടർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

### സീറോ ഡിവോഴ്സ്

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ **സീറോ ഡിവോഴ്സ്** പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസങ്ങളിൽ വേലുപാടം ഇടവകയിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

### കപ്പിൾ മിനിസ്ട്രി (ട്രിനിറ്റി കപ്പിൾ)

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകകളിൽ രണ്ടു വർഷം നീണ്ടു നിൽക്കുന്ന കപ്പിൾ മിനിസ്ട്രി (ട്രിനിറ്റി കപ്പിൾ) കുടുംബവർഷമായ ഈ വർഷത്തിൽ നമ്മുടെ ഇടവകകളിൽ ആരംഭിക്കുകയാണ്. താൽപര്യമുള്ളവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

### വിവാഹ രജത – സുവർണ്ണ ജൂബിലി ആഘോഷം

കോവിഡ് പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം വിവാഹത്തിന്റെ രജത സുവർണ്ണ ജൂബിലി ആഘോഷിക്കാൻ നമുക്ക് സാധിച്ചില്ല. ആയതുകൊണ്ട് 1970 ലും 1971 ലും വിവാഹിതരായി ഈ വർഷങ്ങളിൽ (2020, 2021) വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളേയും 1995 ലും 1996 ലും വിവാഹിതരായി ഈ വർഷങ്ങളിൽ (2020, 2021) വിവാഹത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ദമ്പതികളേയുമാണ് ജൂബിലി ആഘോഷങ്ങൾക്ക് ക്ഷണിക്കുന്നത്. ഭാര്യയും ഭർത്താവും ഒരുമിച്ച് പങ്കെടുക്കാൻ സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. പങ്കെടുക്കുവാനുള്ളവരുടെ പേരും വ്യക്തമായ മേൽവിലാസവും (പിൻകോഡ് സഹിതം) ഫോൺ നമ്പറും അതാതു വികാരിയച്ചന്മാരെ ഏൽപിക്കേണ്ടതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഏപ്രിൽ 15 നു മുമ്പായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ ഏൽപിക്കുകയോ അല്ലെങ്കിൽ

mail id - familythrissur@gmail.com അല്ലെങ്കിൽ ഈ വാട്സപ്പ് നമ്പ റിൽ 7736106824 അയക്കുകയോ ചെയ്യുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി.ഡയറക്ടർ

**ഫാ.ജിന്റോ ചൂണ്ടൽ**
അസി.ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

### കുടുംബകൂട്ടായ്മ വാർഷിക പദ്ധതി പ്രകാശനം ചെയ്തു

അതിരൂപത കുടുംബകൂട്ടായ്മയുടെ 2021 – 22 വർഷത്തിലെ വാർഷിക പദ്ധതി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പ്രകാശനം ചെയ്തു. അതിരൂപതയുടെ ശക്തി കുടുംബകൂട്ടായ്മകളിലാണ് എന്ന് വാർഷിക പദ്ധതി പ്രകാശനം ചെയ്തുകൊണ്ട് അഭിവന്ദ്യ പിതാവ് സംസാരിച്ചു. വാർഷിക പദ്ധതി പ്രകാശനം കുടുംബകൂട്ടായ്മ ജനറൽ കൺവീനർ ശ്രീ പോൾ പാറക്കലിനു നൽകി കൊണ്ട് പ്രകാശനം ചെയ്തു. അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ ഈ സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു. അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ യോഗത്തിന് നന്ദി പ്രകാശിപ്പിക്കുകയുണ്ടായി. അതിരൂപത ഭാരവാഹികളായ ശ്രീ പോൾ പാറക്കൽ, ശ്രീ ഷിന്റോ മാത്യു, ശ്രീ ജിനീഷ് വടക്കുംഞ്ചേരി, ശ്രീ ജെയ്സൻ മാണി, ശ്രീ ഷെറിൻ ഡേവീസ്, കേണൽ റെജീന ജെയിംസ്, ശ്രീ ചാർളി പുതുക്കാട്, ശ്രീ എ.എൽ കുര്യാക്കോസ് എന്നിവർ നേതൃത്വം കൊടുത്തു.

### കുടുംബകൂട്ടായ്മ മെറിറ്റ് ഡെ

അതിരൂപത കുടുംബകൂട്ടായ്മയുടെ 2020 – 21 വർഷങ്ങളിൽ ഓൺലൈൻ വഴി നടത്തിയ വിവിധങ്ങളായ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനവിതരണം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിച്ചു. ഇത്തരുണത്തിൽ ഓൺലൈൻ മത്സരങ്ങളിൽ പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങളും നന്ദിയും അർപ്പിക്കുന്നു. കുടുംബകൂട്ടായ്മ മെറിറ്റ് ഡെയ്ക്ക് അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്ര സമിതി നേതൃത്വം കൊടുത്തു.

## മാർ ജോസഫ് കുണ്ടുകുളം കർഷകമിത്ര അവാർഡ്

അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ അതിരൂപത മുഴുവൻ ഉൾക്കൊള്ളിച്ചുക്കൊണ്ട് അടുക്കളത്തോട്ട മത്സരം നടത്തുകയുണ്ടായി. മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ നാമത്തിൽ ഏർപ്പെടുത്തിയ അടുക്കളത്തോട്ട മത്സരത്തിൽ ധാരാളം കുടുംബങ്ങൾ പങ്കെടുക്കുകയുണ്ടായി. മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ നാമത്തിൽ ഏർപ്പെടുത്തിയ കർഷകമിത്ര അടുക്കത്തോട്ട മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനവിതരണം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിച്ചു. ഇത്തരുണത്തിൽ അടുക്കളത്തോട്ട മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികൾക്കും അഭിന്ദനങ്ങളും നന്ദിയും അർപ്പിക്കുന്നു. അടുക്കളത്തോട്ട മത്സരത്തിന് അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതി നേതൃത്വം കൊടുത്തു.

## ഗോൾഡൻ ജൂബിലി ഉദ്ഘാടനം

തൃശ്ശൂർ അതിരൂപതയിൽ കുടുംബകൂട്ടായ്മ സ്ഥാപിച്ചതിന്റെ സുവർണ്ണ ജൂബിലി വർഷാരംഭം അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് തിരിതെളിയിച്ച് നിർവഹിച്ചു. തദവസരത്തിൽ തൃശ്ശൂർ അതിരൂപതയുടെ വളർച്ചയിൽ കുടുംബകൂട്ടായ്മകളുടെ പങ്ക് വളരെ വലുതാണെന്നും കുടുംബകൂട്ടായ്മകൾ ശക്തിപ്പെട്ടാൽ മാത്രമേ സഭയും സമൂഹവും രക്ഷപ്രാപിക്കൂ എന്നും അഭിവന്ദ്യ പിതാവ് എടുത്തു പറഞ്ഞു. ഗോൾഡൻ ജൂബിലി വർഷത്തോടനുബന്ധിച്ച് അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതി തയ്യാറാക്കിയ എല്ലാ നൂതന പരിപാടികൾക്കും വിജയാശംസകളും പ്രാർത്ഥനകളും അഭിവന്ദ്യ പിതാവ് നേരുകയുണ്ടായി.

## ത്രിതല പഞ്ചായത്ത് മത്സരത്തിൽ വിജയികളെ ആദരിച്ചു

തൃശ്ശൂർ അതിരൂപതയിലെ കുടുംബകൂട്ടായ്മ ഭാരവാഹികളിൽ നിന്ന് കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ചവരെ അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ നൽകി ആദരിക്കുകയും, അഭിനന്ദിക്കുകയും ചെയ്തു. കൂടാതെ തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം തിരിതെളിയിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി അംഗവുമായ ഡോ.മേരി റെജീനയെ അനുമോദിക്കുകയും ചെയ്തു. യോഗത്തിന് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിക്കുകയും ജനറൽ കൺവീനർ ശ്രീ. പോൾ പാറക്കൽ സ്വാഗതവും അസി. ഡയറക്ടർ റവ. ഫാ. ഷാന്റോ തലക്കോട്ടൂർ നന്ദിയും പറഞ്ഞു. ജനറൽ സെക്രട്ടറി ശ്രീ ഷിന്റോ മാത്യു, ട്രഷറർ

ശ്രീ. ജിനീഷ് വടക്കുംഞ്ചേരി, ജോ. കൺവീനർമാരായ ശ്രീ. ജെയ്സൻ മാണി, ശ്രീമതി കേണൽ റെജീന ജെയിംസ്, ജോ. സെക്രട്ടറിമാരായ ശ്രീ. ഷെറിൻ ഡേവീസ്, ശ്രീമതി ഷൈനി ഫ്രാൻസീസ് എന്നിവർ നേതൃത്വം നൽകുകയും ചെയ്തു.

**മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം**

**ഏപ്രിൽ 24 ശനിയാഴ്ച്ച 2.30 pm**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 24–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു. തദവസരത്തിൽ ദീപിക പത്രത്തിന്റെ പ്രചാരണത്തോടനുബന്ധിച്ചുള്ള കുടുംബകൂട്ടായ്മയിലേക്കുള്ള പോസ്റ്റർ പ്രകാശനവും ഉണ്ടായിരിക്കുന്നതാണ്. ഈ യോഗത്തിലേക്ക് അതിരൂപത – ഫൊറോന കുടുംബകൂട്ടായ്മ ഭാരവാഹികളും ഇടവക കൺവീനർമാരും പങ്കെടുക്കേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാതൃു**
ജനറൽ സെക്രട്ടറി

# മാതൃവേദി

**സെമിനാർ: കുടുംബപ്രാർത്ഥനയുടെ പ്രസക്തി**

**ഏപ്രിൽ 12 തിങ്കൾ (9.30 am – 11.00 am)**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല സെമിനാർ ഏപ്രിൽ 12–ാം തിയ്യതി തിങ്കളാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുന്നതാണ്. ഈ സെമിനാറിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

**ഏപ്രിൽ 12 തിങ്കൾ (9.30 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഇനി

മുതൽ ഫൊറോന അടിസ്ഥാനത്തിൽ ആയിരിക്കുകയില്ല. അമ്മമാരുടെ സൗകര്യമനുസരിച്ച് മാതൃവേദിയിലെ ഏത് അംഗത്തിനും കൊണ്ടുവ രാവുന്നതാണ്.

**വി.യൗസേപ്പിതാവിന്റെ വർഷാചരണ പ്രസക്തി**
**ഏപ്രിൽ 12 തിങ്കൾ (11.00 am – 12.30 pm)**

2021പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ വിശുദ്ധ യൗസേപ്പിതാ വിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ആയതിനാൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണ പ്രസക്തിയെക്കുറിച്ചുള്ള സെമിനാർ ഏപ്രിൽ 12–ാം തിയ്യതി തിങ്കളാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊ ലേറ്റിൽ വച്ച് നടത്തപ്പെടുന്നതാണ്. ഈ സെമിനാറിലേക്ക് മാതൃവേദി യിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ
**ശ്രീമതി മേരി വിൻസെന്റ്**
പ്രസിഡണ്ട്

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ
**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി

# പിതൃവേദി



**പിതൃവേദി പുതിയ യൂണിറ്റുകൾ**

കഴിഞ്ഞ മാസങ്ങളിലായി അതിരൂപതയിൽ ആരംഭിച്ച പുതിയ യൂണിറ്റുകളും അതിലെ ഭാരവാഹികളും

**1. പുതുക്കാട് യൂണിറ്റ്**

2021 ഫെബ്രുവരി 17–ാം തിയ്യതി പുതുക്കാട് ഫൊറോന പള്ളി യിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു. പ്രസിഡണ്ട് സണ്ണി തയ്യാലക്കൽ, സെക്രട്ടറി ഡേവിസ് മലയാറ്റി, ട്രഷറർ വർഗ്ഗീസ് മാണി യാക്കു, വൈസ് പ്രസിഡണ്ട് ജെയ്സൻ ജോസ് തെക്കുംപുറം, ജോ. സെക്രട്ടറി ബെന്നി തെക്കുംപീടിക. കമ്മിറ്റി അംഗങ്ങൾ സജു വെളിയ ത്ത്, ബൈജു കണ്ണത്ത്, ജോസ് ചേനത്തുപറമ്പിൽ. പുതിയ യൂണിറ്റു തുടങ്ങാൻ നേതൃത്വം കൊടുത്ത വികാരിയച്ചനും കൊച്ചച്ചന്മാർക്കും പ്രത്യേകം അഭിനന്ദനങ്ങളും ഭാരവാഹികൾക്ക് എല്ലാ ആശംസകളും നേരുന്നു.

**2. ഗുരുവായൂർ യൂണിറ്റ്**

2021 മാർച്ച് 7–ാം തിയ്യതി ഗുരുവായൂർ ഇടവകയിൽ പിതൃവേദി യുടെ പുതിയ യൂണിറ്റ് ആരംഭിച്ചു. പ്രസിഡണ്ട് ഫെലിക്സ് റൊസാ

രിയോ, സെക്രട്ടറി ആന്റണി ചീരൻ, ട്രഷറർ ആന്റോ നീലങ്കാവിൽ, വൈസ് പ്രസിഡണ്ട് ജെയ്സൻ ചിരിയങ്കണ്ടത്ത്, ജോ. സെക്രട്ടറി പ്രിൻസ് ഒലക്കേങ്കിൽ. പുതിയ യൂണിറ്റു തുടങ്ങാൻ നേതൃത്വം കൊടുത്ത വികാരിയച്ചന് പ്രത്യേകം അഭിനന്ദനങ്ങളും ഭാരവാഹികൾക്ക് എല്ലാ ആശംസകളും നേരുന്നു.

**3. കുരിയച്ചിറ യൂണിറ്റ്**

2021 ജനുവരി 24-ാം തിയ്യതി കുരിയച്ചിറ ഇടവകയിൽ പിതൃ വേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു. പ്രസിഡണ്ട് തോമസ് എലുവ ത്തിങ്കൽ, സെക്രട്ടറി ജോസി ചീനിക്കൽ, ട്രഷറർ സോണി മഠത്തിൽ, വൈസ് പ്രസിഡണ്ട് റപ്പായി പാലമറ്റം, ജോ. സെക്രട്ടറി തോമസ് തെക്കത്ത്. പുതിയ യൂണിറ്റു തുടങ്ങാൻ നേതൃത്വം കൊടുത്ത വികാരി യച്ചനും കൊച്ചച്ചനും പ്രത്യേകം അഭിനന്ദനങ്ങളും ഭാരവാഹികൾക്ക് എല്ലാ ആശംസകളും നേരുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡണ്ട്

# വനിതാകമ്മീഷൻ

### വനിതാ ദിനാഘോഷം
### കോവിഡ് സ്ത്രീകളെ ശക്തരാക്കി

കോവിഡ് കാല അനുഭവങ്ങൾ നേതൃപദവിയിലേക്ക് വരാൻ സ്ത്രീകളെ കൂടുതൽ പ്രാപ്തരാക്കി എന്നും, സമൂഹം തന്നെ നവോ ത്ഥാനത്തിലേക്ക് കടന്നു വരാൻ സ്ത്രീ കാരണമാകുന്നു എന്നും തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ അതിരൂപത വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വനിതാദിനാ ഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫാമിലി അപ്പസ്റ്റൊലേറ്റ് ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ അദ്ധ്യക്ഷത വഹിച്ചു. സമകാലിക സമൂഹത്തിൽ സ്ത്രീകൾ വഹി ക്കേണ്ട പങ്ക് എന്ന വിഷയത്തെ അധികരിച്ചു ഡോ. ജാൻസി കെ.എ ക്ലാസ് എടുത്തു.

എലിസബത്ത് മാത്യു, മേരി വിൻസെന്റ്, നിർമ്മല ആന്റോ, ഓമന റാഫേൽ എന്നിവർ പ്രസംഗിച്ചു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**എലിസബത്ത് മാത്യു**
സെക്രട്ടറി

# KCYM

**1. പുതിയ കെ.സി.വൈ.എം പ്രസിഡന്റ്, ജനറൽ സെക്രട്ടറി**

കേരള കാത്തലിക്ക് യൂത്ത് മൂവ്മെന്റ് (കെ.സി.വൈ.എം ) തൃശ്ശൂർ അതിരൂപത പ്രസിഡന്റായി മുണ്ടൂർ ഇടവകാംഗം സാജൻ ജോയിയേയും, ജനറൽ സെക്രട്ടറിയായി മുള്ളൂർക്കര ഇടവകാംഗം അഖിൽ ജോസിനേയും തിരഞ്ഞെടുത്തു. മറ്റു ഭാരവാഹികൾ: ജിഷാദ് ജോസ് (ട്രഷറർ), ജിയോ മാഞ്ഞൂരാൻ, ജെസ്ന ജിജോ (വൈ.പ്രസിഡന്റ്), മെജോ മോസസ്, വിന്നി വിൻസെന്റ് (സെക്രട്ടറി), അതിരൂപതയിലെ പതിനാറ് ഫൊറോനകളിൽ നിന്നായി മുന്നൂറോളം പ്രതിനിധികൾ പങ്കെടുത്തു. അതിരൂപതാ പ്രസിഡന്റ് സാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ.ലിൻസൺ തട്ടിൽ ആമുഖ സന്ദേശം നൽകി. അതിരൂപതാ ചാൻസിലർ ഡൊമനിക്ക് തലക്കോടൻ ഉദ്ഘാടനം നിർവ്വഹിച്ചു.

**2. വനിതാ ദിനാഘോഷം –മലാക്ക് 2K21**

കെ.സി.വൈ.എം തൃശ്ശൂർ അതിരൂപതാ സമിതിയുടെയും ലൂർദ്ദ് ഫൊറോനയുടെയും ആഭിമുഖ്യത്തിൽ വനിതാ ദിനാഘോഷം “മലാക്ക് 2K21” ലൂർദ്ദ് കത്തീഡ്രൽ ദേവാലായത്തിൽ നടത്തി. തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ലീല ടീച്ചർ ഉദ്ഘാടനം ചെയ്തു. സമൂഹത്തിലെ സ്ത്രീകൾക്ക് എതിരെയുള്ള അനീതികൾക്ക് എതിരെ യുവജനങ്ങൾ പ്രതികരണമെന്ന് ഉദ്ഘാടന പ്രഭാഷണത്തിൽ ടീച്ചർ ആവശ്യപ്പെട്ടു. തൃശ്ശൂർ അതിരൂപതാ സിൻഡിക്കേറ്റ് മെമ്പർ ജിമ മരിയ അദ്ധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം പ്രസിഡന്റ് സാജൻ ജോസ് ചിയ്യാരം യുവജന സന്ദേശം നൽകി. വിമല കോളേജ് പ്രൊഫ. ജാൻസി.കെ.എ വനിതകൾക്ക് ക്ലാസ് നൽകി. സാമൂഹിക മേഖലകളിൽ പ്രതിഭ തെളിയിച്ച പ്രിൻസി പ്രിൻസി, ഷിഫ ജോയ്, ശിൽപ, ധന്യ, ഏയ്ഞ്ചൽ എന്നിവരെ ആദരിച്ചു.

അതിരൂപതാ ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ, പ്രസിഡന്റ് സാജോൻ

ജോസ്, ട്രഷറർ അഖിൽ ജോസ്, ആനിമേറ്റർ സി.ടീന മരിയ, സെക്ര ട്ടറി ജിയോ മാഞ്ഞൂരാൻ, മുൻ സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പു ഴ, സിൻഡിക്കേറ്റ് മെമ്പർ ജിമ മരിയ, സെനറ്റ് മെമ്പർമാരായ ശരത്ത് നെല്ലങ്കര, മരിയ ആന്റണി, സെനി സേവ്യർ, ഫൊറോന പ്രസിഡന്റ് ഷാരോൺ, ലൂർദ്ദ് ഫൊറോന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**3. കെ.സി.വൈ.എം യുജനങ്ങളുടെയും പാവപ്പെട്ടവരുടെയും ശബ്ദം**

കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നടപടികൾക്കെതിരെ എട്ടോളം മുദ്രവാക്യം ഉയർത്തി തൃശ്ശൂർ അതിരൂപതാ കെ.സി.വൈ.എം. നടത്തിയ പ്രതിഷേധ വാഹന പ്രചരണ ജാഥയ്ക്ക് ഉജ്ജ്വല സമാപനം. തൃശ്ശൂർ അതിരൂപതാ പ്രസിഡന്റ് സാജൻ ജോസും, ജനറൽ സെക്ര ട്ടറി സാജൻ മുണ്ടൂരും സംയുക്തമായി നേതൃത്വം നൽകിയ പ്രതിഷേധ വാഹന പ്രചരണ ജാഥ ചേലക്കരയിൽ നിന്ന് ആരംഭിച്ച് വടക്കാഞ്ചേരി/ എരുമപ്പെട്ടി/വേലൂർ/ കൊട്ടേക്കാട്/ പറപ്പൂർ/ മറ്റം/ പാലയൂർ/ കണ്ട ശ്ശംകടവ്/ പഴുവിൽ/ ഒല്ലൂർ/ പുതുക്കാട്/ പുത്തൂർ/ പട്ടിക്കാട്/ ഡോളേഴ്സ് എന്നീ ഫൊറോനകളിലൂടെ നിരവധി വാഹനങ്ങളുടെ അക മ്പടിയോടെ പ്രതിഷേധ സദസ്സ് ഒരുക്കി പതാക കൈമാറി. യുവജന മേഖലയായി സഞ്ചരിച്ച് ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ നൂറുകണക്കിന് യുവജനങ്ങളുടെ സാന്നിദ്ധ്യത്തിൽ സമാപനം കുറിച്ചു. തൃശ്ശൂർ അതി രൂപതാ അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് സമാപന സമ്മേളന ഉദ്ഘാടനം നിർവ്വഹിച്ചു. തുടർച്ചയായ ഇന്ധന, പാചക വാതക വില വർദ്ധനവും, യുവജനങ്ങളെ അവഗണിച്ച് നടത്തുന്ന പിൻവാതിൽ നിയ മനവും അധികാരത്തിലെത്തിയതിനുശേഷം സാധാരണ ജനങ്ങളോട് കാണിക്കുന്ന കടുത്ത അനീതിയാണെന്ന് അദ്ദേഹം പറഞ്ഞു. അഭിവന്ദ്യ ടോണി നീലാങ്കാവിൽ പിതാവ് മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ.ലിൻസൺ തട്ടിൽ ആമുഖ പ്രഭാഷണം നടത്തി. ജാഥാ കോർഡിനേറ്റർ അനൂപ് പുന്നപ്പുഴ വിഷയാവതണം നടത്തി. ലൂർദ്ദ് ഫൊറോന പ്രസിഡന്റ് ഷാരോൺ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന വികാരി ഫാ.ജോസ് ചാലയ്ക്കൽ, ഫൊറോന ഡയറക്ടർ ഫാ.കെനേടി യൻ തണ്ടാശ്ശേരി എന്നിവർ ആശംസകൾ നേർന്നു.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# സി.എൽ.സി.

**1. തൃശ്ശൂർ അതിരൂപത സിഎൽസിക്കു പുതിയ ഭാരവാഹികൾ**

തൃശ്ശൂർ അതിരൂപത സി എൽ സി 2021 2023 കാലഘട്ടത്തിലെ ഇലക്ഷൻ യോഗം 2021 മാർച്ച് 14ന് തൃശ്ശൂർ അതിരൂപത ഫാമിലി അപ്പോസ്തലേറ്റ് ഹാളിൽ വച്ച് നടന്നു. അതിരൂപത സി എൽ സി അസിസ്റ്റന്റ് പ്രൊമോട്ടർ ഫാ. ഫ്രെജോ വാഴപ്പിള്ളി ഏവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു. അതിരൂപത യൂത്ത് മിനിസ്ട്രി ഡയറക്ടറായി ചുമലതയേറ്റ ഫാ. ലിൻസൺ തട്ടിലിന് സ്വീകരണം നൽകുകയും സി എൽ സി കൂട്ടായ്മയിലേക്ക് സ്വാഗതം നേരുകയും ചെയ്തു. അതിരൂപത സി എൽ സി പ്രസിഡന്റ് ശ്രീ. ജോമി ജോൺസൺ അധ്യക്ഷത വഹിച്ചു. അതിരൂപത യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ യോഗം ഉദ്ഘാടനം ചെയ്തു . 2018 2020 കാൽഘട്ടത്തിലെ സി എൽ സി എക്സിക്യൂട്ടിവ് അംഗങ്ങളുടെയും മറ്റു ഫൊറോന ഭാരവാഹികളുടെയും സേവനങ്ങൾ സ്മരിച്ചു കൊണ്ട് അതിരൂപത സെക്രട്ടറി ശ്രീ.ജെസ്വിൻ സാജു യോഗത്തിൽ നന്ദി പറഞ്ഞു. ഫ്രാൻസിസ് പാപ്പായുടെ 'സോദരർ സർവരും' സാമൂഹിക ചാക്രിക ലേഖനത്തെ ആസ്പദമാക്കി ഫാ. ബിൽജു വാഴപ്പിള്ളി ക്ലാസ്സുകൾ നയിക്കുകയും തുടർന്ന് നടന്ന വിശുദ്ധ കുർബാനക്ക് കാർമികത്വം വഹിക്കുകയും ചെയ്തു. ശേഷം നടന്ന ഇലക്ഷൻ നടപടികൾക്ക് തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ നിരീക്ഷകനായി. ഇലക്ഷൻ കമ്മീഷൻ ചെയർമാനും തൃശ്ശൂർ അതിരൂപത സി എൽ സി പ്രൊമോട്ടറുമായ ഫാ. ജിയോ തെക്കിനിയത്ത്, അതിരൂപത അസിസ്റ്റന്റ് പ്രൊമോട്ടർമാരായ ഫാ.ഫ്രെജോ വാഴപ്പിള്ളി, ഫാ. സിജു പുളിക്കൻ, അനിമേറ്റർ സി. ജ്യോതിസ്, അതിരൂപത എക്സിക്യൂട്ടിവ് അംഗങ്ങൾ എന്നിവർ ഇലക്ഷനു നേതൃത്വം നൽകി. അതിരൂപതയിലെ 15 ഫൊറോനകളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട 104 അംഗങ്ങൾ സന്നിഹിതരായിരുന്നു.
പ്രസിഡന്റ് ശ്രീ. ഡോംസൺ സൈമൺ, സെക്രട്ടറി ശ്രീ.ഫെസിൻ

മാത്യു എം, ട്രഷറർ ശ്രീ. അജിത് വർഗ്ഗീസ്, ജനറൽ കോർഡിനേറ്റർ ശ്രീ. ജോമി ജോൺസൺ, വൈസ് പ്രസിഡന്റുമാരായി ശ്രീ. ജെറിൻ ജോസ്, കുമാരി.അനീറ്റ ആന്റണി, ജോയിന്റ് സെക്രട്ടറിമാരായി ശ്രീ. പ്രിന്റോ കാഞ്ഞിരത്തിങ്കൽ, കുമാരി ആൻ ഗ്ലെന്റ ജോൺ എന്നിവരെ തിരെഞ്ഞെടുത്തു.

**2. കാരുണ്യവാരാചരണം**

തൃശൂർ അതിരൂപത സി.എൽ.സിയുടെ നേതൃത്വത്തിൽ ലൂർദ് മാതാവിന്റെ തിരുനാൾ കാരുണ്യവാരചരണം 21/02/2021 ഞായറാഴ്ച കാലത്ത് 11 മണിക്ക് അമല ഹോസ്പിറ്റലിൽ വച്ചു നടന്നു. തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടറും, ഫാമിലി അപോസ്റ്റോലെറ്റ് ഡയറക്ടറുമായ ഫാ.ഡെന്നി താണിക്കൽ കാരുണ്യവാരാചരണവും ഭക്ഷണ വിതരണവും ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ശ്രീ. ജോമി ജോൺസൺ അധ്യക്ഷത വഹിച്ചു. അമല ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്റ്റർ ഫാ.ഷിബു പുത്തൻപുരക്കൽ സിഎംഐ ആശംസകൾ അർപ്പിച്ചു. കൺവീനറും അതിരൂപത വൈസ് പ്രെസിഡന്റുമായ ശ്രീ.ഡോംസൺ സൈമൺ ഏവർക്കും സ്വാഗതവും അതിരൂപത സെക്രട്ടറി ശ്രീ. ജസ്വിൻ സാജു നന്ദിയും പ്രകാശിപ്പിച്ചു. കാരുണ്യവാരചരണത്തോടനുബന്ധിച്ചു അതിരൂപത സി എൽ സി എക്സിക്യൂട്ടീവ് അംഗങ്ങൾ അമല ആശുപത്രിയിൽ രക്തദാനവും നടത്തി. അതിരൂപത ആനിമെറ്റർ സി. ജ്യോതിസ്, ട്രഷറർ ഐജോ പൊറത്തൂർ, സൗത്ത് സോൺ എക്സിക്യൂട്ടിവ് ഡിൽജോ തരകൻ, മുൻ സംസ്ഥാന എക്സിക്യൂട്ടീവ് നോബി മേനാചേരി,വൈസ് പ്രസിഡന്റ് നിയ തോബിയാസ്, ജോയിന്റ് സെക്രട്ടറി ജീസോ ലോനപ്പൻ,എക്സിക്യൂട്ടിവ് അംഗങ്ങളായ അജിത് വർഗ്ഗീസ്, പ്രിന്റൊ കാഞ്ഞിരത്തിങ്കെൽ,ബ്രില്ലോ തുടങ്ങിയവർ കാരുണ്യവാരചരണത്തിനു നേതൃത്വം നൽകി.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. ഫ്രജോ വാഴപ്പിള്ളി**
**ഫാ. സിജു പുളിക്കൻ**
അസി. പ്രൊമോട്ടേഴ്സ്

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

# ചിൽഡ്രൻസ് മിനിസ്ട്രി



**1. ആദ്യകുർബാന സ്വീകരണം**

ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച് 13 ശനിയാഴ്ച്ച ഉച്ചയ്ക്ക് രണ്ടുമണിക്ക് ഡി.ബി.സി.എൽ.സി. യിൽ വച്ച് നടത്തപ്പെട്ടു. അദ്ധ്യാപകരായ മിനി ജോൺസൻ കുമ്പളങ്ങാട്, ലൂസി പോൾസൻ തോളൂർ എന്നിവർ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. സിജോ മുരിങ്ങാത്തേരി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഡി.ബി.സി.എൽ.സി. ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് ആളൂർ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു. അനുഗ്രഹപ്രഭാഷണത്തിലൂടെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് കുഞ്ഞുങ്ങളെ വളർത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് സംസാരിച്ചു. റവ. ഫാ. അനുവിൻ താണിക്കലും, റവ. ഫാ. ജിക്സൺ മാളോക്കാരൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. അദ്ധ്യാപികയായ ആനി ജോസ് ചൊവ്വൂർ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് നാലുമണിയോടെ മീറ്റിങ്ങ് പരിയവസാനിച്ചു.

**2. യൂണിറ്റ് രജിസ്ട്രേഷൻ 2021**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി. അൾത്താരസംഘം എന്നീ സംഘടനകളിലേക്കുള്ള യൂണിറ്റ് രജിസ്ട്രേഷൻ 2021 ആരംഭിച്ചിരിക്കുന്നു. എല്ലാ യൂണിറ്റുകളും അതാതു സംഘടനകളിലെ അംഗങ്ങളുടെ പേരും ക്ലാസും എഴുതിയ ലിസ്റ്റ് കൊണ്ടുവന്ന് രജിസ്ട്രേഷൻ പുതുക്കുകയും രജിസ്ട്രേഷൻ ഫോം കൈപറ്റുകയും ചെയ്യേണ്ടതാണ്.

**3. ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 2021**

മാർച്ച് 27 ന് നടത്താനിരുന്ന ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് ചില സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചിരിക്കുന്നു. ആനിമേറ്റേഴ്സ് ലീഡേഴ്സ് ഫോർമേഷൻ ക്യാമ്പുകൾ ഏപ്രിൽ മാസത്തിൽ

ഫൊറോന തലത്തിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. തീയതിയും മറ്റു വിവരങ്ങളും പിന്നീട് അറിയിക്കുന്നതാണ്.

**4. പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

**തിരുവചനം**

സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഖിതരാകും എന്നാൽ നിങ്ങളുടെ ദുഖം സന്തോഷമായി മാറും (യോഹ 16: 20)

**സുകൃതജപം**

കർത്താവേ ജീവിതത്തിലെ ഓരോ നിമിഷവും അങ്ങേയ്ക്ക് സാക്ഷ്യം വഹിച്ച് ജീവിക്കാൻ എന്നെ പ്രാപ്തരാക്കണമേ.

**പ്രാർത്ഥനാ നിയോഗം**

ജോലിയില്ലാതെ നിരാശരായി മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് ക്രൈസ്തവ വിശ്വാസത്തിൽ നിന്ന് അകന്നിരിക്കുന്ന മക്കളെ ദൈവസ്നേഹത്തിലേക്ക് തിരിച്ചുവരുന്നതിനുവേണ്ടി

**പ്രവർത്തിക്കാൻ**

തിരുനാളുകളുടെ തിരുനാളായ ഉയർപ്പുതിരുനാളിന്റെ ആഘോഷവേളയിൽ ഉത്ഥിതനായ ക്രിസ്തുവിനോടൊത്ത് ലഭ്യമാകുന്ന ഓരോ നിമിഷവും അവിടുത്തെ സ്നേഹത്തിന് സാക്ഷ്യം വഹിച്ച് ജീവിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ**

വി. ഗീവർഗ്ഗീസ് (ഏപ്രിൽ 23) വിശ്വാസത്തിന്റെയും ധീരതയുടേയും വിശുദ്ധനായി അറിയപ്പെടുന്നു. ഒരു കുതിരയുടെ പുറത്തിരുന്നുകൊണ്ട് തന്റെ കയ്യിലുള്ള കുന്തത്താൽ കാൽകീഴിൽ കിടക്കുന്ന പിശാചിന്റെ പ്രതീകമായ കാളസർപ്പത്തെ കുത്തികൊന്നവനാണ് ഈ വിശുദ്ധൻ.

**സി. ബീന റോസ് എസ്.എസ്.പി.സി.**
കോഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. സ്മരണിക പ്രകാശനം**

തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധസമിതി തയ്യാറാക്കിയ ജാഗ്രത എന്ന സ്മരണിക പ്രകാശനം ചെയ്തു. 28–02–2021 ന് പാസ്റ്റർ സെന്ററിൽ ചേർന്ന സമ്മേളനത്തിൽ ദേവമാത പ്രൊവിൻഷ്യൽ വെരി. റവ. ഫാ. ഡേവിസ് പനക്കൽ സി.എം.ഐ. സ്മരണികയുടെ ആദ്യപ്രതി ഡോ. മേരി റെജീനയ്ക്ക് കൈമാറി. മലബാർ മിഷനറി ബ്രദേഴ്സ് വികാർ ജനറാൾ ബഹു. ബ്രദർ എഡ്വിൻ, ശ്രീ. ജോയ് മണ്ണൂർ, ഡോ. സി.കെ. തോമസ്, ശ്രീ. ഇ.എ. ജോസഫ്, മി. കെ.പി. വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

ഫാ. ദേവസി പന്തല്ലൂക്കാരൻ സ്വാഗതവും എഡിറ്റർ ജോസ് വടക്കേത്തല നന്ദിയും പറഞ്ഞു. പ്രസിഡന്റ് സി.പി. ഡേവീസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി. എസ്. അബ്രാഹം റിപ്പോർട്ടും ട്രഷറർ ജോസ് വേലൂക്കാരൻ കണക്കുകളും അവതരിപ്പിച്ചത്. സഭ പാസ്സാക്കി. കോവിഡ് 19 ന്റെ ഭീക്ഷണിയെ അതിജീവിച്ച് ജാഗ്രത യെ അണിയിച്ചൊരുക്കി അവതരിപ്പിക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും.

**2. പുസ്തകപ്രകാശനം**

മഹാത്മാഗാന്ധിയുടെ ആദ്യത്തെ ജീവചരിത്രം വിരചിച്ചത് ജോസഫ് ജെ. ഡോക്ക് എന്ന ബ്രീട്ടീഷ് പാസ്റ്ററാണ് 1909ൽ–M.K. GANDHI=AN INDIAN PATRIOT IN SOUTH AFRICA. ദക്ഷിണാഫ്രിക്കയിൽ വക്കീലായി പ്രവർത്തിച്ചിരുന്ന ഗാന്ധിയുടെ സാമൂഹ്യപ്രവർത്തനങ്ങളാണ് മുഖ്യപ്രമേയം. ഈ പുസ്തകം ഡയക്ടറച്ചൻ എം.കെ.ഗാന്ധി: ദക്ഷിണാഫ്രിക്കയിൽ ഒരു ഇൻഡ്യൻ രാജ്യസ്നേഹി എന്ന പേരിൽ പരിഭാക്ഷപ്പെടുത്തി. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴ്ത്ത് സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിന് ആദ്യ കോപ്പി നൽകികൊണ്ട് പ്രകാശനകർമ്മം നിർവ്വഹിച്ചു. മേരിവിജയം മാനേജിംങ് എഡിറ്റർ ബ്രദർ ജെയിംസ് കരേക്കാട്ടിൽ എം.എം.ബി., പി.ആർ.ഒ. ജോസ് വടക്കേത്തല എന്നിവരും പരിഭാക്ഷകനോടൊപ്പം പ്രകാശനചടങ്ങിൽ പങ്കെടുക്കുകയുണ്ടായി. ഗാന്ധിജിയെയും അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രത്തെയും അതിലുള്ള ക്രൈസ്തവസ്വാധീനത്തെയും തമസ്കരിക്കുന്ന ഇക്കാലത്ത് ഈ പരിഭാഷയ്ക്ക് പ്രത്യേക പ്രസക്തിയുണ്ട്. എന്ന് പ്രകാശനവേളയിൽ മാർ. ആൻഡ്രൂസ് താഴ്ത്ത് പിതാവ് ചൂണ്ടിക്കാട്ടി.

**3. കോടന്നൂർ ബാർ സമരം**

തദ്ദേശവാസികളുടെ ചെറുത്തുനില്പ്പ് അവഗണിച്ചുകൊണ്ട് അവിടെ ബാറിനു അനുമതി നല്കിയ സർക്കാരിന്റെ നടപടി പ്രതിഷേധാർഹമാണെന്നും അത് പിൻവലിക്കേണ്ടതാണെന്നും മാർ ആൻഡ്രൂസ് താഴ്ത്ത് പിതാവ് പത്രപ്രസ്താവനയിറക്കി. അമ്മാടം, കോടന്നൂർ, വെങ്ങിണിശ്ശേരി എന്നീ പള്ളികളിൽ ബലിയർപ്പിച്ച് കോടന്നൂർ സമരവേദിയിലേക്ക് സ്വന്തം വികാരിയച്ചനൊടൊപ്പം മാർച്ച് ചെയ്യാൻ ഡയറക്ടറച്ചൻ പ്രചോദിപ്പിച്ചു. നാലുദിവസം ബാറിനു മുന്നിലുള്ള ഉപരോധസമരം ഡയറക്ടറച്ചനാണ് ഉദ്ഘാടനം ചെയ്തത്. അവിടെ കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച സമരത്തിൽ പാലയ്ക്കൽ യൂണിറ്റിലെ മദ്ധ്യവിരുദ്ധ സമിതിയുടെ ആഭ്യമുഖ്യത്തിൽ മദ്ധ്യവിരുദ്ധസമിതി പ്രവർത്തകർ അണിചേർന്നു. വടക്കാഞ്ചേരി ഫൊറോന സമിതിയുടെ ആഭ്യമുഖ്യത്തിൽ 12-03-21 ന് ബാറിനു മുന്നിൽ പ്രതിഷേധം നടത്തി. പ്രസിഡന്റ് സി.പി. ഡേവീസും കോടന്നൂർ യൂണിറ്റും നൽകി വരുന്ന നേതൃത്വവും ശ്ലാഘനീയമാണ്. നമുക്ക് ഒറ്റക്കെട്ടായിഅണിചേർന്നടരാടാം.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**1. യുവവൈദികർക്കുള്ള തുടർപരിശീലന പ്രോഗ്രാം**

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2016-2019 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2021 ഫെബ്രുവരി 22 തിങ്കൾ രാവിലെ 10 മുതൽ 23 ചൊവ്വ ഉച്ചകഴിഞ്ഞ് 4.30 വരെ ഡി.ബി.സി. എൽ.സി.യിൽ വച്ച് സംഘടിപ്പിച്ചു. 'സംഘടനാ വൈഭവം: സഭ-സമൂഹ നിർമ്മിതിക്ക്' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ACTS 2021 എന്ന പരിശീലന പ്രോഗ്രാം ക്രമീകരിച്ചത്. യുവവൈദികരുടെ വ്യക്തിത്വ വികസനത്തിനും കൂട്ടായ്മക്കും അജപാലന ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകുന്നതിനും ഈ തുടർ പരിശീലന പ്രോഗ്രാം സഹായിച്ചു. 30 യുവവൈദികർ പങ്കെടുത്തു. ഫാ. വിൻസെന്റ് കുണ്ടുകുളം, ഫാ. ടോബി ജോസഫ് എസ്.ജെ., ഫാ. രാജു അക്കര, ഫാ. അലക്സ് മരോട്ടിക്കൽ, ഫാ. സൈജോ തൈക്കാട്ടിൽ,

ഫാ. സാജൻ പിണ്ടിയാൻ, ഫാ. ജെറിൻ അരിമ്പൂർ, ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ, ഡോ. മേരി റെജീന, Mrs. വില്ലി ജിജോ എന്നിവർ നേതൃത്വം നൽകി നൽകി. മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും കൂരിയാംഗങ്ങളും വിവിധ സമയങ്ങളിൽ പങ്കെടുത്തു.

**2. സ്ഥലമാറ്റം ലഭിച്ച വൈദികർക്കായുള്ള മീറ്റിംഗ്**

2021 ൽ സ്ഥലമാറ്റം ലഭിച്ച വൈദികർക്കായുള്ള മീറ്റിംഗ് മാർച്ച് ഒന്നാം തീയതി തിങ്കളാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഡി.ബി.സി.എൽ.സി. യിൽ വെച്ച് നടത്തപ്പെട്ടു. 52 പേർ പങ്കെടുത്തു. 'അജപാലനതുടർച്ച' എന്ന വിഷയത്തെപ്പറ്റി ഫാ. ജോൺസൺ ഐനിക്കൽ സംസാരിച്ചു. ഇടവകയിലെയും സ്ഥാപനത്തിലെയും മുൻഗാമിയോടും പിൻഗാമിയോടൊപ്പം വ്യക്തിപരമായി സംസാരിക്കുവാൻ വൈദികർക്ക് അവസരം ലഭിച്ചു. അഭിവന്ദ്യപിതാക്കന്മാരും വികാരി ജനറാൾമാരും കൂരിയ അംഗങ്ങളും മീറ്റിംഗിൽ സംബന്ധിച്ചു. ഫാ. സൈജോ തൈക്കാട്ടിൽ, ഫാ. സാജൻ പിണ്ടിയാൻ, ഫാ. ജെറിൻ അരിമ്പൂർ എന്നിവർ നേതൃത്വം നൽകി.

**3. ആദ്യമായി വികാരിമാരാകുന്നവർക്കുള്ള പരിശീലന പ്രോഗ്രാം**

നമ്മുടെ അതിരൂപതയിൽ ആദ്യമായി വികാരിമാരാകുന്നവർക്കുള്ള (2013-2015 ബാച്ചുകൾ) പരിശീലന പ്രോഗ്രാം 2021 മാർച്ച് 8 (തിങ്കൾ) രാവിലെ 10 മുതൽ മാർച്ച് 9 (ചൊവ്വ) ഉച്ചതിരിഞ്ഞ് 4.30 വരെ ഡി.ബി.സി.എൽ.സി. യിലും, ആറ്റുപുറം മന്ദലാംകുന്ന് ബീച്ചിലും വെച്ച് നടത്തപ്പെടുകയുണ്ടായി. "Descision making skills: To build up the Church and Society' എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച ACTS 2021 എന്ന ഈ പ്രോഗ്രാമിൽ 30 അതിരൂപത വൈദികരും ഒരു കപ്പുച്ചിൻ വൈദികനും പങ്കെടുത്തു. വൈദികരുടെ വ്യക്തിത്വ വികസനത്തിനും കൂട്ടായ്മക്കും അജപാലന ശുശ്രൂഷകളുടെ ഫലപ്രാപ്തിക്കും സഹായിക്കുന്ന വിധത്തിലാണ് രണ്ടു ദിവസത്തെയും വിവിധ സെഷനുകൾ ക്രമീകരിച്ചിരുന്നത്. മിസ്റ്റർ ഡെന്നി ജോസഫ് നീലങ്കാവിൽ, ഫാ. റോയ് വടക്കൻ, ഫാ.ജോയ് പുത്തൂർ, ഫാ. ജോബ് വടക്കൻ, ഫാ. ടോബി ജോസഫ് എസ്.ജെ., മോൺ. ജോസ് വള്ളൂരാൻ, ഫാ. വർഗീസ് കൂത്തൂർ, Mr. ജോസഫ് കാങ്കപ്പാടൻ, ഫാ. സൈജോ തൈക്കാട്ടിൽ, ഫാ. അലക്സ് മരോട്ടിക്കൽ, ഫാ. സാജൻ പിണ്ടിയാൻ, ഫാ. ജെറിൻ അരിമ്പൂർ, ഫാ. ജിയോ ചെരടായി എന്നിവർ നേതൃത്വം നൽകി നൽകി. മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും കൂരിയാംഗങ്ങളും വിവിധ സമയങ്ങളിൽ പങ്കെടുത്തു.

**ഫാ. സൈജോ തൈക്കാട്ടിൽ**
കോർഡിനേറ്റർ

# ആദരാഞ്ജലികൾ



## റവ. ഫാ. ജോണി ആന്റണി പാറേക്കാട്ട്

ജനനം : 10.10.1952
തിരുപ്പട്ടം : 20.12.1981
മരണം : 13.03.2021

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.03.2021
April - 2021

# പാവന സ്മരണയിൽ



## മാർ ജോസഫ് കുണ്ടുകുളം

ജനനം : 16.09.1917 മരണം: 26.04.1998

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor